2011

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

M A L A N K A R A S A B H A

ഡിസംബർ

Rs. 15

www.malankarasabha.in






അമ്മയും കുഞ്ഞും
ആഘോഷമാകുന്ന
രാവിന്റെ
ഓർമ്മയ്ക്കായ്....

ഇന്ദ്രപ്രസ്ഥത്തിന്റെ ഇടയൻ
സഹന ഗോപുരം,
ഇടയ ഗീതകം




**അഭി. ഇയ്യോബ് മാർ പീലക്സീനോസ് തിരുമേനിക്ക്**

പ്രാർത്ഥനയുടെ പനിമലരുകൾ



പരിശുദ്ധ ഗീവർഗീസ്
ദ്വിതീയൻ ബാവായുടെ
48-ാം ഓർമ്മപ്പെരുന്നാൾ
കുറിച്ചി വലിയ പള്ളിയിൽ
മ്യൂസിയം
2012 ജനുവരി 1, 2 തീയതികളിൽ
കുറിച്ചി വലിയ പള്ളിയിൽ നിർമ്മിക്കുന്ന
പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ സ്മാരക പഠനകേന്ദ്രം

ലക്കം 12,
പുസ്തകം 68
ഡിസംബർ 2011



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

ദേവലോകം, കോട്ടയം -38. ഫോൺ: 0481 - 2573234
Fax : +91 481 2573234

## അകത്താളുകൾ

CONTENTS

Study **15** ടി.യു. കുരുവിള ....
- ഡോ. ഏബ്രഹാം മാർ സെറാഫിം

Guest **23** പുൽത്തൊഴുത്തിന്റെ...
*ജി. സുകുമാരൻ നായർ*

Nammilora **24** നസ്രാണി പെൺമ....
*O.P. ശോശാമ്മ I.A.S.*

**6** എഡിറ്റോറിയൽ
ആശങ്കകളോടെ മുല്ലപ്പെരിയാർ
- ഡോ. സഖറിയാസ് മാർ അപ്രേം

**5** മഹാപുരോഹിത സന്ദേശം

**28** Holy Birth
ഇവർ ചെയ്തത്....
- ഫാ. അലക്സ് പി. ജോർജ്

**30** Remember
തളരാത്ത മനസ്സും...
- ഫാ. ഡോ. റ്റി. ജെ. ജോഷ്വാ

**45** Remember
മാർ പീലക്സീനോസ്....
- ഫാ. റ്റി. ജെ. ജോൺസൺ

**22** Remember
ദിവ്യതേജസ്സ് തുളുമ്പിയ വ്യക്തിത്വം
- ഫാ. ജെയിംസ് മർക്കോസ്

**12** Health
പക്ഷാഘാതം (Stroke)
- ഡോ. ബൈജു രവീന്ദ്രൻ

**43** Remember
സാമൂഹ്യ ബന്ധത്തിൽ ഊന്നിയ ജീവിതം
- സാബു വർഗീസ്



### സ്ഥിരം പംക്തികൾ

ധ്യാനപംക്തി, വനിതാസഭ, ചുറ്റുവട്ടം, പദപ്രശ്നം, പിൻമൊഴി, സമ്യഗ് ദർശനം, വാർത്തകൾ, സൺഡേസ്ക്കൂൾ വാർത്തകൾ

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

മലങ്കരസഭ

*പ്രസിഡന്റ്*
സഖറിയ മാർ അന്തോനിയോസ്
Phone: 0474 - 2743535

*ചീഫ് എഡിറ്റർ*
ഡോ. സഖറിയ മാർ അപ്രേം
Phone: 0481- 2578500, 2578499

*മാനേജിംഗ് എഡിറ്റർ*
ഫാ. തോമസ് പി. മുകളിൽ
Mob:- 9447421948

*സബ് എഡിറ്റർ*
ഫാ.ഷാലു ലൂക്കോസ്,തിരുമംഗലം
Mob:- 9446707276

*ഓഫീസ് മാനേജർ*
ഫാ. അലക്സി മാത്യൂസ്
Mob:- 9946668911

*അംഗങ്ങൾ*
ഫാ. ഡോ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. ജേക്കബ് കുര്യൻ
ഫാ. കെ. റ്റി. ഫിലിപ്പ്, എറണാകുളം
ഡോ. ജോർജ്ജ് ജോസഫ്
(അസ്സോസിയേഷൻ സെക്രട്ടറി)
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ
പ്രൊഫ. മേരി കുര്യൻ
പ്രൊഫ. മേരി മാത്യു

EDITORIAL BOARD

*Graphic Designing:-*
Jinto Kurichy at
**Malankara Sabha, Devalokam.**

**വരിസംഖ്യ**

**ഇന്ത്യയിൽ**

| | | |
|---|---|---|
| ഒറ്റ പ്രതി | : | 15 രൂപ |
| ഒരു വർഷം | : | 150 രൂപ |
| 3 വർഷം | : | 450 രൂപ |

**വിദേശത്തേക്ക്**

| | | |
|---|---|---|
| ഒരു വർഷം | : | 2000 രൂപ |





## ലളിതം മധുരം

**സഖറിയാ മാർ അന്തോനിയോസ്**
(പ്രസിഡന്റ്, മലങ്കരസഭ)



# തിരസ്കൃതം

മഹാനായ ഒരു ഗുരുവും ശിഷ്യന്മാരും ആശ്രമത്തിൽ പാർത്തിരുന്ന കാലം.

അതുവഴി നടക്കാറുായിരുന്ന ഒരുകാട്ടാളൻ പല പ്പോഴും ആശ്രമത്തിനു നേരെ പിറുപിറുക്കാറുായിരുന്നു. എന്നാൽ ഒരു ദിവസം അയാൾ കഠിനമായി ശബ്ദമുയർത്തുകയും നിലവാരമില്ലാത്ത പദങ്ങൾകൊ് അട്ടഹസിക്കുകയും ചെയ്തു. ആശ്രമാന്തരീക്ഷത്തിന് ചേരാത്ത ഈ നടപടിയിൽ ആശ്രമവാസികളാകെ ആകുലരായി. ഈ മനുഷ്യനെ ഒരു പാഠം പഠിപ്പിക്കുക തന്നെ വേണം എന്നവർ നിശ്ചയിച്ചു.

പ്രധാന ശിഷ്യനും മറ്റു ശിഷ്യഗണങ്ങളും ഗുരുവിന്റെ മുറിയുടെ മുന്നിൽ മാർജ്ജാര പാദത്തോടെ വന്നു നിന്നു. ഈശ്വര ചിന്തയിൽ ആമഗ്നനായിരുന്ന ഗുരു മെല്ലെ തലയുയർത്തി.

'ങ്ഹും, എന്താ കുഞ്ഞുങ്ങളെ വന്നകാര്യം?'

'നമ്മുടെ പാതയോരത്തൂടെ കടന്നുപോകുന്ന ആ കാട്ടാളന്റെ അഹങ്കാരമിത്തിരി കൂടുന്നു്. ഇന്നുതന്നെ അയാൾ വിളിച്ച ആക്ഷേപം അങ്ങ് ശ്രദ്ധിച്ചില്ലേ. അയാളെ ഒരു പാഠം പഠിപ്പിക്കേണം ഗുരോ.' ശിഷ്യഗണങ്ങൾ വിനീതരായി പറഞ്ഞു.

അപ്പോൾ അതാണു കാര്യം. ഗുരു നിറഞ്ഞു പുഞ്ചിരിച്ചു. എന്നിട്ടവരോടു ചോദിച്ചു.

കുഞ്ഞുങ്ങളെ ആരെങ്കിലും നമുക്കൊരു വൈഡൂര്യമാല സമ്മാനമായി സമർപ്പിച്ചിട്ട് കടന്നു പോയാൽ. നാം അത് എടുത്തില്ലെങ്കിൽ എന്ത് സംഭവിക്കും?

ശിഷ്യന്മാർ മറുപടി പറഞ്ഞില്ല.

ഗുരു തുടർന്നു. സമ്മാനം നൽകിയ ആൾ അത് ശ്രദ്ധിച്ച് നോക്കി നാം അത് എടുത്തില്ലെങ്കിൽ തിരികെ എടുത്തുകൊ് പോകില്ലേ.

ഗുരു അൽപം കൂടി ഗൗരവത്തിലായി. അതുപോലെയാണ് വാക്കുകളും. നൽകുന്നവ സ്വീകരിക്കപ്പെട്ടില്ലെങ്കിൽ അത് അയാളിലേക്കു തന്നെ തിരികെപോകുമെന്നുള്ളതാണ് പ്രമാണം.

ഇനിയെല്ലാരും മനസ്സിന്റെ ഭാരം ഇറക്കി പോയി കിടന്നോളൂ.. ഗുരു വീും ഗൗരവത്തിലായി.

■

# മഹാപുരോഹിത സന്ദേശം



സ്രഷ്ടാവിന് സൃഷ്ടിയോടുള്ള നിത്യമായ സ്നേഹത്തിന്റെയും കരുതലിന്റെയും ദിവ്യസന്ദേശവുമായി ഒരു യൽദോ പെരുന്നാൾ കൂടി സമാഗതമാകുകയാണ്. ദൈവത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവപുത്രനിൽകൂടി കരഗതമായ നിത്യജീവൻ എന്ന അമൂല്യദാനത്തെ ആവോളം സ്വജീവിതങ്ങളിലേക്ക് ആർജ്ജിക്കുവാൻ വിശ്വാസികളുടെ സമൂഹമായ പ. സഭാ മക്കൾക്ക് ഈ ദിനങ്ങളിൽ സാധിക്കണം. ക്രിസ്തുമസ്; ദൈവീക പദ്ധതികളെക്കുറിച്ചുള്ള ദിവ്യസന്ദേശങ്ങളെ സംവേദനം ചെയ്യുന്ന ദർശനങ്ങളെക്കുറിച്ചുള്ള അറിവിന്റെ മുഹൂർത്തം കൂടിയാണ്. ലോകരക്ഷകന്റെ തിരുജനനത്തെക്കുറിച്ചുള്ള സ്വർഗ്ഗീയ നടപടികളെ സംബന്ധിച്ച് പ. കന്യകമറിയാമിനും സഖറിയാവിനും യൗസേഫിനും ഉണ്ടായ ദൈവിക ദർശനങ്ങളും ക്രിസ്തുജനനത്തിങ്കൽ ഇടയന്മാർക്കുണ്ടായ വെളിപാടുകളും അവയോടുള്ള അവരുടെ പരിപൂർണ്ണ സമർപ്പണത്തോടുകൂടിയ പ്രതികരണങ്ങളും ആധുനിക ലോകത്തിന് മാതൃകയാകേണ്ടതാണ്. നമ്മെക്കുറിച്ചുള്ള ദൈവീക പദ്ധതികളെ വെളിപ്പെടുത്തുന്ന ദിവ്യദർശനങ്ങൾക്കായി നമുക്കും കാത്തിരുന്ന് പ്രാർത്ഥിക്കാം.

അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം കൊടുക്കുന്ന ഭൂമിയിലെ ദൈവപ്രസാദമുള്ള മനുഷ്യർക്ക് മാത്രമാണ് സമാധാനം എന്ന മാലാഖമാരുടെ ഗീതം, സ്വാർത്ഥ ലക്ഷ്യങ്ങൾക്കുവേണ്ടി മറ്റുള്ളവരെ പ്രസാദിപ്പിക്കുവാൻ പരക്കം പാഞ്ഞ് നിരാശയുടെ പടുകുഴിയിൽ വീണുപോകുന്ന ആധുനിക ലോകത്തിന് ഒരു സ്വയപരിശോധനയ്ക്ക് അവസരം നൽകുകയാണ്. പുൽക്കൂട്ടിൽ വെളിപ്പെടുന്ന കവിഞ്ഞൊഴുകുന്ന ദൈവസ്നേഹത്തിന്റെയും താഴ്മയുടെയും പൂർത്തീകരണമാണ് കാൽവറിയിലെ മരക്കുരിശിൽ നാം ദർശിക്കുന്നത്. കാൽവറിയും പുൽക്കൂടും പരസ്പര പൂരകമാണെന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. സാധാരണ കാഴ്ചകൾക്കപ്പുറം നാം കാണാതെ പോകുന്ന കാഴ്ചകളേയും, കേൾക്കുന്ന ശബ്ദങ്ങൾക്കപ്പുറം നാം കേൾക്കാതെ പോകുന്ന സ്വരങ്ങളെയും കുറിച്ചുള്ള ഒരു അന്വേഷണം ക്രിസ്തുമസ് നമ്മോട് ആവശ്യപ്പെടുന്നു. നാം കാണുന്ന നക്ഷത്രം കേവലം ഒരു നക്ഷത്രം എന്നതിലുപരി ദൈവസാന്നിദ്ധ്യമുള്ള ഇടങ്ങളിലേക്ക് നമ്മെ നയിക്കുന്ന പ്രകാശമാണെന്ന വിശ്വാസവും തിരിച്ചറിവുമാണ് പ്രധാനം. ദൈവപുത്രന്റെ ജനനത്തിങ്കൽ രക്തസാക്ഷികളായിത്തീർന്ന പൈതങ്ങളുടെയും മക്കളെ നഷ്ടപ്പെട്ടുകരഞ്ഞ അമ്മമാരുടെയും നിലവിളി ശബ്ദം അന്നെന്നപോലെ ഇന്നും നമ്മുടെ ആഘോഷങ്ങൾക്കിടയിൽ നാം കേൾക്കാതെ പോകുന്നില്ലേ. ആരാധനയിലെന്നപോലെതന്നെ നമ്മുടെ ചുറ്റുമുള്ള ദരിദ്രന്റെയും പീഢിതന്റെയും അനാഥന്റെയും നിരാലംബരുടെയും യാചനാശബ്ദങ്ങൾക്ക് മുമ്പിൽ വിശ്വാസികളുടെ സമൂഹത്തിന്റെ ഹൃദയവും മനസ്സും തുറക്കപ്പെടുമെങ്കിൽ അവിടെ ഒരു ക്രിസ്തു പിറവിയെടുക്കുമെന്ന് നാം ഉറച്ചുവിശ്വസിക്കുന്നു.


മരണഭയത്തോടെ കഴിയേണ്ടിവരുന്ന നാൽപതുലക്ഷത്തിലധികം ജനങ്ങളുടെ ആശങ്കകൾക്ക് അറുതിവരുത്തുവാൻ തക്കവണ്ണം മുല്ലപ്പെരിയാർ അണക്കെട്ട് പുനർനിർമ്മിക്കുവാനുള്ള സാഹചര്യം ഉണ്ടാകുവാൻ തക്കവണ്ണം എല്ലാ ഭരണാധികാരികളുടെയും ഹൃദയത്തിൽ ദൈവാത്മാവ് പ്രവർത്തിക്കുവാൻ ഈ നോമ്പിൽ നാം മുട്ടിപ്പായി പ്രാർത്ഥിക്കണം. ഡിസംബർ 1 ലോക എയ്ഡ്സ് ദിനമായി ആചരിക്കുന്ന വേളയിൽ എയ്ഡ്സ് എന്ന മാരകമായ വിപത്ത് മൂലം കഷ്ടപ്പെടുന്ന ലക്ഷക്കണക്കിന് മനുഷ്യരെ ഓർക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും നമുക്ക് കടപ്പാടുണ്ട്. കർണ്ണാടകത്തിലെ തുംകൂർ കുനിഗലിൽ മലങ്കര സഭ ആരംഭിച്ചിരിക്കുന്ന എയ്ഡ്സ് രോഗികളുടെ പുനരധിവാസ പദ്ധതിക്കുവേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കുവാനും അവിടം സന്ദർശിക്കുവാനും കഴിയുന്ന സഹായങ്ങൾ നൽകി ദൈവരാജ്യ വ്യാപന ശുശ്രൂഷയിൽ പങ്കുകാരാകുവാനും ഈ അവസരത്തിൽ നാം ഏവരേയും ആഹ്വാനം ചെയ്യുന്നു. എല്ലാവർക്കും അനുഗ്രഹങ്ങൾ നിറഞ്ഞ ക്രിസ്തുമസും നന്മകൾ നിറഞ്ഞ പുതുവത്സരവും ആശംസിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ

**ബസ്സേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ**

# ആശങ്കകളോടെ മുല്ലപ്പെരിയാർ

'ഡെമോക്ലിസിന്റെ വാൾപോലെ' കേരളജനതയുടെ ഉറക്കം കെടുത്തുന്ന പേടിസ്വപ്നമായി മാറിയിരിക്കുന്നു മുല്ലപ്പെരിയാർ. ശ്രവണസുഖമുള്ള ഈ നാമപദം ഗ്രഹാതുരത്വത്തിന്റെ ശാലീനതയിൽ നിന്നകന്ന് ഭയാനകമായ ഒരു പ്രതീകം പോലെ രൂപമാറ്റത്തിന് വിധേയമായിരിക്കുന്നു. ഭൂമിശാസ്ത്രമപരമായി കേരളത്തിനു മാത്രം അവകാശപ്പെട്ടതെങ്കിലും അയൽ സംസ്ഥാനമായ തമിഴ്നാടിന്റെ പ്രധാന കുടിവെള്ള സ്രോതസ്സായും കേരളത്തിന്റെ വൈദ്യുതി ഉൽപാദനത്തിന്റെ പ്രധാന കേന്ദ്രമായും നിലനിന്നുവരുന്ന മുല്ലപ്പെരിയാർ അണക്കെട്ടിന് എന്തെങ്കിലും സംഭവിച്ചാൽ കേരളം ഇരുട്ടിൽ തപ്പിത്തടയുക മാത്രമല്ല, കണ്ണീർക്കടലിൽ മുങ്ങിത്താഴുകയും ചെയ്യുമെന്നത് ഒരു നഗ്ന സത്യമാണ്.



മുല്ലപ്പെരിയാറിൽ മുറവിളി ഉയരുവാൻ തുടങ്ങിയിട്ട് കാലമേറെയായി. അണക്കെട്ടിന്റെ സുരക്ഷ ആശങ്ക ജനിപ്പിക്കുന്നുവെന്ന് വാർത്താമാദ്ധ്യമങ്ങളും പരിസരവാസികളും ഏറെക്കാലമായി ഉറക്കെപ്പറയുന്നു. ജനശ്രദ്ധ ആകർഷിച്ചിരുന്നുവെങ്കിലും കാര്യമായ നിലയിൽ കേന്ദ്ര ഇടപെടലിനായി സമ്മർദ്ദം ചെലുത്തുവാൻ കേരളത്തിലെ രാഷ്ട്രീയ പാർട്ടികൾക്കോ സംസ്ഥാനം ഭരിക്കുവാൻ അവസരം മാറി മാറി ലഭിച്ചുവന്നിരുന്ന സർക്കാരുകൾക്കോ കഴിയാതെപോയി.


ഭൂപ്രകൃതിയിൽ അടിക്കടിയുണ്ടായ മാറ്റങ്ങളും, ഭൂചലനങ്ങൾ സൃഷ്ടിച്ച പ്രതിസന്ധികളും മുല്ലപ്പെരിയാറിനെ അപകടകരമായ അവസ്ഥയിലേക്ക് കൊണ്ടുപോകുന്നുവെന്ന യാഥാർത്ഥ്യം പൊതു ജനത്തിന്റെ സ്വൈര്യം കെടുത്തുന്നുവെന്ന് തിരിച്ചറിയുവാനും അംഗീകരിക്കുവാനും ഏറെ കാലതാമസം നേരിട്ടു. മാറിമാറിവന്ന സർക്കാരുകളുടെ നിലപാടുകളിലെ പാളിച്ചകളും മറ്റും ഇതിനു കാരണമായെന്നതും സത്യം. സർക്കാർ നിഷ്ക്രിയരായിരുന്നവെന്ന് ഇതിനർത്ഥമില്ല. മുല്ലപ്പെരിയാർ പ്രശ്നം ഒരു ദേശീയ പ്രശ്നമായി, ജനശ്രദ്ധ ആർജ്ജിക്കുന്നതിന് കാലവിളംബം നേരിട്ടുവെന്നതു സത്യമായിരിക്കുന്നു.

മറ്റൊരു പ്രധാന പ്രശ്നം, സംസ്ഥാനങ്ങൾ തമ്മിലുണ്ടാകുന്ന തർക്കങ്ങളും വ്യവഹാരങ്ങളും കാര്യക്ഷമമായും, സമയബന്ധിതമായും പരിഹരിക്കുന്നതിന് കേന്ദ്രസർക്കാരിന് സാധിക്കാതെ പോകുന്നു എന്നതാണ്. മുന്നണി സംവിധാന ഭരണക്രമത്തിൽ, ഭരണം നിലനിർത്തുവാൻ അനുവർത്തിക്കുന്ന പല ശൈലികളും അപകടകരമായ പ്രതിസന്ധികളിലേക്ക് രാഷ്ട്രത്തെ വലിച്ചിഴക്കുന്നു എന്നത് ദൈനംദിന സംഭവമായി മാറിക്കൊണ്ടിരിക്കുന്നു.



# Editorial

ജനാധിപത്യ വ്യവസ്ഥിതിയിൽ ഊറ്റം കൊള്ളുമ്പോൾ തന്നെ ഇത്തരം പ്രതിസന്ധികളെ ഫലപ്രദമായി തരണം ചെയ്യുവാൻ കേന്ദ്രസർക്കാരിന് സാധിക്കുന്നവിധം അധികാരം വ്യവസ്ഥ ചെയ്യണം. അതായത് മുന്നണി സംവിധാനത്തിൽ ഘടകകക്ഷികളുടെ വിലപേശലുകളെ അതിജീവിക്കുവാൻ കഴിയുന്ന ക്രമീകരണം ഭരണഘടനപരമായി ഉണ്ടാകണം എന്നർത്ഥം. നമ്മുടെ രാഷ്ട്രംപോലെ ബഹുസ്വരങ്ങളും ബഹുലതകളും ഏറെയുള്ള പശ്ചാത്തലത്തിൽ ദേശീയ ബോധത്തിനും അലസതയ്ക്കും സമഗ്രതയ്ക്കും പ്രഥമ പരിഗണന നൽകിക്കൊണ്ടും മാത്രമേ പ്രാദേശികാവശ്യങ്ങളും വികാരങ്ങളും കൈകാര്യം ചെയ്യപ്പെടാവൂ. ഘടകകക്ഷികളെ പ്രീണിപ്പിച്ച് ഭരണം നിലനിർത്തുവാൻ ശ്രമിക്കുമ്പോഴും ഏതുവിധത്തിലും ലഭിച്ച അധികാരം നഷ്ടമാകരുത് എന്നു ചിന്തിച്ച് പ്രവർത്തിക്കുമ്പോഴും ബലികഴിക്കപ്പെടേണ്ടിവരുന്നതു ജനാധിപത്യ പ്രക്രിയയിലും സർക്കാരിലുമുള്ള ജനത്തിന്റെ വിശ്വാസമാണ്.



മുല്ലപ്പരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതു സംബന്ധിച്ച് തമിഴ്നാടിനുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിന് മാറിമാറി വന്ന കേരള സർക്കാരുകൾക്ക് കഴിയാതെ പോയത് എന്തുകൊണ്ട് എന്ന ചോദ്യം വീണ്ടും അവശേഷിക്കുന്നു. തിരുവിതാംകൂർ രാജാവായിരുന്ന വിശാഖം തിരുന്നാൾ തന്റെ ഹൃദയരക്തം കൊണ്ട് ഒപ്പുവച്ചു എന്നുപറയപ്പെട്ടിരിക്കുന്ന മുല്ലപ്പെരിയാർ അണക്കെട്ട് സംബന്ധിച്ച വ്യവസ്ഥകളും, പിന്നീട് കേരളത്തിന്റെ മഹാനായ മുഖ്യമന്ത്രി സി. അച്യുതമേനോൻ നടത്തിയ ഇടപെടലുകളും പിൽക്കാലത്ത് കാര്യമായ വിശകലനങ്ങൾക്ക് വിധേയമാകാതെ പോയി. ഇരുസംസ്ഥാനങ്ങൾക്കും സ്വീകാര്യമായ പുതിയ വ്യവസ്ഥകൾ രൂപീകരിക്കുവാൻ അതുമൂലം കഴിയാതെയും പോയി. അന്തർസംസ്ഥാന നയതന്ത്ര പ്രക്രിയ കാര്യക്ഷമമാക്കുന്നതിനുള്ള സ്ഥിരസംവിധാനങ്ങൾ സംസ്ഥാന സർക്കാരുകൾക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു. ഭാരതംപോലെ വൈവിധ്യമാർന്ന ഭൂപ്രകൃതിയും, വിഭവങ്ങളും നിലവിലുള്ള ഒരു രാജ്യത്ത് വിഭവങ്ങളുടെ സംരക്ഷണത്തിലും, പങ്കുവയ്ക്കലിലും തർക്കങ്ങൾ ഉടലെടുക്കുക സ്വാഭാവികമാണ്. സമയബന്ധിതമായി ഇത്തരം തർക്കങ്ങൾ മാത്രം പഠിച്ച് പരിഹരിക്കുന്നതിനുള്ള ഭരണഘടനാപരമായ സ്ഥാപനങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു.

എന്തായിരുന്നാലും, മുല്ലപ്പെരിയാർ പ്രതിസന്ധിയിൽ കേരള ജനത കക്ഷി രാഷ്ട്രീയ ഭേദമെന്യേ ഏകമനസ്സോടെ നിലപാടു സ്വീകരിച്ചിരിക്കുന്നതിൽ അൽപം ആശ്വസിക്കാം. പുതിയ അണക്കെട്ട് നിർമ്മാണത്തിനാവശ്യമായ ഉത്തരവുകൾ ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്ന് ഉണ്ടാകും എന്ന പ്രതീക്ഷ നിലനിർത്താം. സംസ്ഥാനം നേരിടുന്ന ഗുരുതരമായ ഈ പ്രതിസന്ധിയിൽ 'മലങ്കര സഭയും' പങ്കുചേരുന്നു.

**ഡോ. സഖറിയാസ് അപ്രേം മെത്രാപ്പോലീത്താ**

# ഡൽഹി ഭദ്രാസനാധിപൻ
# ഇയ്യോബ് മാർ പീലക്സീനോസ് കാലം ചെയ്തു






എവിടെയോ ഒരു മധുരനാദം...
"നിർമ്മലരിൽ കനിയും...
നിർമ്മലനാം ദേവാ..."
അതേ, അഭിവന്ദ്യ തിരുമേനി ആലപിച്ചത്
കോളർ ട്യൂണിലും, കോൾ അലേർട്ടായും...
മരിക്കാത്ത നാദം..!!
ഇനി..!!
ഇനി കിഴക്കൻ മലകളിൽ നിന്നും
താബോർ വഴി ഒഴുകുന്ന
കാറ്റിനൊരു ഈണമുാകും..,
പാട്ടിനെ പ്രണയിച്ച
ഇയ്യോബ് മാർ പീലക്സീനോസിന്റെ
ഹൃദയരാഗം.

## നിലച്ചത് മലങ്കരയുടെ വേണുനാദം

പത്തനാപുരം താബോർ ദയറായ്ക്ക് സ്വന്തമായൊരീണമുു്. അത് സ്ഥാപക പിതാവായ തോമ്മാ മാർ ദീവന്നാസ്യോസിൽ നിന്നും തുടങ്ങുന്ന രാഗചരിത്രമാണ്. മലങ്കര സഭയുടെ വലിയ ബാവായായ പരി. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമന്റെ ബലിയർപ്പണത്തിൽ ഇഴുകിച്ചേർന്നു നിൽക്കാത്ത ആരാണുാകാത്തത്..! ഡോ. യാക്കോബ് മാർ ഐറേനിയോസ്, ഡോ. ജോസഫ് മാർ ദീവന്നാസിയോസ്..; പിന്നെ എണ്ണമറ്റ വൈദികർ.. ദയറായിൽ നിന്നു തുടങ്ങിയ ഈ ഈണമാണ് മാർ പീലക്സിനോസ് തിരുമേനിയിലും അലിഞ്ഞു ചേർന്നിരുന്നത്.

നാദം പുറപ്പെടുവിക്കുമ്പോൾ ശബ്ദ സംവിധാനങ്ങളെ തല്ലിത്തകർക്കുന്ന മട്ടിലുള്ള ആധുനിക സംഗീതഭാവമായിരുന്നില്ല അഭി. തിരുമേനിയുടേത്. ഏകനായ് മരക്കൊമ്പിൽ ചാഞ്ഞിരുന്ന് പാടുന്ന ഒരു ചക്രവാകപ്പക്ഷിയുടെ മധുര കീർത്തനം... ആരവങ്ങളില്ലാതെ ഹൃദയഭിത്തികളെ തഴുകിയിറങ്ങുന്ന മോഹന സുന്ദര സംഗീതം..





# സാങ്കേതികതയ്ക്ക് ഫുൾമാർക്ക്

ആധുനിക വിവരസാങ്കേതികവിദ്യയ്ക്ക് മുഴുവൻ മാർക്ക് കൊടുത്തുകൊട് അതിന്റെ പ്രയോജനങ്ങൾ സഭയ്ക്കും, സമൂഹത്തിനും ഉാകണമെന്ന് ആഗ്രഹിച്ച ക്രാന്തദർശിയായിരുന്നു അഭി. തിരുമേനി. ശയ്യാവലംബി ആയിരുന്നപ്പോഴും കൈവിരലുകൾ ലാപ് ടോപ്പിലൂടെ ഓടിയിരുന്നു എന്നുള്ളത് അതിന്റെ ദൃഷ്ടാന്തമാണ്. ഒരു ഹൈ-ടെക് പരിവേഷത്തിനുള്ള ശ്രമമായിരുന്നില്ല അത്. സാങ്കേതികവിദ്യ മനുഷ്യനന്മയ്ക്ക് എന്ന വികസന മന്ത്രത്തിന്റെ വക്താവായിട്ടായിരുന്നു. ലോകമെമ്പാടുമുള്ള ലക്ഷക്കണക്കിന് വിശ്വാസികളുമായി സംവദിക്കുന്നതിനും അവരുമായി ഒരു നല്ല ബന്ധം പുലർത്തുന്നതിനും അവരുടെ വിശ്വാസപരമായ അജ്ഞതകളും സംശയങ്ങളും ദൂരീകരിക്കുന്നതിനും ഉള്ള ഒരു ഫലപ്രദമായ ഉപാധിയായി അദ്ദേഹം ഇന്റർനെറ്റിനെ വിനിയോഗിച്ചു.



# ജീവിതരേഖകൾ

- ജനനം : 1939 മെയ് 8.
- മാതാപിതാക്കൾ : കെ.സി.തോമസിന്റെയും, അച്ചാമ്മയുടെയും 6 മക്കളിൽ ഇളയവൻ.
- കുടുംബം : തിരുവല്ല, മേപ്രായിൽ, കണിയാന്ത്ര കുടുംബം.
- പാരമ്പര്യം : കുടുംബത്തിലെ 16-ാമത്തെ പുരോഹിതൻ ആദ്യത്തെ മഹാപുരോഹിതൻ, ഭാഗ്യസ്മരണാർഹനായ പരിശുദ്ധ ഗീവർഗ്ഗീസ് ദ്വിതീയൻ ബാവയുടെ സഹോദരപുത്രിയുടെ മകൻ.
- ഇടവക : മേപ്രാൽ, സെന്റ്.ജോൺസ് ഓർത്തഡോക്സ് ചർച്ച്.
- പ്രാഥമിക വിദ്യാഭ്യാസം : സെന്റ്.ജോൺസ് സ്കൂൾ, മേപ്രാൽ. പി.എം.വി. സ്കൂൾ, പെരിങ്ങര.

  16-ാം വയസ്സിൽ (1955) തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ ശിഷ്യനായി പത്തനാപുരം മൗണ്ട് താബോർ ദയറായിലേക്ക്.
- 1956, മെയ് 26 ന് ഗീവർഗ്ഗീസ് ദ്വിതീയൻ ബാവയാൽ ശെമ്മാശ്ശൻ എന്ന പദവിയിലേക്ക്.
- 1962 ൽ പരുമലയിൽ വെച്ച് പൂർണ്ണ ശെമ്മാശ്ശൻ.
- 1972, മെയ് 11 ന് വൈദിക പട്ടം.
- തുടർവിദ്യാഭ്യാസം : സെന്റ്. ജോസഫ് കോളേജ്, ട്രിച്ചി.
- ഇംഗ്ലീഷ് ലിറ്ററേച്ചിൽ മാസ്റ്റർ ബിരുദത്തിനുശേഷം, തിരികെയെത്തി, 1969-ൽ പത്തനാപുരം സെന്റ്. സ്റ്റീഫൻസ് കോളേജിൽ ലക്ചററായി അദ്ധ്യാപനജീവിതം ആരംഭിക്കുന്നു.
- തുടർന്ന് ഇംഗ്ലീഷ് വിഭാഗം മേധാവി, വൈസ് പ്രിൻസിപ്പാൾ എന്നീ പദവികളിലേക്ക്.
- 1974-ൽ മേപ്രാൽ സെന്റ്.ജോൺസ് പള്ളിയുടെ വികാരിയായി നിയമിതനാകുന്നു.
- 1989-ൽ മലങ്കര അസ്സോസിയേഷനിൽ, മേൽപ്പട്ട സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെടുന്നു.
- 1990, മാർച്ച് 31 ന് പരുമലയിൽ വെച്ച് റമ്പാൻ സ്ഥാനത്തേക്ക്.
- 1991, ഏപ്രിൽ 30 ന് പരുമലയിൽ വച്ച് മെത്രാപ്പോലീത്തയായി വാഴിക്കപ്പെടുന്നു. ഡൽഹി ഭദ്രാസനത്തിൽ സഹായ മെത്രാപ്പോലീത്താ ചുമതലയിലേക്ക്.
- 1993- ൽ വൃക്കകളുടെ പ്രവർത്തനം തകരാറിലായതു കാരണം, വൃക്ക മാറ്റി വെയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയനാകുന്നു.
- 1996,നവംബർ 24 ന് ഭദ്രാസനാധിപൻ H.G. ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ദേഹവിയോഗാനന്തരം ഭദ്രാസനത്തിന്റെ പൂർണ്ണ ചുമലതക്കാരനാകുന്നു.
- 2002 ആഗസ്റ്റ് 27ന് H.H. മാത്യൂസ് ദ്വിതീയൻ ബാവയാൽ കോട്ടയം ദേവലോകം അരമനയിൽ വെച്ച് ഡൽഹി ഭദ്രാസനാധിപനായി നിയമിതനാകുന്നു.
- 2002 ഡിസംബർ 29 ന് ഡൽഹി, സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വെച്ച് സുന്ത്രോണീസോ (സ്ഥാനാരോഹണം) നടത്തപ്പെടുന്നു,
- 2011 നവംബർ 20 ന് രാവിലെ 7 മണിയ്ക്ക് കോലഞ്ചേരി ആശുപത്രിയിൽ വെച്ച് കാലം ചെയ്തു.
- നവംബർ 22 ന് പത്തനാപുരം മൗണ്ട് താബോർ ദയറാ ചാപ്പലിൽ കബറടക്കം







# TRIBUTE TO H.G. JOB MAR PHILOXENOS

His Grace was the second Bishop of the Delhi Diocese ever since it was formed in 1975. In 1993, because of kidney failure, he had to undergo kidney transplantation. Despite his inclement health, on account of the operation, he performed his duties as Bishop of Delhi in an efficient and able manner. Blessed with a melodious voice, his renditions of Orthodox worship songs recorded in CDs and cassettes have been popularly received.

His tenure as Metropolitan of Delhi Diocese witnessed a meteoric rise in the growth of the Church in Northern India. The Church established many schools and hospitals during this time and five churches were opened in the National Capital and its vicinity.



His most significant contribution was to make the memory of his predecessor H.G Paulos Mar Gregorios immortal by organizing the Paulos Mar Gregorios Memorial Award. The recipients of the award have been eminent national and international personalities including His Holiness Dalai Lama, Social Activist Baba Amte, Father of White revolution V Kurien, Arya Vaidya Shala Kottakal founder PK Warrier, and statesman Karan Singh.

Thirumeni gave lead and mentorship to the Shantigram Social Service Project in District Mandavar, Haryana where the Church has established a school and medical clinic. Recently, under his guidance a self-help group for the womenfolk of Mandavar village was inaugurated by Delhi Chief Minister Sheila Dikshit at a grand function organized at Thyagraja Stadium early this year.

Giving wings to the dream of Late H.G. Paulos Mar Gregorios, he started construction of a Retreat Centre at Aravalli Hills in District Sohna, Haryana, which now is popularly known as Shanti Giri Ashram. The first medical mission of the Orthodox Church in the heart of the Capital was established at Aaya Nagar on April 2, 2001 under Thirumeni's leadership.

Thirumeni was a revolutionary in many aspects and this was evident from several decisions he took during his tenure. His vision to cater to the needs of the outside Kerala youngsters and families led him to give shape to the Indian Orthodox Diaspora Movement, which later emerged as a full-fledged spiritual organization, besides the Sunday School, MGOCSM, Martha Mariam Samajam, AMOSS and Orthodox Christian Youth Movement.

History was again created when Thirumeni brought women in the Church to the forefront giving approval for inducting young women of the Church into the Youth League. To encourage their participation in Sunday worship, Thirumeni issued an order allowing girls to read the Old Testament reading before the start of Qurbana.

Thirumeni was ahead of his times in every sense. He was instrumental in opening the Internet as a means to connect to millions of Orthodox believers across the world in an attempt to clear their doubts on issues of faith, Under his cheerful spirit and joyful face he always hid the pain and sorrow of his illness. Even in testing times, he conveyed his views on raging social and moral issues such as homosexuality, attack on Christians and need for world peace.

*-Courtesy* ■

തുയിലുണർത്ത്

# Way of The Ascetics

**(The ancient Tradition of discipline and Inner Growth)**

–സഖേർ

## 1. ദൃഢനിശ്ചയവും സുസ്ഥിര ലക്ഷ്യവും

ആത്മരക്ഷയും നിത്യജീവനും നീ കാംക്ഷിക്കുന്നുവെങ്കിൽ ആലസ്യത്തിൽ നിന്നെണീറ്റ് കുരിശ് വരച്ച് ചൊല്ലുക:

"പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും

തിരുനാമത്തിൽത്തന്നെ. ആമേൻ."

വിശ്വാസം കേവലം മനോരഥങ്ങളല്ല; മറിച്ച് പ്രവൃത്തിയിലൂടെ ഉളവാകുന്നതാണ്. ദൈവമെന്തെന്നറിയുക വാക്കുകളിലും അനുമാനങ്ങളിലുമല്ല; അനുഭവത്തിലൂടെയാണ്. ജനാല തുറന്നാലാണ് ശുദ്ധവായു ഉള്ളിൽ പ്രവേശിക്കുക. ഇളം വെയിൽ കൊള്ളാൻ പുറത്തേക്ക് ഇറങ്ങണം. വിശ്വാസം ആർജ്ജിക്കുന്നതും വ്യത്യസ്തമല്ല, സുരക്ഷിതസ്ഥലികളിലെ കുത്തിയിരുപ്പുകൾ നമ്മെ ലക്ഷ്യത്തിൽ എത്തിക്കില്ല എന്ന് പിതാക്കന്മാർ പറയുന്നു. ധൂർത്തപുത്രനാണ് നമ്മുടെ മാതൃക. "അവൻ എഴുന്നേറ്റ് അപ്പന്റെ അടുക്കൽ പോയി." (വി. ലൂക്കോ. 15:20)

ഭൗമിക വിലങ്ങുകളിൽ അകപ്പെട്ട് ഞരങ്ങുന്നുങ്കെിലും നിങ്ങൾ തീർത്തും വൈകിയിട്ടില്ല. ദേശാടനം ആരംഭിക്കുമ്പോൾ അബ്രഹാമിന് എഴുപത്തിയഞ്ച് വയസ്സ് പ്രായമായിരുന്നുവെന്നും പതിനൊന്നാം മണി നേരം വേലയ്ക്ക് വന്നവന് ആദ്യമെത്തിയവന്റെ കൂലി ലഭിച്ചുവെന്നും എഴുതപ്പെട്ടിരിക്കുന്നത് അകാരണമായിട്ടല്ല.

കാട്ടുതീ പെട്ടന്ന് അണയ്ക്കാനാവില്ല. ആത്മാവ് നശിക്കുന്നതും എരിയുന്നതും നീ കാണുന്നില്ലേ? ആത്മാവിന്റെ ശത്രുക്കൾക്കെതിരെ അദൃശ്യപോരാട്ടം നടത്തുന്നതിനുള്ള ജ്ഞാനം മാമോദീസയിൽ നീ സ്വീകരിച്ചതാണ്. ഇപ്പോൾ അതിനെ നിവർത്തിക്കുക. നേരം പോക്കുകൾ മതിയാക്കുക. അലസതയിലും ഉദാസീനതയിലും മുഴുകി അമൂല്യമായ സമയം നീ വ്യഥാവ്യയം ചെയ്തു. ആയതിനാൽ ആദിമുതൽ ആരംഭിക്കണം. മാമോദീസയിൽ പ്രാപിച്ച വിശുദ്ധത ദാരുണനിലയിൽ നീ മലിനതപ്പെടുത്തിയിരിക്കുന്നു.

താമസംവിനാ എഴുന്നേല്ക്കുക. ഈ രാത്രി വരേയ്ക്കെന്നും നാളത്തേയ്ക്കും ലക്ഷ്യം നീട്ടിവയ്ക്കരുത്. ഇടവേള നല്കുന്നത് വിനാശകരമാണ്.

ഈ നിമിഷം, നിന്റെ തീരുമാനം നടപ്പിലാക്കുന്ന ക്ഷണത്തിൽ, പഴയതിനെ വിട്ട് ഒരു നവലക്ഷ്യത്തോടും പുതുശൈലിയോടുംകൂടെ പുത്തൻജീവിതം സമാരംഭിക്കുന്നത് നീ കാണും. നിന്റെ പ്രവൃത്തികൾ അത് വെളിപ്പെടുത്തും. അതിനാൽ നിർഭയം എഴുന്നേറ്റ് പറയുക, "ദൈവമേ, ഈ നിമിഷം ആരംഭിക്കുവാൻ എന്നെ അനുവദിക്കണമെ. എന്നെ സഹായിക്കണമെ." കാരണം ഇതരസംഗതികളിലെല്ലാം ഉപരിയായി നിനക്കാവശ്യം ദൈവകരുണയാണ്.

നിന്റെ ലക്ഷ്യം മുറുകെ പിടിക്കുക. പിന്നോക്കം നോക്കരുത് പുറകിലേക്ക് നോക്കി ഉപ്പുതൂണായ ലോത്തിന്റെ ഭാര്യയുടെ ദൃഷ്ടാന്തം നല്കപ്പെട്ടിട്ടു്. (ഉല്പത്തി 19:26) പഴയ മനുഷ്യനെ ഉരിഞ്ഞു കളയുക. അബ്രഹാമിനെപ്പോലെ ദൈവശബ്ദം ശ്രവിക്കുക, "നീ നിന്റെ ദേശത്തെയും ചാർച്ചക്കാരെയും പിതൃഭവനത്തെയും വിട്ടു പുറപ്പെട്ട് ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേയ്ക്ക് പോകുക." (ഉല്പത്തി 12:1) ഇനിമേൽ നിന്റെ സകല ശ്രദ്ധയും വാഗ്ദത്ത ദേശത്തിന്മേൽ ആയിരിക്കേണം. ■

## പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ



പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവാ (83–ാം ഓർമ്മ, ഡിസം. 17, വള്ളിക്കാട്ട് ദയറായിൽ)



പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ (48–ാം ഓർമ്മ, ജനു.–3 ദേവലോകം അരമനയിൽ)



ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്ത (18–ാം ഓർമ്മ, ഡിസം. – 13) ബേസിൽ ദയറാ, പത്തനംതിട്ട)



യാക്കോബ് മാർ പോളിക്കർപ്പോസ് മെത്രാപ്പോലീത്ത (25–ാം ഓർമ്മ, ഡിസം. – 6) കൊരട്ടി സെമിനാരി)

Health

ഡോ : ബൈജു രവീന്ദ്രൻ
(Lifecare Hospital Eranakulam)

# പക്ഷാഘാതം (Stroke)



തലച്ചോറിലെ കോശങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് ഓക്സിജനും ഗ്ലൂക്കോസും കൃത്യമായ അളവിൽ ലഭിക്കേണ്ടതുണ്ട്. രക്തസംക്രമണം കൃത്യമായ അളവിൽ ലഭിക്കേണ്ടതുണ്ട്. രക്തസംക്രമണം വഴിയാണ് ശരീരത്തിൽ ഇതു സാധിക്കുന്നത്. ഇതു കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ ശരീരത്തിനുള്ളിൽത്തന്നെ സ്വാഭാവികമായ നിയന്ത്രണ സംവിധാനങ്ങളുണ്ട്.

തലച്ചോറിലെ ഏതെങ്കിലും ഭാഗത്തേക്കുള്ള രക്തസംക്രമണത്തിന് ഏതെങ്കിലും രീതിയിലുള്ള തടസ്സമുണ്ടായാൽ ആ ഭാഗത്തേയ്ക്കുള്ള ഓക്സിജന്റെ ലഭ്യത നിലയ്ക്കുന്നു. അപ്പോൾ ആ ഭാഗത്തുള്ള തലച്ചോറിലെ കോശങ്ങൾ നശിക്കുകയും അവ പ്രവർത്തന രഹിതമാവുകയും ചെയ്യും. ഇതാണ് പക്ഷാഘാതം (സ്ട്രോക്ക്) ഇതിനെ ബ്രെയിൻ അറ്റാക്ക് എന്നും പറയുന്നു.

തലച്ചോറിലേയ്ക്കുള്ള രക്തസംക്രമണം പല കാരണങ്ങൾ കൊണ്ട് തടസ്സപ്പെടാം.

**1. രക്തക്കുഴലുകളുടെ തടസ്സം**

തലച്ചോറിലേയ്ക്കുള്ള രക്തക്കുഴലുകൾ അടയുകയോ ചുരുങ്ങുകയോ ചെയ്യുമ്പോൾ ഇങ്ങനെ സംഭവിക്കാം. തൊണ്ണൂറു ശതമാനം സ്ട്രോക്കും ഇങ്ങനെയാണ് സംഭവിക്കുന്നത്. രക്തക്കുഴലുകൾ അടയുമ്പോൾ തലച്ചോറിലേയ്ക്കുള്ള രക്തപ്രവാഹം കുറയുകയും അതുമൂലം ഓക്സിജന്റെ ലഭ്യത കുറയുകയും ചെയ്യും. നിമിഷങ്ങൾക്കുള്ളിൽ കോശങ്ങൾ നശിക്കാൻ തുടങ്ങും.

രക്തക്കുഴലുകളുടെ തടസ്സം പല തരത്തിൽ സംഭവിക്കാം: -

**(a) Thrombotic Stroke**

രക്തക്കുഴലുകൾക്കുള്ളിൽ കൊഴുപ്പ് അടിഞ്ഞുണ്ടാകുന്ന Artheroselerosis കാരണം കേട് വന്ന ധമനികളിൽ രക്തം കട്ട പിടിക്കുമ്പോഴാണ് ഇത്തരം സ്ട്രോക്ക് ഉണ്ടാകുന്നത്.

**(b) Embolic Stroke**

രക്തക്കുഴലുകളിൽ ഉണ്ടാകുന്ന കട്ട പിടിച്ച രക്തം ധമനികളിലൂടെ ഒഴുകി വരികയും അവ ചെറിയ ധമനികളിൽ തടസ്സമുണ്ടാക്കുകയും ചെയ്യുന്നു. സാധാരണ ഗതിയിൽ ധമനികളിൽ രക്തം കട്ട പിടിക്കാറില്ല. ഹൃദയമിടിപ്പിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ മൂലം ഇതു സംഭവിക്കാം.

**2. Haemorrhagic Stroke**

തലച്ചോറിലേയ്ക്ക് ഉള്ള രക്തക്കുഴലുകൾ പൊട്ടുകയോ ചോരുകയോ ചെയ്യുമ്പോൾ തലച്ചോറിലേയ്ക്ക് രക്ത സ്രാവമുണ്ടാകുകയും ഇത് സ്ട്രോക്ക് ഉണ്ടാക്കുകയും ചെയ്യും.

താഴെ പറയുന്ന കാരണങ്ങൾ കൊണ്ട് ഇത്തരം രക്തസ്രാവം ഉണ്ടാകാം.

1. നിയന്ത്രണ വിധേയമല്ലാത്ത അമിത രക്തസമ്മർദ്ദം.

രക്തക്കുഴലുകളിലുണ്ടാകുന്ന ദുർബല ഭാഗങ്ങൾ പൊട്ടുന്നതു മൂലം ഇതു സംഭവിക്കാം. (ancurysms)

2. രക്തക്കുഴലുകളിൽ ജന്മനാ ഉണ്ടാകുന്ന ഘടനാപരമായ വൈകല്യം.

രക്തസ്രാവം മൂലമുള്ള സ്ട്രോക്ക് രണ്ടു വിധത്തിൽ സംഭവിക്കാം.

**1. തലച്ചോറിലേയ്ക്കുള്ള രക്തസ്രാവം.**

തലച്ചോറിനുള്ളിലുള്ള രക്തക്കുഴലുകൾ പൊട്ടുമ്പോഴാണ് ഇതു സംഭവിക്കുന്നത്. അമിതമായ രക്തസമ്മർദ്ദമാണ് പ്രധാന കാരണം.



**സ്ട്രോക്കിന്റെ ലക്ഷണങ്ങൾ മാത്രമല്ല അവ തുടങ്ങുന്ന സമയവും വളരെ പ്രധാനപ്പെട്ടതാണ്. സ്ട്രോക്ക് തുടങ്ങുന്ന സമയവും ചികിത്സ തുടങ്ങുന്ന സമയവും തമ്മിലുള്ള അന്തരം ഏറ്റവും കുറവായിരിക്കണം. സ്ട്രോക്കിന് ഏത് തരത്തിലുള്ള ചികിത്സയാണ് നൽകേണ്ടത് എന്ന് ഡോക്ടർ തീരുമാനിക്കുന്നത് ഈ അന്തരത്തെ ആശ്രയിച്ചിരിക്കും.**

**2. Sub Arachnoid Haemorrhage**

തലച്ചോറിനും അതിന്റെ ആവരണങ്ങൾക്കും ഇടയിലുള്ള ഭാഗത്തുള്ള രക്തക്കുഴലുകൾ പൊട്ടി ഈ ഭാഗത്ത് രക്തസ്രാവമുണ്ടാകുന്ന അവസ്ഥ. ഇത്തരം സ്ട്രോക്കിൽ വളരെ പെട്ടെന്നുണ്ടാകുന്ന അതികഠിനമായ തലവേദനയായിരിക്കും പ്രാരംഭ ലക്ഷണം. ഈ വേദന ഉറക്കത്തിൽ നിന്നും നമ്മെ എഴുന്നേൽപ്പിക്കാൻ തക്കവണ്ണം കഠിനമായതും കിടക്കുമ്പോൾ കൂടുന്നതും ആകാം. ചുമയ്ക്കുന്നതു കൊണ്ടോ തലയുടേയോ കഴുത്തിന്റെയോ ചലനം കൊണ്ടോ ഈ വേദനയുടെ കാഠിന്യം കൂടും.

**Transient Ischemic Attack (TIA)**

പക്ഷാഘാതത്തിന്റെ ലക്ഷണങ്ങൾ കുറച്ചു സമയത്തേയ്ക്ക് മാത്രം വരികയും തുടർന്ന് പൂർവ്വസ്ഥിതി പ്രാപിക്കുകയും ചെയ്യുന്ന അവസ്ഥ. തലച്ചോറിലേയ്ക്കുള്ള രക്തസംക്രമണത്തിലുള്ള താല്കാലിക തടസ്സങ്ങൾ കൊണ്ടാണ് TIA ഉണ്ടാകുന്നത്. ഇങ്ങനെ സംഭവിച്ചാൽ അസുഖ ലക്ഷണങ്ങൾ പൂർണ്ണമായി മാറിയാലും ഒരു ഡോക്ടറുടെ സേവനം തേടുക എന്നത് വളരെ അത്യാവശ്യമാണ്. കാരണം TIA രക്തക്കുഴലിലുള്ള തടസ്സത്തിന്റെ ലക്ഷണമാണ്. പിന്നീട് ഉണ്ടാകാവുന്ന ഒരു പക്ഷാഘാതത്തിന്റെ സൂചനയാണിത്.

Risk factors (അപകട സാദ്ധ്യതകൾ)

രണ്ടു തരത്തിലുണ്ട്.

**1. നിയന്ത്രിക്കാൻ പറ്റാത്തവ**

(a) Age പ്രായം 55 വയസ്സിനും അതിനും മുകളിൽ ഉള്ളവർക്ക് സ്ട്രോക്ക് വരാനുള്ള സാദ്ധ്യത കൂടുതലാണ്.

(b) തനിക്കു തന്നെയോ കുടുംബാംഗങ്ങൾക്കോ മുൻപ് പക്ഷാഘാതമോ Heart Attack വന്നിട്ടുണ്ടെങ്കിൽ സ്ട്രോക്കിനുള്ള സാദ്ധ്യത കൂടുതലാണ്. ഹൃദ്‌രോഗികൾക്ക് സ്ട്രോക്ക് വരാനുള്ള സാദ്ധ്യത രണ്ടു മുതൽ ആറ് തവണ വരെ കൂടുതലാണ്.

**2. നിയന്ത്രിക്കാൻ പറ്റുന്നവ**

**(a) രക്തസമ്മർദ്ദം**

അമിത രക്തസമ്മർദ്ദമുള്ളവരിൽ സ്ട്രോക്ക് വരാനുള്ള സാദ്ധ്യത സാധാരണക്കാരിൽ നിന്നും ആറിരട്ടി കൂടുതലാണ്. സാധാരണഗതിയിൽ സ്ട്രോക്ക് രോഗികളിൽ ഏകദേശം അറുപത്തി അഞ്ച് ശതമാനം പേർക്കും അമിത രക്തസമ്മർദ്ദമുണ്ട്. രക്തസമ്മർദ്ദത്തിന് ഒരു ഡോക്ടറുടെ നിർദ്ദേശ പ്രകാരം കൃത്യമായ ചികിത്സ ചെയ്യുകയാണെങ്കിൽ, സ്ട്രോക്ക് വരാനുള്ള സാദ്ധ്യത വളരെയധികം കുറയും.

**(b) പുകവലി**

പുകവലിക്കുന്നവരുടെ ഇടയിൽ സ്ട്രോക്കും ഹാർട്ട് അറ്റാക്കും വരാനുള്ള സാദ്ധ്യത കൂടുതലാണ്. സ്ഥിരമായി പുകവലിക്കുന്ന ആൾ പുകവലി നിർത്തുകയാണെങ്കിൽ അഞ്ചു വർഷത്തിനുള്ളിൽ സ്ട്രോക്ക് വരാനുള്ള സാദ്ധ്യത സാധാരണക്കാർക്കു തുല്യമാവും.

(c) രക്തത്തിൽ കൊളസ്ട്രോളിന്റെ അളവ് അധികമാവുകയാണെങ്കിൽ സ്ട്രോക്ക് വരാനുള്ള സാധ്യത കൂടും. രക്തത്തിൽ ലോ ഡെൻസിറ്റി ലൈപോപ്രോട്ടിന്റെ അളവ് നൂറ് മില്ലി ഗ്രാം ഡെസിലിറ്റർ (100mg/dl) ടോട്ടൽ കൊളസ്ട്രോളിന്റെ അളവ് 200mg/dl ലും കൂടുകയാണെങ്കിൽ സ്ട്രോക്ക് വരാനുള്ള സാധ്യത കൂടും. കൊളസ്ട്രോൾ കുറയ്ക്കുന്നതിനായി ഉപയോഗിക്കുന്ന stat in പോലുള്ള മരുന്നുകൾ സ്ട്രോക്ക് വരാനുള്ള സാധ്യത കുറയ്ക്കും.

**(d) ഡയബറ്റിസ്**

ഡയബറ്റിസ് രോഗികൾക്ക് സ്ട്രോക്ക് വരാനുള്ള സാധ്യത സാധാരണക്കാരിൽ നിന്നും 3–6 വരെ ഇരട്ടി കൂടുതലാണ്.

**(e) അമിതവണ്ണം**

അമിതവണ്ണമുള്ളവരിൽ സാധ്യത കൂടുതലാണ്.

**(f) ഹൃദ്‌രോഗം**

ഹൃദ്രോഗികൾക്ക് സാധാരണ ആളുകളെക്കാളും സ്ട്രോക്ക് വരാനുള്ള സാധ്യത 2–6 വരെ ഇരട്ടി കൂടുതലാണ്.

**(g)** കൃത്യമായ വ്യായാമം സ്ട്രോക്ക് വരാനുള്ള സാധ്യത കുറയ്ക്കും.

**(h)** ഗർഭനിരോധന മരുന്നുകളുടെ ഉപയോഗം സ്ട്രോക്ക് വരാനുള്ള സാധ്യത കൂടും.

**(i)** അമിതമായ മദ്യപാനം.

**(j)** മയക്കു മരുന്നുകളുടെ ഉപയോഗം

**സ്ട്രോക്കിന്റെ ലക്ഷണങ്ങൾ**

സ്ട്രോക്കിന്റെ ലക്ഷണങ്ങൾ മാത്രമല്ല അവ തുടങ്ങുന്ന സമയവും വളരെ പ്രധാനപ്പെട്ടതാണ്. സ്ട്രോക്ക് തുടങ്ങുന്ന സമയവും ചികിത്സ തുടങ്ങുന്ന സമയവും തമ്മിലുള്ള അന്തരം ഏറ്റവും കുറവായിരിക്കണം. സ്ട്രോക്കിന് ഏത് തരത്തിലുള്ള ചികിത്സയാണ് നൽകേണ്ടത് എന്ന് ഡോക്ടർ തീരുമാനിക്കുന്നത് ഈ അന്തരത്തെ ആശ്രയിച്ചിരിക്കും.

താഴെ പറയുന്നവയിലേതെങ്കിലും ഒന്നോ, അതിലധികമോ ആയ ലക്ഷണങ്ങൾ സ്ട്രോക്കിന്റെ തുടക്കമാകാം.

നമുക്കോ നമുക്കു ചുറ്റുമുള്ളവരിലാർക്കെങ്കിലും ഈ ലക്ഷണങ്ങൾ കാണുകയാണെങ്കിൽ നിസ്സാരമായി തള്ളിക്കളയരുത്.

**1. നടക്കാനുള്ള പ്രയാസം**

കാലിന്റെ പെട്ടെന്നുള്ള ബലക്കുറവ്, ചുവടുകൾ പിഴയ്ക്കുക, ബാലൻസ് നഷ്ടപ്പെടുക

**2. കൈയുടെ ബലക്കുറവ്**

**3. സംസാരിക്കാനും മനസ്സിലാക്കുവാനുമുള്ള പ്രയാസം**

സംസാരിക്കുമ്പോൾ വാക്കുകൾ കുഴഞ്ഞു പോകുക, സംസാരിക്കുമ്പോൾ വാക്കുകൾ കിട്ടാതെ വരിക, സംസാരിക്കാനോ മറ്റുള്ളവരുടെ സംസാരം മനസ്സിലാക്കാനോ പറ്റാതെ വരിക.

**4. ശരീരത്തിന്റെ ഒരു ഭാഗത്തോ മുഖത്തോ പെട്ടന്നുണ്ടാകുന്ന ബലക്കുറവോ പെരുപ്പോ.**

മുഖത്ത് പേശികളുടെ ബലക്കുറവ് ഉണ്ടാകുമ്പോൾ ചുണ്ടുകൾ ഒരു വശത്തേക്ക് കോടിപ്പോകും.

**5. കണ്ണുകൾക്ക് പെട്ടന്നുണ്ടാകുന്ന കാഴ്ച്ചക്കുറവ്, ഒരു ഭാഗത്തെ കാഴ്ച്ച മറഞ്ഞുപോകൽ,ഇരട്ട കാഴ്ച്ച തുടങ്ങിയവ.**

**6. തലവേദന**

**പെട്ടന്നുണ്ടാകുന്ന അതികഠിനമായ തലവേദന, ഇതിനോടൊപ്പം തന്നെ ഛർദ്ദിൽ,ബോധക്ഷയം എന്നിവയും ഉണ്ടാകാം.**

**ചികിത്സ**

എന്തുതരം സ്ട്രോക്കാണ് വന്നിരിക്കുന്നത് എന്നതിനെ ആശ്രയിച്ചാണ് ചികിത്സ നിശ്ചയിക്കുന്നത്.

**(1) Ischemic Stroke**

അസുഖം ബാധിച്ച കോശങ്ങളിലേയ്ക്ക് എത്രയും പെട്ടെന്ന് രക്തസംക്രമണം പുനസ്ഥാപിക്കാനാണ് ഡോക്ടേഴ്സ് ശ്രമിക്കുന്നത്. ക്ലോട്ട് അലിയിച്ച് കളയാനുള്ള ചികിത്സയും ഇതിനു വേണ്ടി ചെയ്യാറുണ്ട്. രക്തക്കുഴലുകളിലൂടെ കടത്തി വിടുന്ന കത്തീറ്റർ ഉപയോഗിച്ച് ക്ലോട്ട് അലിയിക്കാനുള്ള മരുന്ന് തലച്ചോറിന്റെ അസുഖം വന്ന ഭാഗത്ത് കൃത്യമായി എത്തിക്കുന്നതാണ് ഒരു രീതി.

രക്തക്കുഴലിലൂടെ കടത്തുന്ന ഉപകരണം ഉപയോഗിച്ച് റിമൂവ് ചെയ്യാറുണ്ട്.

**2. രക്തസ്രാവം മൂലം ഉണ്ടാകുന്ന സ്ട്രോക്ക്**

രക്തസ്രാവം നിയന്ത്രിക്കുകയും അതുമൂലം തലച്ചോറിലുണ്ടാകുന്ന മർദ്ദവ്യതിയാനങ്ങൾ ഇല്ലാതെയാക്കുകയാണ് ചെയ്യുന്നത്.

**ഡോക്ടറെ കാണേണ്ടതെപ്പോൾ**

മേൽ പറഞ്ഞ ലക്ഷണങ്ങളിലേതെങ്കിലും ഉണ്ടാകുകയാണെങ്കിൽ എത്രയും പെട്ടെന്ന് സ്ട്രോക്കിന് വേണ്ടിയുള്ള ആധുനിക ചികിത്സാ സൗകര്യങ്ങളുള്ള ഹോസ്പിറ്റലുകളിൽ സമീപിക്കുക. സ്ട്രോക്ക് ഉണ്ടായി കഴിഞ്ഞാൽ ഓരോ നിമിഷവും വളരെ വിലപ്പെട്ടതാണ്. നേരത്തെ ചികിത്സ തുടങ്ങിയാൽ തലച്ചോറിലെ കോശങ്ങൾക്ക് ഉണ്ടാകുന്ന ക്ഷതം തടയാൻ സാധിക്കും.

ഓരോരുത്തരും തങ്ങളുടെ അടുത്തുള്ള സ്ട്രോക്ക് ചികിത്സ ലഭിക്കുന്ന ആശുപത്രിയുടെ വിശദ വിവരങ്ങൾ അറിഞ്ഞു വയ്ക്കണം. സ്ട്രോക്കിന്റെ ഏതെങ്കിലും ലക്ഷണങ്ങൾ ഉണ്ടാവുകയാണെങ്കിൽ ഇത്തരം ആശുപത്രികളിലേയ്ക്ക് രോഗികളെ ഉടൻ തന്നെ എത്തിക്കണം.

സ്ട്രോക്കിന്റെ മേൽ പറഞ്ഞ ഏതെങ്കിലും ലക്ഷണങ്ങൾ ഉണ്ടായ ശേഷം തനിയെ മാറിപ്പോയ ശേഷം ആണെങ്കിലും നിർബന്ധമായും ഡോക്ടറെ കണ്ടിട്ടുണ്ടാവണം.

സ്ട്രോക്ക് വന്നാൽ സാധാരണ ഗതിയിൽ ശരീരത്തിന്റെ ഒരു ഭാഗത്തിന്റെ തളർച്ച, ബോധക്ഷയം, സംസാരിക്കുവാനും, വിഴുങ്ങുവാനുമുള്ള പ്രയാസം എന്നിവ ഉണ്ടാകാം. ഇത്തരം പ്രയാസങ്ങൾ മൂലം രോഗി കിടപ്പിലാവുകയും സ്വന്തം കാര്യങ്ങൾക്ക് പോലും മറ്റുള്ളവരെ ആശ്രയിക്കേണ്ട അവസ്ഥയിലാവുകയും ചെയ്യും. സ്ഥിരമായി കിടപ്പിലായ രോഗിയ്ക്ക് ബെഡ് സോർ മുതലായ പ്രയാസങ്ങളും ഉണ്ടാകും.

രോഗികളെ ഈ അവസ്ഥയിൽ നിന്നും പഴയ ജീവിതത്തിലേയ്ക്ക് തിരിച്ചു കൊണ്ടു വരാനായി Neuro Rehabilitation ചികിത്സ അത്യാവശ്യമാണ്. ഇത്തരം ചികിത്സ റിഹേബിലിറ്റേഷൻ ആശുപത്രികളിൽ ലഭ്യമാണ്. കൃത്യമായ റിഹേബിലിറ്റേഷൻ ചികിത്സയിലൂടെ രോഗിക്ക് സഞ്ചരിക്കാനുള്ള കഴിവ്, സംസാരശേഷി എന്നിവ പുനസ്ഥാപിക്കാം. സ്ട്രോക്ക് മൂലം നഷ്ടപ്പെട്ട തലച്ചോറിന്റെ പ്രവർത്തനങ്ങൾ തിരികെ കൊണ്ട് വരിക എന്നുള്ളതാണ് ന്യൂറോ റീഹോബിലേറ്റേഷൻ ചികിത്സയുടെ ലക്ഷ്യം.

(ലേഖകൻ ഏറണാകുളം ലൈഫ് കെയർ ഹോസ്പിറ്റലിലെ ചീഫ് ഫിസിഷ്യനും ഇൻഡ്യയിലെ പ്രശസ്ത ഫിസിക്കൽ മെഡിസിൻ വിദഗ്ദ്ധനുമാണ്. ഡോക്ടറുമായി ഫോണിൽ ബന്ധപ്പെടാനാഗ്രഹിക്കുന്നവർക്ക് **9895367219** എന്ന നമ്പറിൽ വിളിക്കാവുന്നതാണ്.)

■

## ഓർമ്മപ്പെരുന്നാളുകൾ

മലങ്കരയുടെ 2-ാം കാതോലിക്കാ പ. ബസ്സേലിയോസ് ഗീവർഗീസ് പ്രഥമൻ ബാവാ തിരുമനസിലെ 83-ാം ഓർമ്മപ്പെരുന്നാൾ അദ്ദേഹം കബറടങ്ങിയിരിക്കുന്ന വള്ളിക്കാട്ട് ദയറായിൽ ഡിസം. 10 മുതൽ 17 വരെ പ. വലിയ ബാവാ തിരുമേനിയുടെയും, പ. ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ ബാവായുടെയും മുഖ്യകാർമ്മികത്വത്തിലും, അഭി. മെത്രാപ്പോലീത്തന്മാരുടെ സഹകാർമ്മികത്വത്തിലും ആചരിക്കുന്നു.

മലങ്കരയുടെ 4-ാം കാതോലിക്കാ പ. ബസ്സേലിയോസ് ഔഗേൻ പ്രഥമൻ ബാവാതിരുമനസ്സിലെ 36-ാം ഓർമ്മപ്പെരുന്നാൾ അദ്ദേഹം കബറടങ്ങിയിരിക്കുന്ന ദേവലോകം അരമനയിൽ ഡിസം. 7, 8 തീയതികളിൽ പ. വലിയ ബാവാ തിരുമേനിയുടെയും, പ. ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ ബാവായുടെയും മുഖ്യകാർമ്മികത്വത്തിലും, അഭി. മെത്രാപ്പോലീത്തന്മാരുടെ സഹകാർമ്മികത്വത്തിലും ആചരിച്ചു.

**വെട്ടിക്കൽ:** വെട്ടിക്കൽ ദയറായിൽ പ. പരുമലത്തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ ഡിസം. 4,8,9,10 തീയതികളിൽ അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് തിരുമനസ്സിലെ മുഖ്യ കാർമ്മികത്വത്തിൽ ആചരിച്ചു.

## ഭവനദാന പദ്ധതി

ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ ആഭിമുഖ്യത്തിൽ, കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി വിവിധ ഭദ്രാസനങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഭവനരഹിതരായ 11 സഭാംഗങ്ങൾക്ക് “പാർപ്പിടം” പദ്ധതിയിൽക്കൂടി വീടുകൾ നിർമ്മിച്ചു നൽകുന്നു. ഇതിന്റെ താക്കോൽ ദാനകർമ്മവും, ഇടവകയുടെ മറ്റ് ചാരിറ്റി പ്രവർത്തനങ്ങളെ സമാപനവും 2011 ഡിസം. 28-ാം തീയതി ബുധനാഴ്ച രാവിലെ 11 മണിക്ക് പരുമല സെമിനാരി ഓഡിറ്റോറിയത്തിൽ വെച്ച് ചേരുന്ന സമ്മേളനത്തിൽ വച്ച് പ. കാതോലിക്കാ ബാവാ തിരുമനസ്സുകൊ് താക്കോൽ ദാന കർമ്മവും, സമ്മേളന ഉദ്ഘാടനവും നിർവ്വഹിക്കുന്നതാണ്.

# ടി. യു. കുരുവിള
# നമുക്കു നൽകുന്ന പാഠം

**ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്താ**



ഇതെഴുതുന്നത് ഒരു തുറന്ന ചർച്ചയ്ക്ക് തുടക്കം കുറിക്കുവാനാണ്. കോലഞ്ചേരി പള്ളി വിഷയത്തിൽ റ്റി.യു. കരുവിളയുടെ നിലപാട്, മലങ്കര ഓർത്തഡോക്സ് സഭയുടെ രാഷ്ട്രീയ നിലപാടുകളിലേക്ക് പാഠമാക്കേതാണ്. ഒരു വിഭാഗത്തിന്റെയും പ്രത്യേക താൽപര്യങ്ങൾക്കു കൂട്ടു നിൽക്കുവാൻ പാടില്ലാത്ത, അഥവാ അങ്ങനെ നിൽക്കില്ലെന്നു സത്യ പ്രതിജ്ഞ ചെയ്ത എം.എൽ.എ. ആ പ്രതിജ്ഞ ലംഘിച്ച് യാക്കോബായ വിഭാഗത്തിന്റെ പ്രതിനിധിയായി ചർച്ചകളിൽ പങ്കെടുത്തത് നമുക്കേവർക്കും ബോധ്യപ്പെട്ടതാണ്. അദ്ദേഹം സ്വീകരിച്ച ഈ നിലപാടിന്റെ നിയമവശങ്ങൾ അതാതു വേദികളിൽ ചർച്ച ചെയ്യപ്പെടേതും തുടർ നടപടികൾ സ്വീകരിക്കേതുമാണ്. എന്നാൽ മറുവശത്ത് റ്റി.യു. കുരുവിള എന്ന യാക്കോബായ സഭാംഗത്തെ, അദ്ദേഹത്തിന്റെ സഭാ സ്നേഹത്തെയാണ് ഈ ചർച്ചയ്ക്ക് വിധേയമാക്കുന്നത്. ഒരു സഭാംഗം എം.എൽ.എ.യോ, മന്ത്രിയോ ആയാലും അദ്ദേഹത്തിന്റെ സഭാ സ്നേഹത്തിന്റെ ആഴം കുറയുന്നില്ല എന്ന് റ്റി.യു. കുരുവിള നമ്മെ പഠിപ്പിക്കുന്നു.

അദ്ദേഹത്തിന് എം.എൽ.എ. ആകണമെങ്കിൽ യാക്കോബായ വിഭാഗത്തിന്റെ വോട്ട് അത്യാവശ്യമാണെന്ന വസ്തുത വിസ്മരിക്കുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ ഈ നിലപാട് മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് നൽകുന്ന പാഠം എന്താണ്?

ബഹുമാനപ്പെട്ട കോടതിയുടെ വിധികൾ എന്തു തന്നെയായാലും അതു നടത്തിത്തരേത് സർക്കാരാണ്. ഇപ്പോഴത്തെ സാഹചര്യത്തിൽ സർക്കാർ അതു നടത്തിത്തരുന്നത് രാഷ്ട്രീയ നിലപാടുകളുടെ അടിസ്ഥാനത്തിലാണ്. ഉദാഹരണമായി, കോലഞ്ചേരിപ്പള്ളിയുടെ കാര്യത്തിൽ നൂറു ശതമാനവും അനുകൂലമായ വിധി ഉായിട്ടും സർക്കാർ അതു നടപ്പിലാക്കാത്തത് യാക്കോബായ വിഭാഗത്തിന്റെ, ആ വിഭാഗത്തിൽപ്പെട്ട എം.എൽ.എ. മാരുടെ രാഷ്ട്രീയ സമ്മർദ്ദത്തിന്റെ ഫലമാണ്. മറുവശത്ത് മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ഇത്തരം സമ്മർദ്ദങ്ങൾ ചെലുത്തുവാൻ രാഷ്ട്രീയക്കാർ ഇല്ല എന്നത് നമ്മെ ചിന്തിപ്പിക്കേതാണ്. ഇത് മലങ്കര ഓർത്തഡോക്സ് സഭ സ്വീകരിക്കേ രാഷ്ട്രീയ നിലപാടുകളെക്കുറിച്ച് നമുക്ക് ബോധം നൽകേതാണ്.

സഭ ആത്മീകമാണെന്നും അതിന് ഭൗതീകതയോട് ബന്ധമില്ലെന്നുമുള്ള വാദവും തുടർചിന്തകളും മറ്റൊരു ചർച്ചയ്ക്ക് വിധേയമാക്കേതാകയാൽ ഇവിടെ അതിനു മുതിരുന്നില്ല. എന്നാൽ മലങ്കര ഓർത്തഡോക്സ് സമുദായം നിലനിൽക്കുവാൻ രാഷ്ട്രീയമായി ചിന്തിക്കണമെന്ന അവസ്ഥ സംജാതമായതിനാൽ ഈ ചർച്ച ആ തലത്തിൽ ആകണമെന്ന് ആഗ്രഹിക്കുന്നു.

യാക്കോബായ വിഭാഗവുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ സഭാംഗങ്ങളായ രാഷ്ട്രീയക്കാരുടെയും യാക്കോബായ വിഭാഗത്തിലെ രാഷ്ട്രീയക്കാരുടെയും ചിന്താഗതിയിലെ പ്രധാന വ്യത്യാസം അവർക്ക് സഭ ഒന്നാമതും രാഷ്ട്രീയം രാമതുമാണ്.

നമ്മുടെ സഭയിലെ രാഷ്ട്രീയക്കാർക്ക് രാഷ്ട്രീയം ഒന്നാമതും സഭ, മറ്റു പലതിനും ശേഷമാണ് എന്നുമാണ്. നമ്മുടെ സഭാംഗങ്ങളായ പല രാഷ്ട്രീയക്കാരും സഭയെ എങ്ങനെ അവരുടെ രാഷ്ട്രീയ നേട്ടങ്ങൾക്കുവേി ഉപയോഗിക്കാം എന്ന് ചിന്തിക്കുന്നവരാണ്. നമുക്ക് ഇന്ന് ആവശ്യമായിരിക്കുന്നത് സഭാ സ്നേഹികളായ, എന്നാൽ സമൂഹത്തിന്റെ നന്മയ്ക്കുവേി നിലനിൽക്കുന്ന, നീതി സംരക്ഷിക്കുന്ന സഭാംഗങ്ങളായ രാഷ്ട്രീയ നേതാക്കൾ ഉാവുക എന്നതാണ്. ഇത് ഒരു ദിവസം കൊാേ ഒരു വർഷം കൊാേ ഉാകുന്നതല്ല. അതിന് വേതായ ആലോചനകളും തീരുമാനങ്ങളും ഉാകണം. താഴെപറയുന്ന കാര്യങ്ങൾ പരിഗണിക്കപ്പെടേതാണ്.

1. സഭയ്ക്ക് ഒരു രാഷ്ട്രീയ സെൽ ഉാകണം. അതിൽ സഭയുടെ താത്പര്യങ്ങൾക്കു ഊന്നൽ നൽകുന്ന വ്യക്തികൾ ഉാകണം. അവർ അതതു സമയങ്ങളിലെ രാഷ്ട്രീയ നിലപാടുകളെ വിശകലനം ചെയ്ത് സഭാ നേതൃത്വത്തോട് ആലോചിച്ച് നിലപാടുകൾ സ്വീകരിക്കണം.

2. അടുത്ത തിരഞ്ഞെടുപ്പുകളിൽ സഭാംഗങ്ങൾക്ക് പ്രാതിനിധ്യം ലഭിക്കുവാൻ തക്കവണ്ണം ഇപ്പോഴെ സ്ഥാനാർത്ഥികളാകുവാൻ യോഗ്യതയുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കണം.

3. അവർ വരും ദിവസങ്ങളിൽ നമ്മുടെ ദേവാലയങ്ങളോടും ജനങ്ങളോടും സമ്പർക്കം പുലർത്തുവാൻ സാഹചര്യമുാക്കണം.

5. നമ്മുടെ സഭാംഗങ്ങൾക്ക് വ്യക്തമായ മുൻതൂക്കമുള്ള മണ്ഡലങ്ങൾ കേന്ദ്രീകരിച്ച് ഇപ്പോൾ സഭയ്ക്കു നേരിടുന്ന പ്രതിസന്ധികൾ ജനങ്ങളെ പറഞ്ഞു മനസ്സിലാക്കുകയും അതിനു രാഷ്ട്രീയ പരിഹാരത്തിനു നമുക്ക് പ്രതിനിധികൾ വേണമെന്ന് അവരെ ബോധ്യപ്പെടുത്തുകയും ചെയ്യണം.

6. സഭാംഗങ്ങൾക്ക് നിർണ്ണായക സ്വാധീനമുള്ള മണ്ഡലങ്ങളിൽ ഇപ്പോൾ മുതലേ സമ്മർദ്ദം ചെലുത്തി ഇടതു-വലതു മുന്നണികൾ നിന്നും സീറ്റ് തരപ്പെടുത്തുവാൻ ശ്രമമുാകണം.

7. ത്രിതല പഞ്ചായത്തുകളിലും രാഷ്ട്രീയ യുവജന വിഭാഗങ്ങളിലും സഭയുടെ പ്രതിനിധികൾ ഉാകുവാനും അവരെ ഭാവി നേതാക്കളാക്കി വളർത്തുവാനും ശ്രമമുാക്കണം.

ആമുഖത്തിൽ സൂചിപ്പിച്ചതുപോലെ, ഇതൊരു ചർച്ചയുടെ തുടക്കമാണ്. ഇതിന്റെ ഫലം ഉടനെ ഉാകുവാനിടയില്ല. എന്നാൽ ഭാവിയിലെങ്കിലും ചില നിലപാടുകൾ സ്വീകരിക്കുവാൻ ഈ ചർച്ചകൾ ഇടയാക്കണം. ■


## ആദരാഞ്ജലികൾ



**എം. വി. തര്യൻ**
മൂഴിയിൽ
1959-2011

(OSSAE മുൻ ഡിസ്ട്രിക്റ്റ് സെക്രട്ടറി,
സുവിശേഷസംഘം സെക്രട്ടറി,
മരോട്ടിച്ചൽ സെ. ജോർജ് ഓർത്തഡോക്സ് സുറിയാനി പള്ളി)

*Inserted by*
OSSAE മണ്ണൂത്തി ഡിസ്ട്രിക്റ്റ്

## For Favours Received


Jithin James Valiyatharayil Vadasserikara


Betsy


Mariamma Abraham & Family, Tvm.

## പരസ്യനിരക്കുകൾ

| | | |
|---|---|---|
| Back Page (Colour) | : | 20,000 |
| Front Inside (Colour) | : | 15,000 |
| Back Inside (Colour) | : | 15,000 |
| Inner Page (Colour) | | |
| Full | : | 12,000 |
| Half | : | 6,500 |
| Quarter | : | 3,250 |
| Favours Block (Minimum) | : | 750 |
| Full page (B & W) | : | 5000 |
| Half page (B & W) | : | 3000 |
| Quarter page (B & W) | : | 2000 |
| Minimum (B & W) | : | 1000 |
| Matrimonial | : | 1000 |
| Favours Block (B & W) (Stamp Size) | : | 500 |

## ST. MARY'S EMBROIDERY

**Palace Road, Changanacherry-686101, Kerala**

**Prop: SAJU CHACKO**

✆ 0481-2425444,
Res. 2724224, 2727788
(Mob.) 9447136388



**കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.**

**വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡി മെയ്ഡ് ലഭ്യമാണ്.**

**ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു**

നമ്പർ 475/2011

### സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പ്രസിഡന്റും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

നമുക്ക് എത്രയും പ്രിയപ്പെട്ടിരിക്കുന്ന നമ്മുട.............................................................................................................................പള്ളി വികാരിയും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരന്മാരും, ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

കർത്താവിൽ പ്രിയരെ,

നമ്മുടെ 2011 ഒക്ടോബർ മാസം 24-ാം തീയതിയിലെ 427/2011-ാം നമ്പർ കൽപനയിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ പുതുതായി രൂപീകരിക്കപ്പെടുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ (മലങ്കര അസോസിയേഷന്റെ) ഒരു യോഗം, താഴെ പറയുന്ന വിഷയങ്ങളെപ്പറ്റി ആലോചിച്ച് ആവശ്യമായ തീരുമാനം ചെയ്യുന്നതിന് പത്തനംതിട്ട കാതോലിക്കേറ്റ് കോളേജ് അങ്കണത്തിൽ വച്ച് രണ്ടായിരത്തി പന്ത്രണ്ടാമാണ്ട് മാർച്ച് മാസം ഏഴാം തീയതി ബുധനാഴ്ച പകൽ 1 മണി മുതൽ നമ്മുടെ അദ്ധ്യക്ഷതയിൽ നടത്തുന്നതിന് നാം നിശ്ചയിച്ചിരിക്കുന്നു. അപ്രകാരം മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗം നടത്തുന്ന വിവരം നാം ഇതിനാൽ പ്രഖ്യാപിക്കുകയും പരസ്യപ്പെടുത്തുകയും ചെയ്യുന്നു.

**ആലോചനാ വിഷയങ്ങൾ**

1. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ ഭരണഘടനയുടെ 79 -ാം വകുപ്പ് പ്രകാരം അസോസിയേഷൻ മാനേജിംഗ് കമ്മറ്റി അംഗങ്ങളായി മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ തെരഞ്ഞെടുക്കേണ്ട 43 പട്ടക്കാരും 86 അയ്മേനികളും ഉൾപ്പെടെ 129 പേരെ തെരഞ്ഞെടുക്കുക.
2. ഇപ്പോൾ നിലവിലുള്ള മലങ്കര അസോസിയേഷൻ അംഗങ്ങളുടെ കാലാവധി അവസാനിക്കുന്നതോടുകൂടി ഇപ്പോഴത്തെ വൈദിക ട്രസ്റ്റിയുടെ കാലാവധി അവസാനിക്കുന്നതിനാൽ പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന മലങ്കര അസോസിയേഷൻ അംഗങ്ങളുടെ കാലാവധിക്ക് സമാനമായി വൈദികട്രസ്റ്റി സ്ഥാനത്തേയ്ക്ക് ഒരാളെ തെരഞ്ഞെടുക്കുക.
3. ഇപ്പോൾ നിലവിലുള്ള മലങ്കര അസോസിയേഷൻ അംഗങ്ങളുടെ കാലാവധി അവസാനിക്കുന്നതോടുകൂടി ഇപ്പോഴത്തെ അത്മായ ട്രസ്റ്റിയുടെ കാലാവധി അവസാനിക്കുന്നതിനാൽ പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന മലങ്കര അസോസിയേഷൻ അംഗങ്ങളുടെ കാലാവധിക്ക് സമാനമായി അത്മായ ട്രസ്റ്റി സ്ഥാനത്തേയ്ക്ക് ഒരാളെ തെരഞ്ഞെടുക്കുക.
4. മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളുക.
5. മലങ്കര അസോസിയേഷൻ പ്രസിഡണ്ടിന് ആവശ്യമെന്ന് ബോദ്ധ്യമുള്ളതും, മുൻകൂട്ടി അനുവദിക്കുന്നതുമായ ഇതരവിഷയങ്ങൾ പരിഗണിച്ച് യുക്തമായ തീരുമാനങ്ങൾ ചെയ്യുക.

നമ്മുടെ മുൻ കൽപന പ്രകാരം നമുക്ക് ലഭിച്ചിട്ടുള്ള 2011 ഒക്ടോബർ മാസം 31-ാം തീയതിയിലെ സ്ഥിതി വിവരങ്ങൾ അനുസരിച്ച് ആ പള്ളി ഇടവകയിൽ അർഹരായ .................... ഇടവക യോഗാംഗങ്ങൾ ഉള്ളതിനാൽ ആ പള്ളി ഇടവകയിൽ നിന്നും, 2011 ഒക്ടോബർ മാസം 19-ാം തീയതി കൂടിയ മലങ്കര അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റിയോഗം നിയമാനുസൃതം ഭേദഗതി ചെയ്ത് പ.സഭയിൽ നിലവിൽ വന്ന മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ ഭരണഘടന 71-ാം വകുപ്പ് അനുസരിച്ച് മലങ്കര അസോസിയേഷൻ അംഗങ്ങളായി ഒരു പട്ടക്കാരനെയും (ഏതെങ്കിലും പള്ളി ഇടവകയിൽ ഒരു പട്ടക്കാരൻ മാത്രമേ ഉള്ളൂ എങ്കിൽ തെരഞ്ഞെടുപ്പ് കൂടാതെ തന്നെ അദ്ദേഹം ഇടവക പ്രതിനിധി ആയിരിക്കുന്നതാണ്) ............................ അയ്മേനി പ്രതിനിധിയെയും/പ്രതിനിധികളെയും, (മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ ഭരണഘടനയുടെ ടി 71-ാം വകുപ്പ് അനുസരിച്ച്, പുരുഷൻമാർ മാത്രം), ടി സഭാ ഭരണഘടനയുടെ 12-ാം വകുപ്പനുസരിച്ച് ഇടവകയോഗം കൂടി അസ്സോസിയേഷൻ അംഗങ്ങളായി തെരഞ്ഞെടുത്ത് ഇതോടൊന്നിച്ച് അയയ്ക്കുന്ന **തെരഞ്ഞെടുപ്പ് അറിയിപ്പ് ഫാറം** പൂരിപ്പിച്ച്, വികാരി ഒപ്പിട്ട് **അസ്സോസിയേഷൻ സെക്രട്ടറി, കാതോലിക്കേറ്റ് ഓഫീസ്, ദേവലോകം പി. ഒ., കോട്ടയം-686038 എന്ന വിലാസത്തിൽ 2012 ജനുവരി 4**-നോ അതിന് മുമ്പോ കിട്ടത്തക്കവണ്ണം രജിസ്റ്റേർഡ് പോസ്റ്റിൽ അയയ്ക്കുകയോ നേരിട്ട് എൽപിക്കുകയോ ചെയ്യേണ്ടതാണ്.

21 വയസ്സ് പൂർത്തിയായ വനിതകൾക്ക് ഇടവക യോഗാംഗത്വവും, ഇടവക തലത്തിലുള്ള സമിതികളിൽ അംഗത്വവും നൽകുന്ന ചരിത്രപരമായ തീരുമാനം പ. സഭ കൈക്കൊണ്ടതിന് ശേഷമുള്ള ഒരു പ്രധാന ഇടവക യോഗമാണിത്. ആയതിനാൽ ഇപ്പോൾ നിലവിലുള്ള ടി മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ ഭരണഘടനയുടെ 7-ാം വകുപ്പ് അനുശാസിക്കുന്നതനുസരിച്ച് "ഭരണഘടനയുടെ 10, 11 വകുപ്പുകളിൽ പറയുന്ന പ്രകാരമുള്ള നിരോധനമുള്ളവരൊഴികെ 21 വയസ് പ്രായം തികഞ്ഞവരും ആണ്ടിലൊരുതവണയെങ്കിലും കുമ്പസാരിച്ച് വി. കുർബ്ബാന കൈക്കൊള്ളുന്നവരും ഇടവക രജിസ്റ്ററിൽ പേരുള്ളവരുമായ എല്ലാ സ്ത്രീ പുരുഷൻമാർക്കും" ടി ഇടവക യോഗത്തിൽ സംബന്ധിക്കാവുന്നതും വോട്ടവകാശം ഉണ്ടായിരിക്കുന്നതുമായിരിക്കും.

തെരഞ്ഞെടുപ്പോടുകൂടിത്തന്നെ അസോസിയേഷൻ യോഗത്തിലേക്കുള്ളതും, ഇതോടൊന്നിച്ച് അയക്കുന്നതുമായ **അധികാര പത്രം** പൂരിപ്പിച്ച് വികാരി സൂക്ഷിക്കേണ്ടതും, അസോസിയേഷൻ യോഗം കൂടുന്ന ദിവസം യോഗസ്ഥലത്ത് ഹാജരാക്കേണ്ടതുമാണ്.

അസോസിയേഷൻ യോഗത്തിൽ സംബന്ധിക്കുന്നതിന് അർഹതയുള്ള പള്ളി ഇടവക പ്രതിപുരുഷന്മാരെ, ആലോചനാ വിഷയങ്ങൾ സംബന്ധിച്ച് അഭിപ്രായം പറയുന്നതിനും, വേണ്ടിവന്നാൽ വോട്ട് ചെയ്യുന്നതിനുമായി പള്ളിച്ചെലവിൽ അയയ്ക്കേണ്ടതാണ്. യോഗത്തിൽ സംബന്ധിക്കുന്നതിന് അർഹതയുള്ളവർ നിശ്ചിത അധികാര പത്രം സഹിതം യോഗസ്ഥലത്ത് യോഗദിവസം രാവിലെ 9 മണിമുതൽ 12 മണി വരെയുള്ള സമയത്ത് ഹാജരായി രജിസ്ട്രേഷൻ കൗണ്ടറിൽ അധികാരപത്രം ഏൽപിച്ച്, ഹാജർ പുസ്തകത്തിൽ ഒപ്പിട്ട്, യോഗസ്ഥലത്ത് പ്രവേശിക്കുന്നതിനുള്ള ബാഡ്ജുകൾ വാങ്ങേണ്ടതും, യോഗത്തിന് അരമണിക്കൂർ മുമ്പ് അവരവർക്ക് നിശ്ചയിച്ചിട്ടുള്ള സീറ്റുകളിൽ ഇരി

ക്കേണ്ടതുമാകുന്നു. ആവശ്യമെങ്കിൽ, പ്രതിപുരുഷന്മാരെ തിരിച്ചറിയുന്നതിന് വികാരിയോ, മറ്റ് പട്ടക്കാരോ, സ്ഥലത്ത് വച്ച് നേരിട്ട് സാക്ഷ്യം കൊടുക്കേണ്ടതാണ്.

അസോസിയേഷൻ അംഗങ്ങളുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച് മലങ്കര സഭയിലെ ഏതെങ്കിലും പള്ളി ഇടവകയ്ക്ക് പ്രത്യേകമായി കൽപന ലഭിക്കാത്തപക്ഷം പത്രങ്ങളിലും, പ.സഭയുടെ ഔദ്യോഗിക മുഖ പത്രത്തിലും മാസികയിലും നാം പ്രസിദ്ധീകരിക്കുന്ന കൽപന ഒരു അറിയിപ്പായി പരിഗണിച്ച്, ആ പള്ളി ഇടവകയിൽനിന്നും ഉടനെതന്നെ നമ്മുടെ കാതോലിക്കേറ്റ് ഓഫീസുമായി ബന്ധപ്പെട്ട് ആ പള്ളി ഇടവകയിൽ നിന്നും തെരഞ്ഞെടുക്കപ്പെടേണ്ട പ്രതിനിധികളുടെ എണ്ണം മുതലായ വിവരങ്ങൾ നേരിട്ട് മനസ്സിലാക്കി നമ്മുടെ മേൽപറഞ്ഞ നിർദ്ദേശങ്ങൾ അനുസരിച്ച് യോഗം കൂടി തെരഞ്ഞെടുപ്പ് നടത്തി ആ വിവരം **2012 ജനുവരി 4**-നോ അതിനുമുമ്പോ, മേൽ പ്രസ്താവിച്ച പ്രകാരം അസോസിയേഷൻ സെക്രട്ടറിക്ക് അയച്ചുകൊടുക്കേണ്ടതാണ്.

പള്ളി ഇടവകകളിൽ നിന്ന് ലഭിച്ചിട്ടുള്ള അറിയിപ്പുകളുടെയും മറ്റും അടിസ്ഥാനത്തിലുള്ള പ്രതിപുരുഷന്മാരുടെ ലിസ്റ്റ് (പ്രാഥമിക ലിസ്റ്റ്) നമ്മുടെ അനുമതി വാങ്ങി, അസോസിയേഷൻ സെക്രട്ടറി, **2012 ജനുവരി 18-ാം തീയതി അസോസിയേഷൻ യോഗസ്ഥലത്തും കാതോലിക്കേറ്റ് ഓഫീസിലും** പ്രസിദ്ധീകരിക്കുന്നതും, ബന്ധപ്പെട്ട പകർപ്പുകൾ മെത്രാസന ഓഫീസിലേക്ക് അയയ്ക്കുന്നതുമാകുന്നു.

പ്രതിപുരുഷന്മാരുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ചും, പ്രസിദ്ധപ്പെടുത്തുന്ന പ്രതിപുരുഷന്മാരുടെ ലിസ്റ്റ് സംബന്ധിച്ചും അസോസിയേഷൻ യോഗത്തിൽ നടത്തപ്പെടുന്ന തെരഞ്ഞെടുപ്പുകൾ സംബന്ധിച്ചും മറ്റും പരാതി ഉണ്ടായാൽ അതു കേട്ട് തീരുമാനിക്കുന്നതിന് നമ്മുടെ തൃശ്ശൂർ മെത്രാസനാധിപൻ യൂഹാനോൻ മാർ മിലിത്തോസ് മെത്രാപ്പോലീത്താ പ്രസിഡണ്ടും, ഫാ. പ്രൊഫ. ജോർജ്ജ് വർഗീസ്, ശ്രീ. എ. കെ. തോമസ്, അഡ്വ. മാത്യു കോശി കുളങ്ങര എന്നിവർ അംഗങ്ങളുമായി ഒരു ട്രിബ്യൂണലിനെ നിയമാനുസരണം നാം നിയമിച്ച് അധികാരപ്പെടുത്തിയിട്ടുള്ളതാകുന്നു.

ട്രിബ്യൂണൽ പരാതി വിചാരണയ്ക്കായി 2012 ഫെബ്രുവരി മാസം 06-ാം തീയതി തിങ്കളാഴ്ച മുതൽ 08-ാം തീയതി ബുധനാഴ്ച വരെയുള്ള ദിവസങ്ങളിൽ പകൽ 9 മണി മുതൽ 5 മണി വരെ കോട്ടയം കാതോലിക്കേറ്റ് അരമനയിൽ കൂടുന്നതാണ്. ട്രിബ്യൂണൽ ചെയ്യുന്ന തീരുമാനം അവസാന തീരുമാനമായിരിക്കും.

ട്രിബ്യൂണലിന്റെ നടപടിക്രമം ട്രിബ്യൂണൽതന്നെ നിശ്ചയിക്കുന്നതാകുന്നു. ട്രിബ്യൂണലിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ മേൽനടപടികൾ നടത്തി വിവരം അതതു ഇടവകവികാരിമാരെയും മറ്റ് ബന്ധപ്പെട്ടവരെയും ട്രിബ്യൂണലിൽ നിന്ന് ആജ്ഞാനുസരണം അറിയിക്കുന്നതുമാകുന്നു.

ട്രിബ്യൂണലിന്റെ തീരുമാനങ്ങൾ അനുസരിച്ച് പ്രസിദ്ധപ്പെടുത്തുന്ന അന്തിമ (ഫൈനൽ) ലിസ്റ്റ് 2012 ഫെബ്രുവരി മാസം 08-ാം തീയതി കാതോലിക്കേറ്റ് ഓഫീസിലും, അസോസിയേഷൻ യോഗസ്ഥലത്തും പ്രസിദ്ധീകരിക്കുന്നതാണ്.

നമ്മുടെ അദ്ധ്യക്ഷതയിൽ ഇപ്പോഴുള്ള മാനേജിംഗ് കമ്മറ്റി അംഗങ്ങളും പള്ളി ഇടവകകളിൽ നിന്നും നിയമാനുസരണം തെരഞ്ഞെടുക്കപ്പെടുന്ന പ്രതിപുരുഷന്മാരും, ഈ കൽപ്പന അനുസരിച്ച് കൂടുന്ന അസോസിയേഷൻ യോഗത്തിൽ സംബന്ധിക്കുന്നതിന് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ ഭരണഘടനപ്രകാരം അർഹതയുള്ള അംഗങ്ങളായിരിക്കും. എന്നാൽ മാനേജിംഗ് കമ്മറ്റിയിലെ നോമിനേറ്റു ചെയ്യപ്പെട്ടിട്ടുള്ള അംഗങ്ങൾക്ക് അസോസിയേഷൻ തെരഞ്ഞെടുക്കേണ്ട ഏതെങ്കിലും സ്ഥാനത്തേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിന് അവകാശമുണ്ടായിരിക്കുകയില്ല.

അസോസിയേഷൻ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുന്നതിനോ, യോഗാരംഭത്തിനുശേഷം തുടർന്ന് യോഗം നടത്തിക്കൊണ്ട് പോകുന്നതിനോ, വൈസ് പ്രസിഡണ്ടുമാരിൽ ആരെയെങ്കിലും നിയോഗിക്കുന്നതിന് നമുക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാകുന്നു. അസോസിയേഷൻ യോഗം സംബന്ധിച്ച ക്രമീകരണങ്ങളെപ്പറ്റിയോ യോഗനടപടികളെപ്പറ്റിയോ നാം നേരിട്ടോ, കാതോലിക്കേറ്റ് ഓഫീസ് മുഖാന്തിരമോ, അപ്പോഴപ്പോൾ പ്രസിദ്ധപ്പെടുത്തുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് ബന്ധപ്പെട്ടവർ പ്രവർത്തിക്കേണ്ടതുമാകുന്നു.

ഈ കൽപ്പന സഭയിലെ എല്ലാ ഇടവകപള്ളികളുടെയും സഭാംഗങ്ങളുടെയും മറ്റും അറിവിലേക്കും, ഇതിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള നടപടികൾക്കുമായി 2011 നവംബർ മാസം 25-ാം തീയതിയിലെ പ്രമുഖ മലയാള ദിനപ്പത്രങ്ങളിലും, 'മലങ്കരസഭ' മാസിക, മലങ്കരസഭാപത്രിക എന്നിവയിലും പ്രസിദ്ധീകരിക്കുന്നതാണ്.

അസോസിയേഷൻ യോഗത്തിൽ സംബന്ധിക്കുന്നതിന് അർഹതയുള്ള അംഗങ്ങൾക്ക് ഈ കൽപനയുടെ ഓരോ പകർപ്പ് നമ്മുടെ ഫാസിമിലി ഒപ്പോടുകൂടി അയയ്ക്കുന്നതും അത് 2012 മാർച്ച് 07-ാം തീയതി കൂടുന്ന അസോസിയേഷൻ യോഗം സംബന്ധിച്ച അറിയിപ്പായി പരിഗണിക്കേണ്ടതുമാകുന്നു.

ഈ കൽപ്പന പ്രകാരം കൂടുന്ന അസോസിയേഷൻ യോഗം സംബന്ധിച്ചോ, മേൽപ്രസ്താവിച്ച നടപടിക്രമം സംബന്ധിച്ചോ, ഇവയിൽപെടാത്തതായി അസോസിയേഷൻ യോഗം നടത്തിപ്പിന് അതതു സമയത്ത് ആവശ്യമായി വരുന്ന ഏതെങ്കിലും കാര്യങ്ങൾ സംബന്ധിച്ചോ, അസോസിയേഷൻ യോഗത്തിൽവച്ചോ, അതിനുമുമ്പോ അപ്പോഴപ്പോൾ യുക്തമായ തീരുമാനങ്ങൾ ചെയ്യുന്നതിന് നമുക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. അസോസിയേഷൻ യോഗത്തിന്റെ നടപടിക്രമങ്ങളും ക്രമീകരണങ്ങളും സംബന്ധിച്ച ചില പ്രധാന വിവരങ്ങൾ ഇതോടൊന്നിച്ച് അയയ്ക്കുന്നു. കൂടുതൽ വിവരങ്ങൾ നമ്മുടെ കാതോലിക്കേറ്റ് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

2011 നവംബർ മാസം 21-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.

*പകർപ്പ്*

1. നിലവിലുള്ള മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മറ്റി അംഗങ്ങൾക്ക്
2. പുതുതായി അസോസിയേഷൻ അംഗങ്ങളായി തെരഞ്ഞെടുക്കപ്പെടുന്ന പള്ളി ഇടവക പ്രതിപുരുഷന്മാർക്ക് (അന്തിമ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ ശേഷം)

# ശ്വാസകോശ രോഗങ്ങൾ എങ്ങനെയെല്ലാം?

**വ**ർദ്ധിച്ചു വരുന്ന ശ്വാസകോശ രോഗങ്ങളെക്കുറിച്ചു നാമെല്ലാവരും മാധ്യമങ്ങളിലൂടെ അറിഞ്ഞു കാണുമല്ലോ. എക്കാലവും വർദ്ധിച്ചുകൊണ്ടിരിക്കുന്ന വാണിജ്യവൽക്കരണവും വാഹനപ്പെരുപ്പവും മൂലം അന്തരീക്ഷമലിനീകരണം ഓരോ വർഷവും പതിൻമടങ്ങായിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ശ്വാസകോശരോഗങ്ങൾ സർവ്വസാധാരണമായിക്കൊണ്ടിരിക്കുന്ന സ്ഥിതി വിശേഷമാണ് ഇന്നു കേരളത്തിൽ.

മറ്റേതു സംസ്ഥാനത്തേക്കാളും ജനസാന്ദ്രതയേറിയ സംസ്ഥാനമാണ് കേരളം. ഇന്ന് മിക്ക വീടുകളിലും ഇന്ധനത്തിൽ ഓടുന്ന ഒരു വാഹനമെങ്കിലും ഇല്ലാത്തത് വിരളം. സ്വാഭാവികമായും ഇത്തരം വാഹനങ്ങളിൽ നിന്നും പിന്തള്ളുന്ന വാതകങ്ങൾ അന്തരീക്ഷത്തെ മലീമസമാക്കിക്കൊണ്ടിരിക്കുകയാണല്ലോ ഇവയെല്ലാം ശ്വാസിക്കാൻ വിധിക്കപ്പെട്ട ജനതയായി നാമും നിലകൊള്ളുന്നു.

ഹൃദയം പോലെ ശ്വാസകോശവും മനുഷ്യന് ഒഴിച്ചുകൂടാനാവാത്തതും സദാസമയം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതുമായ ഒരവയവമാണ്. പ്രാണവായു വലിച്ചെടുക്കുന്നതു കൂടാതെ സങ്കീർണ്ണമായ പല കടമകളും ശ്വാസകോശത്തിനു നിർവ്വഹിക്കേണ്ടതായുണ്ട്. പ്രതിദിനം ഏകദേശം 9000 ലിറ്റർ വായു വലിച്ചെടുക്കുന്ന ശ്വാസകോശം ഒരു വലിയ ഫിൽട്ടറായും പ്രവർത്തിക്കുന്നു. ശ്വാസകോശത്തിനുള്ളിൽ ശ്വാസക്കുഴലുകൾ, ശ്വാസകോശ അറകൾ, രക്തക്കുഴലുകൾ എന്നീ പ്രധാന ഘടകങ്ങളാണുള്ളത്. ഇവയിൽ ഓരോ ഘടകത്തെയും പ്രത്യേകമായി ബാധിക്കുന്ന അസുഖങ്ങളുണ്ട്. ഉദാഹരണമായി നമ്മുടെ സമൂഹത്തിൽ ഏറ്റവും കൂടുതൽ കണ്ടുവരുന്ന ശ്വാസരോഗമാണ് ആസ്തമ. ആസ്തമ ശ്വാസക്കുഴലുകളെയാണ് ബാധിക്കുക. അലർജിമൂലമുണ്ടാകുന്ന ശ്വാസക്കുഴലുകളുടെ നീർവീക്കമാണ് ആസ്തമ. ചുമ, ശ്വാസതടസ്സം, കഫക്കെട്ട്. ശ്വാസത്തിനിടെയുണ്ടാകുന്ന ചൂളംവിളി (Wheezing) ഇവയൊക്കെ ആസ്തമയുടെ ലക്ഷണങ്ങളാകാം. ചിലരിൽ പ്രത്യേകിച്ച് കുട്ടികളിൽ നിരന്തരമായി നെഞ്ചിനുള്ളിൽ കഫക്കെട്ടുണ്ടാകുന്നത് ആസ്തമ കാരണമാകാം.

ഇനി ചിലരിലാകട്ടെ, 40–50 വയസ്സിലായിരിക്കും ആദ്യമായി ശ്വാസംമുട്ടൽ അനുഭവപ്പെടുന്നത്. ഇത്തരം ആളുകൾ പുകവലിക്കാരോ എപ്പോഴെങ്കിലും പുകവലിച്ചിട്ടുള്ളവരോ ആകാം. ഇങ്ങനെയുള്ള അസുഖമാണ് COPD (Chronic Ohstructive Pulmonary Disease) ദീർഘകാലമായുള്ള പുകവലി കാരണം ഇവരുടെ ശ്വാസക്കുഴലുകൾക്കും ശ്വാസ അറകൾക്കും കേടുപാടു സംഭവിക്കുകയും തൽഫലമായി ശ്വാസപ്രക്രിയ അവതാളത്തിലാകുകയും ചെയ്യുന്നു. ഇത് ഒരു അലർജി രോഗമല്ല മറിച്ചോ ശ്വാസകോശത്തിന്റെ കേടുപാടുമൂലമുണ്ടാകുന്നതാണ്. ഇങ്ങനെയുള്ളവരിൽ കിതപ്പ്, ചുമ, കഫക്കെട്ട്, കഫത്തിൽ രക്തം മുതലായവ സാധാരണയായി കണ്ടുവരുന്നു.

അന്തരീക്ഷവുമായി സമ്പർക്കം പുലർത്തുന്നതിനാൽ ശ്വാസകോശത്തിൽ അണുബാധയുണ്ടാകുന്നതും സാധാരണം. സാധാരണയായി കണ്ടുവരുന്ന ബ്രോങ്കൈറ്റിസ് മുതൽ ന്യുമോണിയ, ടി.ബി തുടങ്ങിയവയെല്ലാം തന്നെ അണുബാധമൂലമുണ്ടാകുന്നതാണ്. ഇവയ്ക്കു നിദാനമായ അണുക്കൾ ശ്വാസകോശത്തെ നശിപ്പിക്കുകയും അതിൽ പെരുകുകയും ചെയ്യുന്നു. തൽഫലമായി രോഗിക്ക് പനി, വിറയൽ, ശക്തമായ ചുമ, ശ്വാസതടസ്സം മുതലായവ ഉണ്ടാകുകയും ചെയ്യുന്നു. നേരത്തെ കണ്ടുപിടിച്ചാൽ നൂറു ശതമാനവും ചികിത്സിച്ചു ഭേദമാക്കാവുന്ന അസുഖമാണ് ടി.ബി അഥവാ ക്ഷയരോഗം.

ഇനി ശ്വാസകോശത്തെ ബാധിക്കുന്ന ക്യാൻസറുകളെക്കുറിച്ചു പറയാം. ശ്വാസകോശത്തിലുണ്ടാകുന്ന അർബുദം മിക്കവാറും മാരകമായ സ്ഥിതിയിലായിരിക്കും ഡോക്ടറുടെ മുന്നിലെത്തുക. കാരണം പുകവലിക്കുന്നവരിലാണ് ക്യാൻസർ കൂടുതലായി കണ്ടുവരുന്നതും ഇങ്ങനെയുള്ളവർ തങ്ങൾക്കുള്ള ലക്ഷണങ്ങൾ പുകവലിമൂലമാണെന്നും ഡോക്ടറുടെ അടുത്തെത്തിയാൽ പുകവലി നിർത്തേണ്ടിവരുമെന്നുള്ള ആശങ്കയിലും ചികിത്സിക്കാതെ ആഴ്ചകൾ തള്ളിനീക്കുന്നു. ചുമ, ശ്വാസതടസ്സം, നെഞ്ചുവേദന, കഫത്തിൽ രക്തം മുതലായവയൊക്കെ പുകവലിക്കുന്നവരിൽ ക്യാൻസറിന്റെ ലക്ഷണങ്ങളാണ്. ഒരാൾ പുകവലി നിർത്തിയാലും അടുത്ത പത്തുവർഷത്തേക്ക് ക്യാൻസറുണ്ടാകാനുള്ള സാധ്യത വളരെ കൂടുതലാണ്. ഏകദേശം 20 ശതമാനം ശ്വാസകോശ ക്യാൻസറുകൾ നേരത്തേ കണ്ടുപിടിച്ചാൽ പൂർണ്ണമായും ഭേദമാക്കാവുന്നവയാണ്.

ശ്വാസകോശ രോഗങ്ങളുണ്ടായാൽ നിങ്ങളുടെ കുടുംബഡോക്ടർ നിർദ്ദേശിക്കുന്നതനുസരിച്ച് ഒരു പൾമനോളജിസ്റ്റ് (Pulmonologist) നെ കാണുന്നതാണ് ഉത്തമം. ശ്വാസകോശങ്ങളുടെ നിർണ്ണയത്തിനായി ഇത് ബ്രോങ്കാസ്കോപ്പി, പൾമണറി ഫംഗ്ഷൻ ടെസ്റ്റുകൾ, സ്കാനുകൾ, ബ്രത്ത് അനാലിസിസ് തുടങ്ങിയ ധാരാളം നൂതനസംവിധാനങ്ങൾ ഇന്നു ലഭ്യമാണ്. പലപ്പോഴും രോഗിയുടെയോ, രക്ഷിതാക്കളുടെയോ അലംഭാവമാണ് ശ്വാസരോഗങ്ങൾ വഷളാകാൻ കാരണമാക്കുന്നത്.

അവസാനമായി പലരും ചോദിക്കുന്ന ചോദ്യമിതാണ്. മുന്നത്തെ തലമുറയിലൊന്നും ഇത്തരം അസുഖങ്ങളില്ലായിരുന്നല്ലോ? തീർച്ചയായും, കാരണം പണ്ടുള്ളവർ ശ്വസിച്ചിരുന്ന വായു നിർമലമായിരുന്നു. അവരുടെ ജീവിത, ആഹാര രീതികൾ ലളിതമായിരുന്നു. എന്തായാലും ഒരുകാര്യം ഉറപ്പ്. ജനിച്ചശേഷം ആദ്യശ്വാസം എടുക്കുന്ന അതേ ശ്വാസകോശം തന്നെയാണ് മരണത്തിനു തൊട്ടുമുമ്പും നമ്മോടൊപ്പമുണ്ടാകുക. കണ്ണിലെ കൃഷ്ണമണിപോലെ കാത്തു സൂക്ഷിക്കണം നമ്മുടെ ശ്വാസകോശങ്ങളെ.

**ഡോ. വർഗീസ് സഖറിയ,**
MBBS, DNB, DTCD, MNAMS, FCCP(USA)
Consultant Pulmonologist,
The Chest Clinic,
Muthoor, Thiruvalla-7,
0469-2633467, 8089327857,chestclin@gmail.com

Advt.





## പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊ്



**Dr. George Thomas,**
**Dr. Grace George,**
**Dr. Gem George**
**& Greg**

**SOUTH AFRICA**


**B R I D E   W A N T E D**

NRI Orthodox parents invite proposals from God fearing professionally qualified girls for their Son 28/ 170, B.Tech (ECE) working at Bombay (L&T) Net work Engineer.

ID 2588590
Tel : 04734-212119
Mob. 984133307
email: jiju.83@gmail.com

**B R I D E   W A N T E D**

PARENTS OF ORTHODOX BOY 29 YEARS, 173 Cm, 63 Kg, M.Tech., DOUBLE M.B.A., TEETOTALLER, MIDDLE CLASS FAMILY SEEKS ALLIANCE FROM BEAUTIFUL ENGINEERING GRADUATE. NO MATTER OF FINANCIAL BACK GROUND.

M4MARRY. COM I.D;2114401.
Please contact: saroan69@yahoo.co.in
097518-77218

**B R I D E   G R O O M   W A N T E D**

Financially sound retired orthodox parents invite proposals for daughter, 26 (01/85) 160,M.Sc Nursing, working as college lecturer in a reputed college in central travancore from educated employed boys India or abroad.

contact:
9745023192 (India).
6233086069 (USA).

## പദപ്രശ്നം-27, ശരിയുത്തരം

**വിജയി:- അന്നമ്മ കശി, കുമ്പനാട്**

2. അന്നമ്മ ഡേവിഡ്, കോഴഞ്ചേരി; 3. അമ്മിണി സക്കറിയ, പഴഞ്ഞി; 4. അമ്മിമി കുഞ്ഞൂകുഞ്ഞ്, തലവൂർ; 5. ആലീസ് ഏബ്രഹാം, കോയമ്പത്തൂർ; 6. ആനി സഖറിയ, തിരു.; 7. ആനി എൽസാ വർഗീസ്, പത്തനാപുരം; 8. ആൻസി അന്നാ തോമസ്, തിരു.; 9.എൽസാ മേരി ഏബ്രഹാം, കോട്ടയം; 10. എബിൻ വിനോദ്, അയ്മനം; 11. എലിസബത്ത് മാത്യു, കരിക്കം; 12. കെ.കെ. ഏബ്രഹാം, പനയമ്പാല; 13. എലിസബത്ത് വർഗീസ്, പുനലൂർ; 14. ഡോ. ഏലയാമ്മ ഐസക്, പുത്തൂർ; 15. ഏലിയാമ്മ ജോർജ്, കണ്ണനല്ലൂർ; 16. ഏബ്രഹാം വർഗീസ്, ബുധനൂർ; 17. എലിസബത്ത് ജോർജ്, ചെന്നൈ-37; 18. പി.ജെ. ഏബ്രഹാം, തുമ്പമൺ; 19. കെ.സി. എലിസബത്ത് തമ്പി, കൊച്ചി-36; 20. എലിസബത്ത് മാത്യു, കടമ്മനിട്ട; 21. ബാബുക്കുട്ടി വി. തലവൂർ; 22. ബേബി വർഗീസ്, കോട്ടയം; 23. ബെന്നിക്കുട്ടി കെ. പത്തനാപുരം; 24. ബീനാ വർഗീസ്, കോട്ടയം; 25. ബെൻസി അന്ന ഈപ്പൻ, എറണാകുളം; 26. ചാി കെ.വി. വശായ്, മുംബൈ; 27. ചിന്നമ്മ ചോൺ, കൊട്ടാരക്കര; 28. ചിന്നമ്മ ജോൺ, തിരു.; 29. ചറിയാൻ വർഗീസ്, ആലപ്പുഴ; 30. കെ. കെ. ഡാനിയേൽ, മുഖത്തല; 31. ജോർജ് മാത്യു, കോഴഞ്ചേരി,; 32. കെ. ജോർജ്, അതിരുങ്കൽ; 33. ജെസ്സി മാത്യു, പുറമറ്റം; 34. ജെസ്സി മാത്യു, പുനലൂർ; 35. ജെസ്സി കെ. വർഗീസ്, തുമ്പമൺ; 36. കുഞ്ഞൂഞ്ഞമ്മ വർഗീസ്, കൊട്ടാരക്കര; 37. കുഞ്ഞുമോൾ ജോൺ, തലവൂർ; 38. കുഞ്ഞമ്മ വർഗീസ്, കൊട്ടാരക്കര; 39. ലില്ലി

*ശേഷം 21-ാം പേജിൽ*

# മലങ്കരസഭ
## പദപ്രശ്നം

29

| | | | | | | |
|---|---|---|---|---|---|---|
| 1 | 2 | | 3 | 4 | | 5 |
| 6 | | ■ | | | ■ | |
| | 7 | | | | 8 | 9 |
| | ■ | 10 | 11 | 12 | | |
| | 13 | 14 | | 15 | ■ | 16 |
| 17 | 18 | | 19 | | | |

### വലത്തോട്ട്

2. മഹിമയുടെ യഹോവ നമുക്ക് വീതിയുള്ള നദിയ്ക്കും തോടിനും പകരമായിരിക്കും തുവച്ച.........അതിൽ നടക്കയില്ല. (യെശ. പ്രവചനം) (3)
4. യഹോവയായ ദൈവം കാലാകാലങ്ങളിൽ നല്കുന്ന നിയമങ്ങൾ ഇങ്ങനെ അറിയപ്പെടുന്നു (3)
6. യേശു കടലിന്മേൽ നടക്കുന്നത് ക് ഭ്രമിച്ച ശിഷ്യന്മാർക്ക് ഉ ാ യത് (2)
7. ദേശങ്ങളിൽ സഞ്ചരിച്ച് സുവിശേഷ വേല ചെയ്യുന്നവർക്ക് പറയുന്ന പേര് (4)
8. പുറമേയുള്ള മനുഷ്യനെ ശുദ്ധീകരിക്കുന്നതുപോലെ...........മേയുള്ള മനുഷ്യനേയും ശുദ്ധീകരിക്കണം (2)
10. യോസഫിന്റെ ഗോത്രമായ മനശ്ശെ ഗോത്രത്തിലെ ഗദ്ദിയുടെ പിതാവ്. കനാൻ ദേശം ഉറ്റു നോക്കുന്നവരിൽ ഇവനും ഉായിരുന്നു (2)
12. ലൂസ്സയിൽ നിന്നും 18 മൈൽ ദൂരെയുള്ള ഫലഭൂയിഷ്ടമായ ഒരു സ്ഥലം പൗലോസും ബർന്നബാസും ഇവിടം സന്ദർശിച്ചി ട്ടു് (3)
14. അഹറോൻ മരിച്ച സ്ഥലം (3)
17. വിളവിനു പറയുന്ന ഒരു അളവ്, 30,60,100 എന്ന കണക്കിലാണിതു പറയുന്നത് (2)
18. ഒന്നാം നൂറ്റാിൽ ജീവിച്ചിരുന്ന ഒരു ചക്രവർത്തി. ക്രിസ്ത്യാനികളുടെ ശത്രു ആയിരുന്നു (2)
19. അക്കൽദാമ എന്ന വാക്കിന്റെ അർത്ഥം (4)

### താഴോട്ട്

1. പരിശുദ്ധന്മാരോടും, ശുദ്ധിമതികളോടുമുള്ള മദ്ധ്യസ്ഥപ്രാർത്ഥനയിൽ ഞങ്ങൾക്കുവേി ...........എന്ന് ചൊല്ലാറു് (6)
2. ആഹാബിന്റെ സൂര്യഘടികാരത്തിൽ ഇറങ്ങിപ്പോയ നിഴലിനെ യഹോവ പത്തു...........പിന്നോട്ടാക്കി (2)
3. സ്തേഫാനോസിനോട് തർക്കിച്ചവരിൽ ലിബർത്തീനർ എന്ന പള്ളിക്കാരോടു ചേർന്ന് ഈ ദേശക്കാരും ഉായിരുന്നു (3)
4. യേശുവിനെ കാണാൻ സക്കായി ഒരു കാട്ടത്തിയിൽ........... (3)
5. കൂമൻ, മൂങ്ങാ എന്നിവയോടൊപ്പം അറപ്പായുള്ള ഒരു പക്ഷി (2)
8. യിസ്രായേല്യർ കനാൻ ദേശത്തെ ജയിച്ചപ്പോൾ ആശേർ ഈ പട്ടണത്തിൽ പാർത്തിരുന്നവരെ നീക്കാതെ അവരോടൊപ്പം കനാനിൽ പാർത്തു (2)
9. യൗവ്വന പ്രായത്തിലുള്ള വിവാഹം കഴിക്കാത്തവർക്ക് പഴയ നിയമത്തിൽ പറയുന്ന പേര് (3)
10. ഗാനം, കീർത്തനം എന്നർത്ഥം വരുന്ന സുറിയാനി പദം. ആരാധനകളിൽ പഴയനിയമം വായിക്കുന്നതിനുമുമ്പുള്ള ഗീതത്തിന് ഈ പേര് പറയുന്നു. മസ്മൂർ എന്ന വാക്കിൽ നിന്നാണിതു ായത് (3)
11. കനാൻ ദേശത്തിലെ രാജാവായ യാബീന്റെ സേനാനായകൻ. ദെബോരയോടൊപ്പം ബാരാക്ക് യുദ്ധം ചെയ്തു ഇവനെ തോല്പിച്ചുവെങ്കിലും യായേൽ ഇവനെ കൊന്നു (3)
12. ബാലസിംഹം..........കിട്ടാതെ വിശന്നിരിക്കും എന്നു പറഞ്ഞിരിക്കുന്നു (2)
13. മനുഷ്യനു സംഭവിക്കുന്നതിനു കാരണമായ ദേവ. അരാബ്യരും, സുറിയാക്കാരും പിന്മാറ്റക്കാരായ എബ്രായരും ഇതിനെ ആരാധിച്ചു (യെശയ്യ പ്രവചനം) (2)
15. കുറ്റമില്ലാത്ത...........ത്തെ കാണിച്ചു കൊടുത്തുവെന്ന് വിലപിച്ച് 30 വെള്ളിക്കാശ് യൂദാ എറിഞ്ഞു കളഞ്ഞു (2)

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം**
**പദപ്രശ്നം, മലങ്കരസഭ മാസിക**
**കാതോലിക്കേറ്റ് അരമന, ദേവലോകം, കോട്ടയം-38**

**ഉത്തരങ്ങൾ അയയ്ക്കേ**
**അവസാന തീയതി : 10-01-2012**

---

*20-ാം പേജിൽ നിന്നു തുടർച്ച...*

ക്കുട്ടി കെ. തേവലക്കര; 40. ലീലാമ്മ മാത്യു, തേവലക്കര; 41. അഡ്വ. ലൈലാ പോൾ, തിരു.; 42. ലൂക്കോസ് ഏബ്രഹാം, ന്യൂയോർക്ക; 43. മറിയം മാത്യു, കുറ; 44. മറിയാമ്മ വർഗീസ്, ആനിക്കാട്; 45. മേരിക്കുട്ടി ഡാനിയേൽ, തലച്ചിറച 46. മേരിക്കുട്ടി പാപ്പച്ചൻ, കലയപുരം; 47. മേരി മാത്യു, മാവേലിക്കര; 48. റ്റി. സി. മാത്തപ്പൻ, കുന്നംകുളം; 49. മാത്യൂസ് ജോൺ, പുനലൂർ; 50. മോളി മാത്യൂസ്, നിരങ്ങാനം; 51. മോളമ്മ തോമസ്, അമയന്നൂർ; 52. മിനി സഖറിയ, തിരുവല്ല; 53. മാത്യൂസ് വർഗീസ്, തിരുവല്ല; 54. ഓമന തോമസ്, കോട്ടയം; 55. പൊന്നമ്മ വർഗീസ്, ഇടുക്കി; 56. പ്രിൻസ് പാപ്പച്ചൻ, തിരു.; 57. പി.എ. രാജി, കടപ്ര-മാന്നാർ; 58. റാഹേലമ്മ തോമസ്, തുവയൂർ; 59. രെഞ്ചിനി റജി, കളമശേരി; 60. റിയ ആൻ ബിനു, എറണാകുളം; 61. റോസമ്മ വർഗീസ്, ഭരണിക്കാവ്; 62. സാറാമ്മ കുഞ്ഞുമോൻ ആയൂർ; 63. ഷേർളി അലക്സാർ, അടൂർ; 64. ഷാരോൺ മേരി മാത്യു, തിരു.; 65. പി.എ. സൂസമ്മ, കരീപ്ര; 66. സൂസമ്മ മാത്യൂസ്, നാരങ്ങാനം; 67. സൂസമ്മ വർഗീസ്, മാവേലിക്കര; 68.ഷൈനി തോമസ്, ഇൻഡോർ; 69. തോമസ് രാജൻ, കുന്നന്താനം; 70. താരാ മേരി കോശി, കോട്ടയം; 71. തോമസ് വർഗീസ്, കരിക്കം; 72. കെ. തോമസ്, ഇൻഡോർ; 73. ട്രീസാ ചെറിയാൻ തരകൻ, ബാംഗ്ലൂർ; 74. ഉണ്ണി വർഗീസ്, പെരിങ്ങര; 75. വത്സമ്മ ജോൺ പോൾ, ഉള്ളന്നൂർ; 76. വത്സമ്മ സഖറിയ, മുംബൈ; 77. വത്സമ്മ ഫിലിപ്പ്, വെണ്ണിക്കുളം; 78. യോഹന്നാൻ വർഗീസ്, പത്തനാപുരം; 79. സക്കറിയ യോഹന്നാൻ, വടവുംകോട്. 80. മേരിക്കുട്ടി അലക്സാർ, തിരു.; 81. സാറാമ്മ ഐസക്, ആറ്റുവ.

**പദപ്രശ്നം-27-ശരിയുത്തരം**

| | | | | | | |
|---|---|---|---|---|---|---|
| 1 കാ | 2 നാ | 3 ബ | 4 സേ | ലി | യോ | 5 സ് |
| 6 ദീ | 7 മോ | ൻ | 8 ന | 9 യ | രാ | തൗ |
| 10 ശേം | ഹം | ■ | 11 മ | യ | സ് | മെ |
| 12 ബ | സ് | മ | ൽ | ക്കോ | ■ | ൻ |
| ർ | 13 മ | ൽ | ക്കി | ബാ | ■ | കാ |
| 14 സൗ | ഖ്യം | 15 ലേ | രാം | ■ | 16 കോ | ലോ |
| 17 മ | ഹ | വ്യ | ൻ | 18 പാ | രെ | സ് |

**(അഭിപ്രായങ്ങളും സംശയങ്ങളും അറിയിക്കുക:**
**ഫാ. തോമസ് മാത്യു, കൊട്ടാരക്കര**
**ഫോൺ: 9847555113)**

# ദിവ്യതേജസ്സ് തുളുമ്പിയ വ്യക്തിത്വം

- പ. കുറിച്ചി ബാവായുടെ 48–ാം ഓർമ്മപ്പെരുന്നാൾ
- 2012 ജനുവരി 1, 2 തീയതികളിൽ കുറിച്ചി വലിയ പള്ളിയിൽ
- അഖില മലങ്കര പ്രസംഗ മത്സരം ● ശ്രാദ്ധസദ്യ ● പദയാത്ര



പതിനേഴു വർഷം മെത്രാപ്പോലീത്തായും, 34 വർഷം കാതോലിക്കായും ആയിരുന്ന് മലങ്കരസഭയുടെ വിധി നിർണ്ണായഘട്ടത്തിൽ സഭയെ നയിച്ച മഹാനും പരിശുദ്ധ പിതാവുമായിരുന്നു പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ.

ഗീവർഗീസ് ദ്വിതീയൻ ബാവായുടെ വിജയരഹസ്യം ദൈവത്തിലുള്ള അടിയുറച്ച വിശ്വാസവും ഭക്തിയും സർവ്വോപരി തിരുമേനിയുടെ സത്യദീക്ഷയുമായിരുന്നു. ഏതൊരു വീരന്റേയും കാൽ ഇടറുന്ന അവസരത്തിൽ പോലും സത്യം ജയിക്കുമെന്ന പതറിപ്പോകാത്ത വിശ്വാസം ബാവായെ ഭരിച്ചിരുന്നു. ഈ ദൈവ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ പ. ബാവാ തിരുമേനിയിൽ പ്രകടമായിരുന്ന ദൈവീകഫലങ്ങളെ നമുക്ക് തിരിച്ചറിയാൻ സാധിക്കും.

നോമ്പ്, ഉപവാസം, പ്രാർത്ഥന, എന്നിവ വളരെ കൃത്യമായി ആചരിച്ചിരുന്നു. സത്യം, നീതി, ധർമ്മം മുതലായ ക്രൈസ്തവ ദർശനങ്ങൾ അണുവിടാതെ പാലിച്ചിരുന്നു.

**സ്വയത്യാഗം:** സഭാസമാധാന ആലോചനകളിൽ തിരുമേനിയുടെ വ്യക്തിമഹാത്മ്യം തെളിഞ്ഞുകാണാമായിരുന്നു. വിനിയാന്വിതനായി സ്വയം താണ് സമാധാനം കൈവരുത്തുന്നതിന് എന്തു ത്യാഗവും സഹിക്കുന്നതിന് തിരുമേനി കാണിച്ചിട്ടുള്ള സ്വയ പരിത്യാഗവും സൗമന്യസവും സമാധാന പ്രിയരായ സകലമാനപേരും മുക്തകണ്ഠം പ്രശംസിച്ചിട്ടു്. പട്ടം പൂർത്തീകരിക്കണമെന്ന എതിരാളിയുടെ വാദം പോലും തിരുമേനി സമ്മതിച്ചിട്ടു്.

**ആദരവ്:** മേല്പട്ടക്കോരോടും സന്യാസികളോടും തിരുമേനി അതീവ ആദരവു പ്രകടിപ്പിച്ചിരുന്നു. എത്ര പ്രായക്കുറവുള്ള മേല്പട്ടക്കാരൻ ആയിരുന്നലും – താൻ സ്ഥാനം നൽകിയിട്ടുള്ള ആൾ തന്നെ ആയിരുന്നാലും ദർശനമാത്രയിൽ സ്വസ്ഥാനത്തു നിന്നെഴുന്നേറ്റ് ആദരിക്കുന്ന രീതി വാർദ്ധകൃത്തിലും, രോഗിയും ദുർബലനും ആയിരുന്ന അവസരങ്ങളിൽ പോലും തിരുമേനിക്കുായിരുന്നു.

**ഗുരുഭക്തി:** തന്റെ ആത്മീയ ഗുരുക്കന്മാരായ പരുമല തിരുമേനിയെ പറ്റിയും, വട്ടശ്ശേരിൽ തിരുമേനിയെപറ്റിയും, അഗാധ ഭക്തിബഹുമാനങ്ങൾ ബാവാ തിരുമേനിക്കുായിരുന്നു. പ. ബാവാ തിരുമേനി റമ്പാനായതുമുതൽ പ. പരുമല തിരുമേനിയുടെ എല്ലാ ഓർമ്മപെരുന്നാളിലും സംബന്ധിക്കുമായിരുന്നു. പരുമല പെരുന്നാൾ വരുമ്പോൾ രാഴ്ച മുൻപ് പരുമലയിൽ എത്തി താമസിക്കും. സമുദായത്തിന്റെ ചില വിഷമഘട്ടങ്ങൾ വരുമ്പോൾ പരുമലയിൽ പോയി മുട്ടിപ്പായി ദൈവത്തോട് പ്രാർത്ഥിച്ചാണ് പ്രധാന തീരുമാനങ്ങൾ എടുത്തിട്ടുള്ളത്. പരുമല പെരുന്നാളിൽ പ. പരുമലതിരുമേനിയുടെ കാപ്പ ഉപയോഗിച്ചാണ് പ. ബാവാ തിരുമേനി വി. കുർബാന അർപ്പിച്ചിരുന്നത്.

**സ്ഥാനമഹിമ:** സ്ഥാനമഹിമ പാലിക്കുന്ന കാര്യത്തിൽ തിരുമേനിക്ക് നിർബന്ധം ഉായിരുന്നു. നോട്ടത്തിലും, സംസാരത്തിലും, നടപ്പിലും, നടപടികളിലും സ്ഥാനത്തിനു ചേർന്ന ഉന്നതഭാവം തിരുമേനിക്കുായിരുന്നു. വിശിഷ്ടമായ സ്ഥാനവസ്ത്രങ്ങളും ചിഹ്നങ്ങളും ധരിക്കുന്നതിന് തിരുമേനി ശ്രദ്ധിക്കുമായിരുന്നു.

**സ്നേഹനിധിയായ പിതാവ്:** കോപം തിരുമേനിയുടെ ബലഹീനതയായി പലരും പറയാറു്. എന്നാൽ തക്കകാരണം കൂടാതെ തിരുമേനി ഒരിക്കലും കോപിക്കുകയില്ല. അവ പരിഹരിക്കപ്പെടുമ്പോൾ തിരുമേനി ശാന്തനാകും. സ്നേഹമായി വർത്തിക്കും, ഗുണദോഷങ്ങൾ പറഞ്ഞുകൊടുക്കും നർമ്മസല്ലാപം ചെയ്യും, ഒരുവനെയും മുഷിപ്പിച്ചു വിടുകയില്ല. തിരുമേനി എത്രതന്നെ കോപിച്ചാലും ആർക്കും തിരുമേനിയോട് അനിഷ്ടം തോന്നുകയില്ല. തിരുമേനിക്ക് ആരോടും ശത്രുത ഇല്ലെന്നും എല്ലാവരുടേയും നന്മ മാത്രമാണ് ആഗ്രഹിക്കുന്നതെന്നും പരക്കെ അറിവുള്ളതാണ്.

പ. ബാവാ തിരുമേനിക്ക് ദൈവദത്തമായ പല കഴിവുകളും ഉായിരുന്നു ബാവാ തിരുമേനി ഇന്നും തിരശ്ശീലക്കപ്പുറം നമ്മോടുകൂടെയിരുന്ന് ദൈവത്തെ പ്രസാദിപ്പിക്കുകയും ദൈവത്തെ ആരാധിക്കുകയും ചെയ്യുന്നു. ഏലിശാ പ്രവാചകൻ തന്റെ ഗുരുവിനോട് "നിന്റെ ആത്മാവിന്റെ ഇരട്ടി പങ്ക് എന്റെമേൽ വരണമെന്ന് പറഞ്ഞതുപോലെ ബാവാ തിരുമേനിയിൽ വസിച്ച പരിശുദ്ധാത്മാവ് നമ്മിലും ബന്ധിച്ച് നമ്മെ രൂപാന്തരപ്പെടുത്തുന്നതിനും ശക്തീകരിക്കുന്നതിനും പ്രാർത്ഥിക്കാം.

**പ. ബാവാതിരുമേനിയുടെ ഓർമ്മപെരുന്നാൾ കുറിച്ചി വലിയ പള്ളിയിൽ 2012 ജനു. 1,2** (ഞായർ, തിങ്കൾ) ദിവസങ്ങളിൽ കൊാടുന്നു. 1–ാം തീയതി വൈകിട്ട് ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് അനുസ്മരണ പ്രഭാഷണം നടത്തും. 2–ാം തീയതി 8.30–ന് അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാനയും നേർച്ച വിളമ്പും, ശ്രാദ്ധസദ്യയും ഉായിരിക്കും. 2 p.m. ന് കുറിച്ചി വലിയ പള്ളിയിൽ നിന്ന് തീർത്ഥയാത്ര ദേവലോകം അരമനയിലേക്ക് നടത്തുന്നതാണ്.

പ. ബാവാ തിരുമേനിയുടെ മാതൃഇടവകയായ കുറിച്ചി വലിയ പള്ളിയിൽ പ. ബാവായുടെ സ്മരണാർത്ഥം ധ്യാനമന്ദിരവും, മ്യൂസിയവും സ്ഥാപിച്ചിരിക്കുന്നു. ധ്യാനമന്ദിരത്തിൽ മാസാദ്യവെള്ളിയാഴ്ചകളിൽ പ. ബാവാ തിരുമേനിയോടുള്ള മദ്ധ്യസ്ഥപ്രാർത്ഥനയും, ധ്യാനയോഗവും നടന്നു വരുന്നു. ബഹുജന പ്രയോജനത്തിനുതകുന്ന ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ സ്മാരക പഠന കേന്ദ്രത്തിന്റെ നിർമ്മാണം ആരംഭിച്ചു. 1 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന സംരംഭത്തിനാണ് തുടക്കം ഇട്ടിരിക്കുന്നത്. സ്മാരക പഠന കേന്ദ്രത്തിനാവശ്യമായ വലിയ തുകയുടെ സമാഹരണം നിങ്ങൾ ഓരോരുത്തരുടെയും സഹായംകൊേ പൂർത്തീകരിക്കപ്പെടാൻ സാധിക്കൂ. പ. ബാവായെ ആദരിക്കുകയും ബഹുമാനിക്കുകയും പ. പിതാവിന്റെ മദ്ധ്യസ്ഥതയിൽ അനുഗ്രഹം പ്രാപിക്കുന്നവരായ വിശ്വാസികളുടെ പ്രാർത്ഥനാപൂർവ്വമായ സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

**ഫാ. ജെയിംസ് മർക്കോസ്,**
**പടിയറ** (വികാരി)
Ph: 9447903391
kurichybava@yahoo.com

**Send your Donation to Account:-**

Baselius Geevarghese II Heritage Complex Fund
Federal Bank, Chingavanam,
Kottayam.

**A/c. No. 12990100091873**



www.kurichyvaliyapally.com

# പുൽത്തൊഴുത്തിന്റെ ക്രിസ്തീയ സൗന്ദര്യം

“സർവസമുദായങ്ങളും സൗഹാർദ്ദത്തോടുകൂടി പരസ്പരം സ്നേഹിച്ചും, സഹകരിച്ചും കഴിയുന്ന കേരളമാണ് ഞാൻ സ്വപ്നം കാണുന്നത്. ആ കേരളം കർമ്മഭൂമിയായ ഭാരതത്തിന്റെ അടിസ്ഥാനഘടകമായിരിക്കും. സമുദായസേവനവും രാജ്യ സേവനവും രല്ല, അവ ഒരേ അവസരത്തിൽ വച്ചുകൊിരി ക്കാവുന്നതും, വളർത്താവുന്നതും ആകുന്നു. പെറ്റമ്മയെ സ്നേഹിക്കാത്തവന് ലോകസാഹോദര്യ ബോധം എങ്ങനെ യാണു ാവുക.”



ജി. സുകുമാരൻ നായർ
ജനറൽ സെക്രട്ടറി
N.S.S.

നായർ സർവീസ് സൊസൈറ്റിയുടെ സർവസ്വവുമായ ഭാരതകേസരി ശ്രീ മന്നത്തു പത്മനാഭന്റെ പ്രസിദ്ധങ്ങളായ വാക്കുകളാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. മതസൗഹാർദ്ദത്തിന്റെയും, സാർവലൗകികതയുടെയും, സമാധാനത്തിന്റെയും, പ്രതീകമായ ക്രിസ്തുമസ് ആഘോഷവേളയിൽ മന്നത്താചാര്യന്റെ ഈ വാക്കുകൾക്ക് വളരെയേറെ പ്രസക്തിയു്.

"നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക” എന്ന മഹത്തായ വചനം ലോകജനതയ്ക്ക് സമ്മാനിച്ച ക്രിസ്തുദേവന്റെ തിരുപ്പിറവി ലോകമെങ്ങും ആഘോഷിക്കുമ്പോൾ, സമാധാനത്തിന്റെയും പാരസ്പര്യത്തിന്റെയും “ഒറ്റമൂലി”യാണ് ആ വചനമെന്ന സത്യം മാനവരാശിയെ വീും ഓർമ്മിപ്പിക്കുകയാണ്.

സർവലോകത്തിനും, മഹാസന്തോഷത്തിന്റെയും ഉണർവിന്റെയും സന്ദേശങ്ങൾ നൽകുന്ന ക്രിസ്തുമസ്, നമുക്ക് പുതിയ ചിന്തകളും, നവ്യമായ വിചാരങ്ങളും സമ്മാനിക്കുന്നു. കാലിത്തൊഴുത്തിൽ പിറന്ന ഉണ്ണിയേശു എളിമയുടെയും, വിനയത്തിന്റെയും, താഴ്മയുടെയും പ്രതീകമാകുന്നതോടൊപ്പം, ഉദാത്തമായ മാനവസ്നേഹത്തിലൂടെ ഔന്നത്യത്തിന്റെ ഗിരിശൃംഗങ്ങളിലേക്കുയരുന്നു. കാൽവരിയിലേക്ക് കുരിശുമായി വേദനയോടെ നടന്നുനീങ്ങിയ യേശുദേവൻ, മറ്റുള്ളവരുടെ ദുഃഖങ്ങളും പ്രയാസങ്ങളും സ്വയം ഏറ്റെടുക്കുവാൻ തയ്യാറാകുന്ന ത്യാഗധനനായ പുണ്യാത്മാവായി മനഷ്യമനസ്സുകളിൽ നിറഞ്ഞുനില്ക്കുന്നു. ‘‘നിങ്ങളിൽ പാപം ചെയ്യാത്തവർ കല്ലെറിയട്ടെ’’ എന്ന വചനം മനുഷ്യനെ ആത്മപരിശോധനയ്ക്കും, സ്വയംവിമർശനത്തിനും, അവനവനിലേക്ക് തിരിഞ്ഞുനോക്കാനും പ്രേരക ശക്തിയാകുന്നു.

‘ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം’ – യേശുക്രിസ്തുവിന്റെ ഈ വാക്കുകൾ മനുഷ്യന്റെ ചിന്തകളെയും വാക്കുകളെയും പ്രവർത്തികളെയും ബന്ധപ്പെടുത്തി, ആധുനിക മനശ്ശാസ്ത്രം ഉയർത്തിപ്പിടിക്കുന്ന ‘നിന്റെ ചിന്തകളാണ് നിന്റെ വിധിയെ നിശ്ചയിക്കുന്നത്’ എന്ന മഹാസത്യത്തിന്റെ അടിസ്ഥാനപ്രമാണമാണെന്ന് നമുക്ക് കാണാം.

ആധുനികകാലം, മാനവരാശിയുടെ ജീവിതയാത്രയിൽ നിരവധി വെല്ലുവിളികൾ ഉയർത്തുന്ന സാഹചര്യത്തിലാണ് നാം ക്രിസ്തുമസ് ആഘോഷിക്കുന്നത്. മതസൗഹാർദ്ദത്തിനെതിരെ ഉയരുന്ന വെല്ലുവിളികൾ; പരസ്പരസ്നേഹവും സാഹോദര്യവും തകരുന്ന സാഹചര്യങ്ങൾ; അതിവ്യയവും, ധൂർത്തും, മൂല്യച്യുതിയും ഉയർത്തുന്ന കുടുംബ-സാമൂഹ്യപ്രശ്നങ്ങൾ; വെട്ടിപ്പിടിക്കാനുള്ള ഓട്ടത്തിനിടയിൽ തകരുന്ന വ്യക്തിബന്ധങ്ങളും, മാനുഷികമൂല്യങ്ങളും; മദ്യത്തിനും, മയക്കുമരുന്നിനും അടിമപ്പെടുന്നവരും തകരുന്ന കുടുംബബന്ധങ്ങളും; ഏകാന്തതയിലാകുന്ന വൃദ്ധജനങ്ങൾ- തുടങ്ങി നിരവധി പ്രതിസന്ധികൾ നമ്മെ ഗ്രസിച്ചുകൊിരിക്കുന്നു. ഈ പ്രശ്നങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുവാനും, സർവലോകത്തിനും സന്തോഷവും സമാധാനവും നൽകാൻ കഴിയുന്ന കൂട്ടായ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാനുമുള്ള അവസരമാകട്ടെ ഈ ക്രിസ്തുമസ് ആഘോഷവേളകൾ.

സമുദായാചാര്യൻ ശ്രീ മന്നത്തു പത്മനാഭനും, മലങ്കരസഭയുടെ “ഗർജ്ജിക്കുന്ന സിംഹമായിരുന്ന” അഭൗമ തേജസ്സ് ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ എന്ന ‘കല്ലാശ്ശേരിൽ ബാവായും’ തമ്മിലുള്ള സ്നേഹമസൃണമായ പവിത്ര ബന്ധവും അദ്ദേഹത്തിന്റെ പിൻഗാമിയായിരുന്ന പ. ബസേലിയോസ് ഔഗേൻ പ്രഥമൻ ബാവാ തിരുമേനി 1974-ൽ മന്നം ജയന്തി സമ്മേളനം ഉദ്ഘാടനം ചെയ്ത് മന്നത്തു പത്മനാഭന്റെ അന്ത്യവിശ്രമ സ്ഥലത്ത് പുഷ്പാർച്ചന നടത്തിയതും മുമ്പ് സൂചിപ്പിച്ച പവിത്ര ബന്ധത്തിന്റെ തീവ്രത വെളിവാക്കുന്നതാണ്.

സ്നേഹം പകരാനും, നന്മകൾ നിറയ്ക്കുവാനും, മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനും കഴിയുന്ന സുവർണ്ണനാളുകളാകട്ടെ ഈ ക്രിസ്തുമസ് - നവവത്സരദിനങ്ങൾ എന്ന് ആശംസിക്കുന്നു.

മലങ്കര ഓർത്തഡോക്സ് സഭയിലെ എല്ലാ പ്രിയ സഹോദരങ്ങൾക്കും ഞാൻ ആഹ്ലാദകരവും, സമ്പൽസമൃദ്ധവും, സ്നേഹപൂർണ്ണവുമായ ക്രിസ്തുമസ് - നവവത്സരാശംസകൾ നേരുന്നു.





# നസ്രാണി പെൺമ



**O.P. ശോശാമ്മ ഐ.എ.എസ്.**

അപൂർവമായ റെക്കാർഡുകളുടെ ഉടമയാണ് ശ്രീമതി ഒ.പി. ശോശാമ്മ. മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിൽ പങ്കെടുക്കുന്ന സഭാംഗമായ ആദ്യ വനിത എന്ന പദവിക്ക് ഇവർ അർഹയാണ്.

സിവിൽ സർവ്വീസ് രംഗത്തെ നസ്രാണി സ്ത്രീ സാന്നിധ്യം ചുരുക്കമാണ്. ശ്രീമതി O.P. ശോശാമ്മ I.A.S. ആ മേഖലയിൽ പ്രഥമ ഗണനീയയാണ്. തമിഴകത്തെ ഭരണരംഗത്ത് ഈ ഓർത്തഡോക്സു വിശ്വാസിനിയുടെ പ്രയത്നങ്ങളും പ്രവർത്തനങ്ങളും മലങ്കര സഭയ്ക്ക് അഭിമാനകരമായ നേട്ടങ്ങൾ സമ്മാനിക്കുകയാണ്.

1948 ആഗസ്റ്റ് 26-ന് കോട്ടയത്തിനു സമീപമുള്ള അമയന്നൂരിലായിരുന്നു ഈ മഹിളാരത്നത്തിന്റെ ജനനം. നല്ല ഒരു കർഷകനായ പിതാവ് ശ്രീ. ഒ.റ്റി. പോത്തൻ നാല്പതു വർഷം വടക്കൻമണ്ണൂർ സെന്റ് തോമസ് പള്ളിയിലെ സൺഡേസ്ക്കൂൾ ഹെഡ്മാസ്റ്ററായിരുന്നു. മാതാവ് ഏലിയാമ്മ ഗൃഹഭരണത്തിൽ വ്യാപൃതയുമായിരുന്നു. പിതാവിന്റെ ആത്മീയ ശിക്ഷണത്തെക്കുറിച്ച് വാചാലയാകുന്നു ശ്രീമതി ശോശാമ്മ. 5 വർഷം സൺഡേസ്ക്കൂൾ മത്സരങ്ങളിൽ കേന്ദ്രതല വിജയിയായിരുന്നു. രു സഹോദരന്മാരും ഒരു സഹോദരിയും ശ്രീമതി ശോശാമ്മയ്ക്കു്.

ഹൈസ്ക്കൂൾ വിദ്യാഭ്യാസം അമയന്നൂരിൽ പൂർത്തിയാക്കി. 1971-ൽ കോട്ടയം സി.എം.എസ്. കോളേജിൽ ബോട്ടണി ഐച്ഛികമായെടുത്ത് ഒന്നാം റാങ്കിൽ ബിരുദം കരസ്ഥമാക്കി. 1972 ഇൻഡ്യൻ സിവിൽ സർവ്വീസ് രംഗത്തേക്ക് കടന്ന് I.A.S. നേടി. തന്റെ പ്രവർത്തന മണ്ഡലമായി തെരഞ്ഞെടുത്തത് തമിഴ് മണ്ണായിരുന്നു. ആദ്യ ചുമതല തൃച്ചിയിൽ അസിസ്റ്റന്റ് കളക്ടറായിട്ടായിരുന്നു. തുടർന്ന് ചിദംബരം അസി. കളക്ടർ, തഞ്ചാവൂർ, മദ്രാസ് എന്നിവടങ്ങളിൽ കളക്ടറായും സേവനമനുഷ്ഠിച്ചു. പിന്നീട് തമിഴ്നാട് സിമന്റ് കോർപറേഷൻ, തമിഴ്നാട് ഇൻഡസ്ട്രിയിൽ കോർപ്പറേഷൻ, ലാൻഡ് യൂസേഴ്സ് അതോറിറ്റി. ചെറുകിട വ്യവസായ കോർപ്പറേഷൻ തുടങ്ങിയ വിവിധ വകുപ്പുകളിൽ പ്രിൻസിപ്പൽ സെക്രട്ടറിയായും ചെയർപേഴ്സണായും ചുമതല വഹിച്ചു. 2008-ൽ ചുമതലകളിൽ നിന്നും വിരമിച്ചു. ഇപ്പോൾ സെൻട്രൽ അഡ്മിനിസ്ട്രീസ് ട്രൈബ്യൂണൽ അംഗമായി പ്രവർത്തിക്കുന്നു. അങ്ങനെ തന്നെ ഏൽപ്പിച്ച പദവികളും ചുമതലകളും വിശ്വസ്തമായി കൈകാര്യം ചെയ്തതിന്റെ അടയാളങ്ങളാണ് അവർ വഹിച്ചിട്ടുള്ള മഹനീയ സ്ഥാനങ്ങൾ.

അപൂർവമായ റെക്കാർഡുകളുടെ ഉടമയാണ് ശ്രീമതി ഒ.പി. ശോശാമ്മ. മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിൽ പങ്കെടുക്കുന്ന സഭാംഗമായ ആദ്യ വനിത എന്ന പദവിക്ക് ഇവർ അർഹയാണ്. വൈദികട്രസ്റ്റി, അത്മായ ട്രസ്റ്റി എന്നിവരെ തെരഞ്ഞെടുക്കുന്നതിനായി 2006 ഒക്ടോബർ 16-ന് പരുമല സെമിനാരിയിൽ കൂടിയ അസോസിയേഷൻ യോഗത്തിലും ഏഴ് മേൽപ്പട്ടക്കാരെ തെരഞ്ഞെടുക്കുവാൻ 2008 സെപ്റ്റം. 11-ന് പാമ്പക്കുടയിൽ കൂടിയ അസോസിയേഷനിലും മുഖ്യ വരണാധികാരിയായി ചുമതല വഹിക്കുവാൻ നിയോഗിതയായതും ശ്രീമതി ഒ.പി. ശോശാമ്മയാണ്. മലങ്കരസഭാ മാസികയിൽ 'നമ്മിലൊരാൾ' എന്ന പംക്തിയിലൂടെ പരിചയപ്പെടുത്തുന്ന ആദ്യ വനിത എന്നപദവിയും ഇനി ഈ മഹിളയ്ക്ക് സ്വന്തം. തിരക്കേറിയ സേവന മേഖലയിൽ മുഴുകുമ്പോഴും ഉത്തമയായ കുടുംബിനിയായി, ഭവനത്തിൽ ചിലവഴിക്കുവാൻ ശ്രീമതി ശോശാമ്മ ശ്രമിക്കുന്നു. ഓമത്തിൽ കുടുംബാംഗമായ ശ്രീമതി ശോശാമ്മയെ വിവാഹം ചെയ്തിരിക്കുന്നത് കോന്നി മണ്ണികോയിക്കൽ കുടുംബാംഗമായ ശ്രീ മാമൻ എം. ഉമ്മനാണ്. അദ്ദേഹം ഷിപ്പിംഗ് കോർപ്പറേഷൻ ജനറൽ മാനേജരായി സേവനമനുഷ്ഠിച്ചിരുന്നു. ഇപ്പോൾ സേവനത്തിൽ നിന്ന് വിരമിച്ചു വിശ്രമജീവിതം നയിക്കുന്നു. ഏക മകൾ മേരി മാമ്മൻ.

ചെറുപ്പത്തിൽ തന്നേ സ്വപിതാവിൽ നിന്ന് അഭ്യസിച്ച സഭാജീവിതശൈലി ഇപ്പോഴും നിർവിഘ്നം കൊുപോകുവാൻ. ഈ വനിതാരത്നം ശ്രമിക്കുന്നു. ഇപ്പോൾ ചെന്നൈയിൽ സ്ഥിരതാമസമാക്കിയ കുടുംബം ബ്രോഡ്വേ കത്തീഡ്രൽ ഇടവകയിൽ അംഗമാണ്.

2008 സെപ്റ്റം. 11 കൂടിയ സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിൽ വരണാധികാരിയായി വേദിയിൽ ഉപവിഷ്ടയായ ശ്രീമതി ഒ.പി. ശോശാമ്മയെ അന്ന് ധ്യാനം നയിച്ച വന്ദ്യ ജേക്കബ് കുര്യനച്ചൻ വിശേഷിപ്പിച്ചത് അഞ്ചാം മാർത്തോമ്മായെ തടവിൽ നിന്ന് മോചിപ്പിക്കുവാൻ തന്റെ സ്വർണ്ണാഭരണങ്ങൾ ദാനം ചെയ്ത നിരണത്തെ പീത്തമ്മ തങ്കി എന്ന ധീര നസ്രാണി വനിതയുടെ പിൻമുറക്കാരിയായിട്ടാണ്. ഇത് മലങ്കരസഭയിലെ വനിതകൾക്ക് ലഭിച്ച അംഗീകാരത്തിന്റെ മായാത്ത മുദ്ര.

ഉത്തമമായ കുടുംബിനിയായി, സേവനനിരതയായ ഉദ്യോഗസ്ഥയായി, തീക്ഷ്ണയുള്ള സഭാവിശ്വാസിനിയായി ഷഷ്ഠിപൂർത്തി പിന്നിട്ട് മൂന്നു സംവത്സരങ്ങൾ കഴിയുമ്പോഴും തന്റെ കർമ്മ പന്ഥാവിൽ മുഴുകുന്നു, ഒ.പി. ശോശാമ്മ ഐ.എ.എസ്. എന്ന ഈ നസ്രാണി വനിത.

*ഫാ. മാത്യു വർഗീസ്*

■

# നിത്യതേജസിലേക്ക്






*Inserted by:*

**ST. THOMAS ORTHODOX CATHEDRAL**
**DUBAI, U.A.E.**



തിരുപ്പിറവി

ഫാ. അലക്സ് പി. ജോർജ്

# ഇവർ ചെയ്തത് ധ്യാനിക്കുക



പുൽക്കുടിലിൽ പിറന്ന ഉണ്ണിയേശുവിനെ ഓർക്കുമ്പോൾ തന്നെ നമ്മുടെ ഉള്ളിൽ കുളിരു പരക്കുന്നു്. ക്രിസ്തുമസ്സിന്റെ സുന്ദര ദിവസങ്ങൾ നമുക്ക് സന്തോഷത്തിന്റേതു മാത്രമല്ല ഓർമ്മപ്പെടുത്തലുകളുടേതുകൂടിയാണ്. ക്രിസ്തുവിന്റെ ജനനം രേഖപ്പെടുത്തിയ സുവിശേഷ ഭാഗങ്ങൾ വായിക്കുമ്പോൾ ആ സമയത്ത് സജീവ സാന്നിദ്ധ്യങ്ങളായിരുന്ന ഭൗമികരും അഭൗമികരും ആയ ഏതാനും വ്യക്തിത്വങ്ങളെ ധ്യാന വിഷയമാക്കുകയാണ്.

### *1. സ്വർഗ്ഗീയ ദൂതന്മാർ:-*

*വി. ലൂക്കോ - 2:8-14*

യേശുക്രിസ്തുവിന്റെ ജനന സമയത്ത് മാലാഖമാർ നാലു കാര്യങ്ങൾ ചെയ്തു.

***(1.1) ക്രിസ്തുവിന്റെ ജനനം ഇടയന്മാരെ അറിയിച്ചു. :-***

സർവ്വപ്രപഞ്ചത്തിനും വരുവാനുള്ള നിത്യ രക്ഷയുടെ സദ്വാർത്തയാണ് മാലാഖ അറിയിച്ചത്. ഒരു വിശ്വാസിയുടെ വാക്കുകളും പ്രവർത്തികളും ദൈവത്തെക്കുറിച്ച് മറ്റുള്ളവർക്ക് അറിവു പകരുന്നതായിരിക്കണം. അ. പ്ര. - 8:35 *'ഫിലിപ്പോസ് ഈ തിരുവെഴുത്ത് ആധാരമാക്കി അവനോട് യേശുവിനെക്കുറിച്ചുള്ള സുവിശേഷം അറിയിപ്പാൻ തുടങ്ങി.'*

***(1.2) ക്രിസ്തുവിനെ തിരിച്ചറിയുവാനുള്ള അടയാളം പറഞ്ഞുകൊടുത്തു. :-***

ദൈവത്തെക്കുറിച്ച് പറയുക മാത്രമല്ല ആ ദിവ്യ സത്യത്തെ തിരിച്ചറിയുവാനുള്ള അടയാളവും മാലാഖ പറഞ്ഞു. നാം ജീവിക്കുന്ന സമൂഹത്തിൽ അനേകരെ ദൈവീകതയിലേയ്ക്ക് അടുപ്പിക്കുവാൻ സാധിക്കുകയില്ലേ ? വി. യോഹ - 1:46 *'ഫിലിപ്പോസ് അവനോട് വന്ന് കാൺക എന്നുപറഞ്ഞു.'*

***(1.3) ദൈവത്തിന് മഹത്വം പാടി :-***

ക്രിസ്തു ജനിച്ച സന്തോഷത്തിൽ മാലാഖമാർ ദൈവത്തെ മഹത്വപ്പെടുത്തി പാടി. ഈ പ്രപഞ്ചത്തിന് ദൈവം നൽകിയ ഏറ്റവും ശ്രേഷ്ഠവും, വിശുദ്ധവുമായ സമ്മാനമാണ് ക്രിസ്തു. എത്ര ക്രിസ്തുമസ് ദിനങ്ങൾ നാം ആഘോഷിച്ചു, ദൈവ കൃപകൾ എന്തെല്ലാം നമുക്ക് ലഭിച്ചു, ഇതിനു തക്കവിധത്തിൽ നാം ദൈവത്തെ മഹത്വപ്പെടുത്തിയോ ? സങ്കി. 119:62 *'നിന്റെ നീതിയുള്ള ന്യായവിധികൾ ഹേതുവായി നിനക്ക് സ്തോത്രം ചെയ്‌വാൻ ഞാൻ അർദ്ധരാത്രിയിൽ എഴുന്നേറ്റു.'*

***(1.4) മനുഷ്യർക്ക് സമാധാനം ആശംസിച്ചു :-***

മാലാഖമാർ ചെയ്ത അവസാനത്തെ കർമ്മം സമാധാന ആശംസയാണ്. ഭിന്നതകളും കലക്കങ്ങളും ഏറിവരുന്ന ഇക്കാലത്ത് *Happy Christmas* മാത്രമല്ല *Peacefull Christmas* ഉം ആശംസിക്കുവാൻ നമുക്ക് സാധിക്കണം. വി. മത്താ. - 5:9 *'സമാധാനം ഉാക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും.'*

### *2. ക്രിസ്തുവിനെ കാണുവാൻ പോയ മൂന്നു മനുഷ്യർ:-*

വി. മത്താ. 2:11-13 ഈ മൂന്നുവ്യക്തികൾ രാജാക്കന്മാരാണ്, ഇടയന്മാരാണ്, ജ്ഞാനികളാണ് എന്നിങ്ങനെ പണ്ഡിതമതങ്ങൾ വ്യത്യസ്തമാണ്. പ്രവർത്തനമേഖല ഏതുതന്നെയായാലും ഇവരിൽ ചില പ്രത്യേകതകൾ ദർശിക്കാം.

***(2.1) അറിയിപ്പുകേട്ട ഉടനെ ക്രിസ്തുവിനെക്കാണുവാൻ പോയി :-***

ക്രിസ്തുവിന്റെ ജനന വാർത്ത അറിഞ്ഞ ഉടനെ യാതൊരു സംശയവും കൂടാതെ ലോകരക്ഷകനെ കാണുവാൻ ഇവർ യാത്ര പുറപ്പെട്ടു. ഒരു വിശ്വാസിയുടെ ജീവിതത്തിന്റെ പരമമായ ഉദ്ദേശ്യം ദൈവ അന്വേഷണമാണ്. നാം ദൈവത്തെക്കുറിച്ച് ധാരാളം കേൾക്കുന്നു. ഈ അറിവുകളെ ക്രോഡീകരിച്ച് ഒരന്വേഷണത്തിന് നാം തയ്യാറാകുന്നുവോ? സങ്കീ. 14:2- *'ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാനുണ്ടോ എന്നു കാൺമാൻ യഹോവ സ്വർഗ്ഗത്തിൽ നിന്ന് മനുഷ്യപുത്രന്മാരെ നോക്കുന്നു.'*

***(2.2) കാഴ്ചകളർപ്പിച്ചു :-***

മൂന്നുപേരും ദൈവത്തിന്റെ മഹത്വത്തിനു ചേരുന്ന കാഴ്ചകൾ സമർപ്പിച്ചു. പൊന്ന് (രാജത്വം), മീറ (കഷ്ടാനുഭവം), കുന്തിരിക്കം (പൗരോഹിത്യം)- ഈ മൂന്നു വസ്തുക്കളും ക്രിസ്തുവിന്റെ അവതാര ഉദ്ദേശ്യവുമായി ബന്ധപ്പെട്ടുനിൽക്കുന്ന മൂന്ന് യാഥാർത്ഥ്യങ്ങളെ സൂചിപ്പിക്കുന്നു. നമ്മുടെ കാഴ്ചകൾ ദൈവ മഹത്വത്തിന് നിരക്കുന്നതാണോ? ഉൽ. 4:4 *'ഹാബേലും ആട്ടിൻകൂട്ടത്തിലെ കടിഞ്ഞൂലുകളിൽ നിന്നും, അവയുടെ മേദസ്സിൽ നിന്നുതന്നെ, ഒരു വഴിപാട് കൊുവന്നു. യഹോവ ഹാബെലിലും അവന്റെ വഴിപാടിലും പ്രസാദിച്ചു.'*

***(2.3) വേറെവഴിയായി തിരിച്ചുപോയി :-***

ക്രിസ്തുവിനെ അന്വേഷിച്ച് ഹെരോദാവിന്റെ കൊട്ടാരത്തിൽ എത്തിപ്പെട്ടുവെങ്കിലും ക്രിസ്തുവിനെ ക ശേഷം വേറേ വഴിയായി തിരികെപോയി. നന്മ എന്തെന്നറിഞ്ഞശേഷം വീും തിന്മയിലേയ്ക്ക് തിരിയരുത്. സങ്കീ. 37:27 *'ദോഷം വിട്ടൊഴിഞ്ഞ് ഗുണം ചെയ്യുക; എന്നാൽ നീ സദാകാലം സുഖമായി വസിക്കും.'*

***3. യൗസേഫും മറിയാമും :-***

യേശുക്രിസ്തുവിന്റെ ജനനത്തിൽ ഭാഗഭാക്കുകളായ ര് പ്രധാന വ്യക്തികളാണ് ഇവർ. ഈ മനുഷ്യർ നമ്മോട് ചില കാര്യങ്ങൾ പറയുന്നു്.

***(3.1) സൗമ്യതയും ശാന്തതയും :-***

ഇത്രവലിയ കാര്യങ്ങൾ സംഭവിച്ചിട്ടും ഇവർ ഒരിക്കൽ പോലും അമിത സന്തോഷമോ ദുഃഖമോ പ്രകടിപ്പിക്കാതെ സൗമ്യരായി ജീവിച്ചു. ചില കാര്യങ്ങൾ മനുഷ്യജീവിതത്തിൽ നിശ്ചയമായും സംഭവിക്കും. അതിൽ അമിത സന്തോഷമോ ദുഃഖമോ ആവശ്യമില്ല. വി. യാക്കോ. 4:10- *'കർത്താവിന്റെ സന്നിധിയിൽ താഴുവിൻ എന്നാൽ അവൻ നിങ്ങളെ ഉയർത്തും.'*

***(3.2) അനുസരണം :-***

ഇവർ ദൈവീക നിർദ്ദേശങ്ങൾക്ക് കീഴ്പ്പെടുകയല്ലാതെ മറുത്ത് ഒന്നും പറയുന്നില്ല. അതുകൊ് ഇവർ മനുഷ്യാവതാരം ചെയ്ത ദൈവത്തിന്റെ വളർത്തുപിതാവും മാതാവുമായിത്തീർന്നു. ദൈവത്തോട് അനുസരണക്കേട് കാണിക്കുമ്പോൾ ലോത്തിന്റെ ഭാര്യയെ ഓർക്കുക, കൽപ്പനയ്ക്ക് വിരോധമായി തിരിഞ്ഞുനോക്കിയാൽ രക്ഷ അന്യമാണ്. 1.ശമു. 15:22- *'ഇതാ അനുസരിക്കുന്നത് യാഗത്തേക്കാളും ശ്രദ്ധിക്കുന്നത് മുട്ടാടുകളുടെ മേദസ്സിനേക്കാളും നല്ലത്.'*

■


വെങ്കലത്തിൽ (ബെൽ മെറ്റൽ)
നിർമ്മിക്കുന്ന പള്ളി മണികൾ,
പള്ളിയുടെ കൊടിമരം
(കോപ്പർ, ബ്രാസ്സ് No. 1 ക്വാളിറ്റിയിൽ)
വിളക്കുകൾ മുതലായവ...

**PHILIP VARGHESE**

**K.G. METAL STORES**

Koratty, Ambalam Jn. Mannar-689622,
Alappuzha Dist.
Ph: 0479-2312192, 2312392,
Mob. 9447463698



Live With Us...

Start Buying Your Property... We will Help You...
House .... Commercial plots.. Flats....

*Fully Developed house plots within integrated townships that provide advantages of gated community with common amenities like swimming pool, health club, children's play area, landscaped garden, tarred road, electricity and water connection.*
*No Doubt it's the right time.... Come forward to own either home plot or a villa@pocket friend rate...*


**MG PLOT SALES**

**Real Estate and Constructions**

Website : www.mgplotsales.com
Email : pvben716@gmail.com
For enquiries call Now : 94476 04338, U.A.E +0554499746

ഫാ. ഡോ. റ്റി. ജെ. ജോഷ്വ

# തളരാത്ത മനസ്സും ജാഗ്രത്തായ ആത്മാവും



അനേകായിരങ്ങളുടെ സ്നേഹാദരവുകൾ ഏറ്റുവാങ്ങി, ഡൽഹി ഭദ്രാസനാധിപൻ, ഇയ്യോബ് മാർ പീലക്സീനോസ് മെത്രാപ്പോലീത്താ തന്റെ ശാശ്വത ഭവനത്തിലേയ്ക്ക് യാത്രയായിട്ട് അധിക ദിവസങ്ങൾ ആയിട്ടില്ല. അദ്ദേഹത്തെപ്പറ്റിയുള്ള അനുസ്മരണം തികച്ചും സ്ഥാനസ്ഥിതമാണ്. എന്നെക്കാൾ പത്തു വയസ്സു കുറവുള്ള അദ്ദേഹം എപ്പോഴും ഒരു ജ്യേഷ്ഠ്യ സഹോദരനെപ്പോലെ എന്നെ കാണുകയും തദനുസരണമായ സ്നേഹബഹുമാനങ്ങൾ എന്നോടു പുലർത്തുകയും ചെയ്തു. അദ്ദേഹം വൈദികനായി നിരണം ഭദ്രാസനത്തിലെ പല പള്ളികളിലും സേവനം അനുഷ്ഠിച്ചിരുന്നെങ്കിലും എനിക്കു ബന്ധപ്പെടാനും പരിചയപ്പെടാനും ഇടയായത് അദ്ദേഹം മേപ്രാൽ പള്ളിയുടെ ചുമതല വഹിക്കുമ്പോഴാണ്. അദ്ദേഹത്തിന്റെ മാതൃഇടവക അതായിരുന്നല്ലോ. കക്ഷിവഴക്കിന്റെ എല്ലാ വൈകൃതങ്ങളും അരങ്ങേറിയ സ്ഥലമായിരുന്നു അത്. ഓർത്തഡോക്സ് വിഭാഗത്തിന് അദ്ദേഹത്തിന്റെ ധീരമായ നേതൃത്വവും ശുഷ്കാന്തിയുള്ള സേവനവും ഏറെ സഹായമായിരുന്നു. പൗരോഹിത്യ പാരമ്പര്യമുള്ള കുലീന കുടുംബാംഗമെന്ന നിലയിൽ അദ്ദേഹത്തിന്റെ നേതൃത്വം ഏറെ ആദരിക്കപ്പെട്ടു.

കൗമാരത്തിൽത്തന്നെ ദയറാജീവിതം അദ്ദേഹം തെരഞ്ഞെടുത്തു. പത്തനാപുരം മൗ താബോർ ദയറാ സ്ഥപകൻ തോമാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ വ്യക്തിതത്വവും സ്വാധീനവും അതിനു ഏറെ പ്രേരകമായി. ദയറാജീവിതത്തിന്റെ ചിട്ടകളും നിഷ്ഠകളും അദ്ദേഹത്തിന്റെ ആത്മീയതയെ പുഷ്ടിപ്പെടുത്തി. എന്നാൽ അക്കാദമിക നിലവാരമുള്ളതും ക്രമീകൃതവുമായ വേദശാസ്ത്രപഠനം ലഭിക്കാതിരുന്നത് ഒരു പരിമിതിയായി അദ്ദേഹത്തിനും അനുഭവപ്പെട്ടിരിക്കണം. പ്രത്യേകിച്ച് ലോകപ്രശസ്തനായ ഒരു വേദശാസ്ത്രജ്ഞന്റെ പിന്നാലെ ദൗത്യനിർവ്വഹണം ഏറ്റെടുത്തപ്പോൾ.

കഥാപുരുഷന്റെ ജീവിതത്തിൽ സ്വാധീനം വരുത്തിയ മറ്റൊരു മഹത്വ്യക്തി ആയിരുന്നു അദ്ദേഹത്തിന്റെ മാതാവിന്റെ പിതൃവ്യനായിരുന്ന ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനി. കണിയാന്ത്ര കുടുംബത്തിലും പ്രശസ്തരും പ്രഗത്ഭരുമായ വൈദികങ്ങളായരുന്നു. ഇങ്ങനെ ശ്രേഷ്ഠമായ പൈതൃകവും വിശിഷ്ടമായ പരിശീലനവും നേടിയാണ് പൗരോഹിത്യ പദവിയിൽ എത്തിയത്.

അദ്ദേഹത്തിന്റെ ആരാധന ഹൃദ്യവും ആസ്വാദ്യകരവുമായിരുന്നു. ഇമ്പകരമായ ശബ്ദം, സ്ഫുടമായ ഉച്ചാരണം സംഗീതാത്മകമായ രാഗം ഇവയെല്ലാം കൂടി ചേരുമ്പോൾ അദ്ദേഹം നയിക്കുന്ന ആരാധന നല്ല ഒരനുഭവമായിത്തീരുന്നു. ആ വിശുദ്ധ കുർബാന അർപ്പിക്കുന്നതിനു മുമ്പുള്ള ഒരുക്കവും നിഷ്ഠയും ശ്രദ്ധാർഹമായിരുന്നു. രോഗാർത്തനായിത്തീർന്ന ശേഷവും അദ്ദേഹം നിർവഹിച്ച ഒരു വിവാഹശുശ്രൂഷയിൽ ഞാൻ സംബന്ധിച്ചത് ഓർക്കുന്നു. അവിസ്മരണീയമെന്ന് വിശേഷിപ്പിക്കാം.

അദ്ദേഹത്തിന്റെ അജപാലനശുശ്രൂഷയെപ്പറ്റി ഞാൻ പ്രതിപാദിക്കുന്നില്ല. പ്രഗത്ഭനും പ്രത്യുത്പന്നമതിയുമായിരുന്ന പൗലോസ് മാർ ഗ്രിഗോറിയോസ്, പുതുതായി ആരംഭിച്ച ഡൽഹി ഭദ്രാസനത്തിനു നല്ല ഒരു അടിത്തറ ഇട്ടിരുന്നു. അതുകൊ് ഇദ്ദേഹത്തിന്റെ പ്രവർത്തനം സുഗമമായിരുന്നു. മുമ്പൻ തന്റെ ബൗദ്ധികമായ ഔന്നത്യത്തിൽ പ്രവർത്തിച്ചു എങ്കിൽ പിമ്പൽ തന്റെ സുതാര്യമായ ഹൃദയവ്യാപാരത്താൽ ജനങ്ങളെ ആകർഷിച്ചു. അവ തമ്മിലുള്ള താരതമ്യത്തിനു പ്രസക്തി ഇല്ല.

എന്നാൽ മുമ്പൻ രോഗിയായിത്തീർന്നതുകൊാണ് ഒരു സഹായിയെ നിയോഗിക്കേി വന്നത്. എന്നാൽ പിമ്പനും രോഗിയായിത്തീർന്നത് ഡൽഹിയുടെ ദൗർഭാഗ്യമെന്നേ പറയേു. രോഗത്തോടുള്ള പ്രതികരണത്തിലും രുപേരും വ്യത്യാസപ്പെട്ടിരുന്നു. രു വൃക്കകളും തകരാറിലായപ്പോൾ അതു മാറ്റി വയ്ക്കുന്ന ശസ്ത്രക്രീയക്ക് നമ്മുടെ കഥാപുരുഷൻ വിധേയനായി. ആ ശസ്ത്രക്രിയ ചെയ്യുമ്പോൾ അന്നു അത്ര സാധാരണമായിരുന്നില്ല. മാറ്റി വച്ച വൃക്കകളുമായി പത്തു വർഷത്തിലധികം ആയുസ്സില്ലെന്നാണ് വൈദ്യശാസ്ത്രത്തിന്റെ ഒരു കണക്കുകൂട്ടൽ എന്നാൽ ഇദ്ദേഹം ഇരുപതുവർഷത്തിലധികം ജീവിച്ചു എന്നുള്ളത് നിശ്ചയമായും അത്ഭുതമാണ്. തുടർന്നുള്ള ഔഷധപ്രയോഗത്താൽ ശരീരം വളരെ സ്ഥൂലിക്കുകയും, ചലനങ്ങൾ വളരെ ക്ലേശകരമായിത്തീരുകയും ചെയ്ത ദുസ്ഥിതി നേരിടേിവന്നു. മനം മടുത്ത് നിരാശബാധിച്ച്, നിഷ്ക്രിയനായി കഴിയുകയായിരിക്കും സംഭവിക്കാവുന്നത്. എന്നാൽ തിരുമേനിയുടെ ഇച്ഛാശക്തിയും, ആത്മീയബലവും തന്റെ പരിമിതികളെ അതിജീവിക്കാൻ പ്രാപ്തനാക്കി. ചൊവ്വേനേരെ കിടന്നുറങ്ങുവാൻ പോലും നിവൃത്തിയില്ലാത്ത അവസ്ഥയിലെത്തിയപ്പോഴും, അദ്ദേഹം കർമ്മനിരതനായിരുന്നു. കിടക്കയിൽ ഇരുന്നുകൊ് തന്റെ കംപ്യൂട്ടറിൽ പ്രവർത്തിച്ചു. കത്തുകൾ അയയ്ക്കുന്നതിലും ജനസമ്പർക്കം പുലർത്തുന്നതിലും അദ്ദേഹം ഒരിക്കലും പരാജയപ്പെട്ടിട്ടില്ല. ഞാൻ പലപ്പോഴും ആശ്ചര്യപ്പെട്ട വസ്തുതയാണ്, ഇത്രയേറെ അസ്വാസ്ഥ്യങ്ങൾ അനുഭവിച്ചപ്പോഴും അദ്ദേഹം പ്രസന്നതവെടിയാതെ ആത്മവിശ്വാസത്തോടെ കാണപ്പെട്ടത്. ചുരുക്കമായി മാത്രമേ ഞങ്ങൾ തമ്മിൽ കത്തിടപാടുകൾ നടത്തിയിട്ടുള്ളു. എങ്കിലും വളരെ കൃത്യമായും വൈകാതെയും മറുപടി നൽകുന്നതിൽ ശ്രദ്ധിച്ചിരുന്നതായി എനിക്കു ബോധ്യപ്പെട്ടു. ഞാനും അദ്ദേഹവും രോഗികളായിരുന്നു എങ്കിലും ഒരു വലിയ വ്യത്യാസമു്. എനിക്കു ബാധിച്ചത് പല തരത്തിലുള്ള രോഗങ്ങളാണ്. അവ ഓരോന്നും ചികിത്സകൊ് ഭേദപ്പെട്ട് ഞാൻ വീും കർമ്മരംഗത്തെത്തി. എന്നാൽ ഇദ്ദേഹത്തിനു ബാധിച്ചരോഗം അദ്ദേഹത്തെ നിത്യമായ അവശതയിലും പരാധീനതയിലുമായിരുന്നു. എങ്കിലും രോഗം അദ്ദേഹത്തെ കീഴടക്കി എന്നു ഞാൻ പറയുകയില്ല. രോഗം അദ്ദേഹത്തിന്റെ ചലനങ്ങളെയും, യാത്രകളെയും നിയന്ത്രിച്ചു. ഇടവക സന്ദർശനങ്ങൾക്കും പരിപാടികൾക്കുമുള്ള സാന്നിധ്യം അസാധ്യമാക്കി. അതുകൊ് ജനങ്ങളുമായി നേരിട്ടുള്ള ബന്ധം പരിമിതപ്പെടുത്തിയെങ്കിലും, ജനസമ്പർക്കം ഇല്ലാതായില്ല.

ആ ജീവിതം സമൂഹത്തിനു നൽകുന്ന ഒരു വലിയ സന്ദേശമു്. ശരീരത്തിന്റെ പ്രവർത്തനക്ഷമത പരിമിതമായാലും ജീവിതം അർത്ഥപൂർണ്ണമാക്കാം. അദ്ദേഹം എത്ര സാമൂഹ്യക്ഷേമ പദ്ധതികൾക്ക് തുടക്കമിട്ടു! അതുപോലെ ഭദ്രാസനത്തിന്റെവികസനകാര്യങ്ങളിലും ദൈനംദിന പ്രവർത്തനങ്ങളിലും അന്ത്യം വരെയും അദ്ദേഹം വ്യാപൃതനായിരുന്നു. തെളിഞ്ഞ മനസ്സും, മങ്ങാത്ത പ്രത്യാശയുമാണ് അദ്ദേഹത്തെ ശക്തിപ്പെടുത്തിയത്. ചിട്ടപ്പെടുത്തിയ ദയറാ ജീവിതവും, ആത്മീയശിക്ഷണവും അദ്ദേഹത്തിനു കൈമുതലായി അനുഭവപ്പെട്ടു. വേദശാസ്ത്രവും, പാണ്ഡിത്യവും പരാജയപ്പെടുന്നിടത്ത്, ഹൃദയനൈർമ്മല്യവും, കലർപ്പില്ലാത്ത വിശ്വാസവും വിജയം വരിക്കും. കേരളത്തിലെ സഭാമക്കൾക്ക്, മെത്രാപ്പോലീത്താ എന്ന നിലയിൽ അദ്ദേഹത്തെ അധികം പരിചയപ്പെടാൻ കഴിഞ്ഞിട്ടില്ല. കാരണം മെത്രാപ്പോലീത്താ ആയപ്പോൾ മുതൽ ഡൽഹിയിൽ; പിന്നീട് ചലനക്ഷമതകെടുത്തുന്ന രോഗവും ബാധിച്ചു. എങ്കിലും പല കാര്യങ്ങളിലും അദ്ദേഹത്തിന്റെ ധീരമായ നിലപാടും, വ്യക്തമായ കാഴ്ചപ്പാടും വെളിപ്പെടുത്തിയിട്ടുള്ളത് മറക്കാനാവുകയില്ല.

എല്ലാ കുർബാനയിലും പ്രാർത്ഥനയിലും ഞാൻ ഓർത്തുകൊിരുന്ന ഒരു പേരാണ് രോഗിയായ പീലക്സീനോസ് തിരുമേനിയുടേത്. ഇപ്പോൾ അദ്ദേഹം രോഗത്തിന്റെ പരാധീനതകളിൽ നിന്നു മുക്തനായി കർത്തൃസന്നിധിയിൽ എത്തിച്ചേർന്നിരിക്കുന്നു. അവിടെ നിന്ന് അദ്ദേഹം എനിക്കുവേിയും പ്രാർത്ഥിക്കുന്നു എന്ന വിശ്വാസത്തോടെ ഈ കുറിപ്പ് അവസാനിപ്പിക്കുന്നു.

■


**പള്ളികൾ മനോഹരമാക്കൂ**

Vinyle, Carpet tyle, Synthetic carpets, Belgium Centre Carpets എന്നിവ ഉപയോഗിച്ച് ഞങ്ങൾ നേരിട്ടെത്തി വർക്കുകൾ ഏറ്റെടുത്ത് ചെയ്യുന്നു. വിവിധതരം ഇംപോർട്ടഡ് ഡോർമാറ്റുകളുടെ വിപുലമായ ശേഖരം!

പള്ളികളിൽ, വീടുകളിൽ, ഓഫീസ് അകത്തളങ്ങൾ...
എവിടെയും, നിങ്ങളുടെ വർക്കുകൾ, ചെറുതോ വലുതോ ആകട്ടെ, ഷോറൂം സന്ദർശിക്കൂ...

ഫോൺ: 0481-2571126, 2574183
0484-3292390 മൊബൈൽ: 9447259003

**എം.എ. കയർ ഹൗസ്**

ജീ-മാർട്ടിനു സമീപം
കഞ്ഞിക്കുഴി, കോട്ടയം

# കൂദാശയുടെ ധന്യതയിലേക്ക്

# വാകത്താനം സെന്റ് ജോൺസ് വലിയ പള്ളി

**ഫാ. വി. എം. ഏബ്രഹാം വാഴയ്ക്കൽ** (വികാരി)

**പു**രാതന ദേവാലയത്തിന്റെ പ്രൗഢി നിലനിർത്തിക്കൊ്, വാസ്തുശില്പ ഭംഗിയോടെ, ശ്രദ്ധേയമായ രൂപഭാവ സവിശേഷതകളോടെ പുനർനിർമ്മിച്ച വാകത്താനം സെന്റ് ജോൺസ് ഓർത്തഡോക്സ് വലിയ പള്ളി 2012 ജനുവരി 8,9 തീയതികളിൽ കൂദാശ ചെയ്യപ്പെടുകയാണ്. പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ വലിയ ബാവായും, പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കാതോലിക്കാ ബാവായും, കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ അഭി. ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയും അഭി. മെത്രാപ്പോലീത്താമാരും കൂദാശാ ചടങ്ങുകൾക്ക് നേതൃത്വം നൽകും.

165 വർഷങ്ങൾക്കു മുമ്പ് വാകത്താനം പ്രദേശത്ത് സ്ഥാപിക്കപ്പെട്ട ആദ്യ ക്രൈസ്തവ ദേവാലയമാണ് വലിയപള്ളി. അന്നത്തെ മലങ്കര മെത്രാപ്പോലീത്ത ചേപ്പാട് മാർ ദീവന്നാസിയോസ് തിരുമേനി കല്ലിട്ട് പണി ആരംഭിച്ച ദേവാലയത്തിന്റെ മദ്ബഹാ പൂർത്തീകരിച്ച് കൂദാശ ചെയ്തത് യുയാക്കീം മാർ കൂറിലോസ് തിരുമേനിയാണ്. മലങ്കരയുടെ രാം കാതോലിക്കാ പരിശുദ്ധനായ ബസ്സേലിയോസ് ഗീവർഗീസ് പ്രഥമൻ ബാവാ തിരുമനസ്സിന്റെ ഇടവകപള്ളി അഭി. സ്തേപ്പാനോസ് മാർ തേവോദോസിയോസ് തിരുമേനി, മാളികയിൽ കുറിയാക്കോസ് റമ്പാൻ എന്നീ പിതാക്കന്മാരെ മാമ്മോദീസാമുക്കിയ മാതൃ ദേവാലയം എന്നീ നിലകളിൽ പ്രശോഭിക്കുന്ന ഈ ദേവാലയത്തിൽ പരിശുദ്ധനായ പരുമല തിരുമേനിയും, വട്ടശ്ശേരിൽ തിരുമേനിയും, കുറിച്ചി ബാവായും, പാമ്പാടി തിരുമേനിയും താമസിച്ച് പ്രാർത്ഥിക്കുകയും വിശുദ്ധ ബലി അർപ്പിക്കുകയും ചെയ്തിട്ടു്. പതിനാല് വൈദീകർ അന്ത്യവിശ്രമം കൊള്ളുന്ന ദേവാലയത്തിന്റെ മക്കളായി ഇന്ന് പന്ത്ര് വൈദീകരും, ഒരു സിസ്റ്ററും, ഒരു വൈദീക വിദ്യാർത്ഥിയും സഭാ സേവന പാരമ്പര്യം കാത്തുസൂക്ഷിക്കുന്നുയെന്നതും ദേവാലയത്തിന്റെ പാരമ്പര്യം എടുത്തുകാണിക്കുന്നു.

വിശ്വാസ പരീക്ഷണങ്ങളെ അതിജീവിച്ച് സത്യവിശ്വാസത്തിലുറച്ചു നിന്ന പിതാക്കന്മാർ കാലാകാലങ്ങളിൽ ദേവാലയത്തിനു വേ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും 150-ാം വാർഷികത്തോടനുബന്ധിച്ച് എടുത്തു പറയത്തക്ക നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. എന്നാൽ ആയിരത്തോളം വരുന്ന ഇടവകക്കാർക്കുവേത്ര സ്ഥലസൗകര്യമില്ലാത്ത സാഹചര്യത്തിലാണ് പുതിയ ദേവാലയം എന്ന ആഗ്രഹത്തിന് തുടക്കമായത്.

ആ മഹത്തായ സ്വപ്നത്തിന്റെ ആദ്യപടിയായി 2008 ആഗസ്റ്റ് 29-ാം തീയതി ഇടവക മെത്രാപ്പോലീത്ത അഭി. ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ അടിസ്ഥാന ശിലയിടുകയം, പ്രാർത്ഥിച്ച് നിർമ്മാണ ജോലികൾ ആരംഭിക്കുകയും ചെയ്തു. മൂന്നു വർഷം നീുനിന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേ ധനസമാഹരണം ഇടവകാംഗങ്ങളുടെ പൂർണ്ണ ദശാംശം, തടിശേഖരണം, സ്വർണ്ണ കളക്ഷൻ എന്നീ തലങ്ങളിലൂടെയാണ് നിർവ്വഹിക്കപ്പെട്ടത്.

പൗരാണികത നിലനിർത്തിയിട്ടുള്ള ദേവാലയത്തിന് 180 അടി നീളവും, 60 അടി വീതിയും 110 അടി ഉയരവുമു്. മൂന്നു നിലകളിലായി ഉയർന്നു നിൽക്കുന്ന മദ്ബഹായ്ക്കുമുകളിലുള്ള ഡൂം റഷ്യൻ ഓർത്തഡോക്സ് സഭാ ശൈലിയിലാണ് നിർമ്മിച്ചിട്ടുള്ളത്. യോഹന്നാൻ മാംദാനയുടെ നാമത്തിലുള്ള പ്രധാന ത്രോണോസുൾപ്പെടെ അഞ്ചു ത്രോണോസ്സുകളുള്ള പുതിയ ദേവാലയത്തിന്റെ ദുശ്കുദിശുകൾ സ്വർണത്താളുകൾ പതിപ്പിച്ച് കമനീയമാക്കിയിട്ടു്. അക്ഷരാർത്ഥത്തിൽ വാകത്താനം വലിയപള്ളിയായി പുതിയ ദേവാലയം പ്രശോഭിക്കുന്നു.

കൂദാശയോടനുബന്ധിച്ച് ജനുവരി 8 തീയതി 4 മണിക്ക് കാതോലിക്കാ സിംഹാസന പുനഃസ്ഥാപന ശതാബ്ദി ആഘോഷങ്ങളുടെ പ്രാദേശിക വിളംബര റാലിയും 10-ാം തീയതി 165-ാം വാർഷികപ്പെരുന്നാളും ഭക്തിനിർഭരമായി നടത്തും. മാതൃകാപരമായി നടന്ന ദേവാലയ നിർമ്മാണത്തിന് നേതൃത്വം നൽകിയത് വികാരി ഫാ. വി. എം. ഏബ്രഹാം വാഴയ്ക്കലും സഹവികാരി ഫാ. കുര്യൻ സഖറിയ പെരിയോർമറ്റവും, 101 അംഗ ദേവാലയ പുനർനിർമ്മാണ കമ്മറ്റിയുമാണ്. ■


A Blessed & Loving Memory of Our Grand Parents

A.C. CHACKO
ANANTHANAM
Expired on 24-12-1914
97th Memory



ALEYAMMA CHACKO
Expired on 06-11-1974
37th Memory

*Remembered by:*
A.J. John, Leela John-Grandson & Wife
Robin John-Great Grand son
281/2 Gopal Niwas, Sher-E-Punjab, Andheri (E), Mumbai-400093

# സെന്റ് മാത്യൂസ് ഓർക്കസ്ട്ര

പ്രശസ്തഗായകനും, ക്രിസ്തീയ ഗാനരചയിതാവും,സംഗീതസംവിധായകനുമായ

## അലക്സ് കെ.പോൾ പാടുന്നു...



അമേരിക്കയിലെ പ്രോഗ്രാം ട്രിപ്പിനുശേഷം വീണ്ടും
കേരളത്തിലെത്തിയിരിക്കുന്നു...

ഞങ്ങളുടെ പ്രോഗ്രാമുകൾ....

രാജാവാം മിശിഹ ( A Special Programme )
CHRISTIAN DEVOTIONAL SONGS
CONCERT WITH MESSAGE

ഗോസ്പൽ ടീം GOSPEL TEAM ( പ്രശസ്ത വൈദിക പ്രാസംഗികരുടെ തിരുവചനപ്രഘോഷണം )

വെഡ്ഡിംഗ് ക്വയർ WEDDING CHOIR WITH RECEPTION MUSIC PROGRAMME



ബുക്കിംഗ് തുടരുന്നു

വിശദ വിവരങ്ങൾക്ക്
ALEX K.PAUL
Tel: 0468-2343385
Mob: 9447278153

email: alexkpaul2011@gmail.com alexkpaul2011@yahoo.com


**15TH DEATH ANNIVERSARY**
**10-12-2011**



**FLT LT GEORGE THOMAS**
**Villamcotu Geo Bhavan**
**Thattayil**

*Inserted by*
Sorrowing Family

കെസിയ തങ്കം മാത്യു, അടുതല
(02-02-1993 - 10-12-2002)



ക്രിസ്തുവിൽ ജീവിക്കുന്നു

"നിന്റെ മഹത്വമുദിക്കുന്നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

പ്രാർത്ഥനയോടെ,
കുടുംബാംഗങ്ങൾ,

സ്ത്രൈണം

രോഹിണി വർഗീസ്, തിരുവല്ല



# അത്താഴ പഷ്ണിക്കാരുണ്ടോ?



ദാരിദ്ര്യ നിർമ്മാർജ്ജനം
പേനത്തുമ്പിലോ ദൈവമേ?

മശിഹായുടെ വരവിന്റെ ഉദ്ദേശം തന്നെ ദരിദ്രന്മാരുടെ വിടുതലായിരുന്നു എന്ന് ഈ ക്രിസ്മസ് കാലത്തെ ആഘോഷത്തിമിർപ്പിൽ നാം മറന്നുകൂടാ. അഗതികളെയും പാവങ്ങളെയും കുറിച്ച് ഏതാണ്ട് മുന്നൂറോളം വാക്യങ്ങൾ വി.വേദപുസ്തകത്തിലുണ്ട് – ഗിരി പ്രഭാഷണവും സമതല പ്രഭാഷണവും ഉൾപ്പെടെ. ജോലിക്കാരെ മുതലെടുക്കുന്നതും, പരദേശികളെ വിഷമിപ്പിക്കുന്നതും, ആവശ്യക്കാരെ ചൂഷണം ചെയ്യുന്നതും, പാവങ്ങളെ ശ്രദ്ധിക്കാതെ പോകുന്നതും, വ്യവസ്ഥയോടെ സഹായം ചെയ്യുന്നതും എല്ലാം തന്നെ ദരിദ്രരെ ഉപദ്രവിക്കലാണെന്ന് പ്രവാചകന്മാർ ശാസിക്കുന്നുണ്ട്.

പഴയനിയമത്തിൽ പത്തിലൊന്നു കൊടുക്കുവാൻ പഠിപ്പിക്കുമ്പോൾ യേശു നേർപകുതിയാണു ചോദിക്കുന്നത് – രണ്ടു വസ്ത്രമുള്ളവൻ ഒന്ന് ഇല്ലാത്തവനു കൊടുക്കട്ടെ. അതാർക്കു സാധിക്കും? പക്ഷെ ചുങ്കക്കാരൻ സക്കായിക്ക് അതു സാധിക്കുന്നുണ്ട്. പകരം 'അബ്രഹാമിന്റെ മകൻ' എന്ന സർട്ടിഫിക്കറ്റ് നേരിട്ടു ലഭിക്കുകയാണ്. "അവരിൽ മുട്ടുള്ളവർ ആരുമില്ലായിരുന്നു" എന്ന ആദിമ സഭയുടെ സ്വഭാവം ഇന്നത്തെ ക്രിസ്ത്യാനികളൊക്കെ പാടേ മറന്നുപോയി. സ്വന്തമായി ഒന്നും പാടില്ല, ഭിക്ഷയാചിച്ചു കഴിയണം എന്നു പഠിപ്പിച്ച അസ്സീസ്സിയിലെ ഫ്രാൻസിസ്സിന്റെ സഭപോലും ഇന്ന് അങ്ങിനെയാണു കഴിയുന്നതെന്നു പറയുവാൻ സാധിക്കുമോ?

കഷ്ടാനുഭവങ്ങളുടെ ചൂളയിൽ സ്ഫുടം ചെയ്യപ്പെട്ട വ്യക്തിത്വമായിരുന്നു പോപ്പ് ജോൺ പോൾ രണ്ടാമന്റേത്. നാസികളുടെ പീഢനകാലത്ത് കൽക്കരി ഖനിയിലെ കഠിനാധ്വാനവും കഴിഞ്ഞ് രോഗിയായ അപ്പനുള്ള അത്താഴവും കരുതി കൂരയിലെത്തുമ്പോൾ, പിതാവിന്റെ ചേതനയറ്റ ശരീരം കണ്ട് വിറങ്ങലിച്ചുപോയ ലോലക്ക് എന്ന പോളിഷ് യുവാവ്. ഇത്രമാത്രം ലോകാരാദ്ധ്യനായ ഒരു പോപ്പ് ചരിത്രത്തിലെങ്ങും ഉണ്ടായിട്ടില്ല എന്നു നമുക്കറിയാം. അതേ യൂറോപ്പിൽ ഫ്രഞ്ചുവിപ്ലവ കാലത്ത് പട്ടിണികൊണ്ടു വലഞ്ഞ ജനം കൊട്ടാര വാതിൽക്കൽ റൊട്ടിയ്ക്കായി മുറവിളി കൂട്ടുമ്പോൾ Why can't they eat cake? എന്നു വിഢിയെപ്പോലെ ചോദിച്ച രാജ്ഞിയെക്കുറിച്ചും നമ്മൾ പഠിച്ചിട്ടുണ്ട് – ലൂയി പതിനാറാമന്റെ ഭാര്യ.

വ്യവസായ വിപ്ലവകാലത്തും യുറോപ്പിൽ പട്ടിണി കഠിനമായിരുന്നു. ചാൾസ് ഡിക്കൻസിന്റെ നോവലുകളിൽ അതിന്റെ കരളലിയിക്കുന്ന ചിത്രം ലഭിക്കുന്നു. അദ്ദേഹത്തിന്റെ ലോകപ്രസിദ്ധമായ 'ഒരു ക്രിസ്തുമസ് കഥ', 'ഒലിവർ ട്വിസ്റ്റ്', 'നിക്കോളാസ് നിക്കൽബി' ഒക്കെ കൗമാരകാലത്തു വായിക്കുമ്പോൾ അവിശ്വസനീയമായി തോന്നിയിട്ടുണ്ട് – ഇത്ര ദാരിദ്ര്യമോ രാജ്ഞിയുടെ ഇംഗ്ലണ്ടിൽ എന്ന്.

ഇന്നും കഥയിൽ വലിയ മാറ്റമൊന്നും വന്നിട്ടില്ല. ഒരു ശത്രുഭടനെ വകവരുത്താൻ 500,000 ഡോളർ ചിലവാക്കുന്ന അമേരിക്ക, ഒരു വർഷം ഒരു പാവപ്പെട്ടവനു നീക്കിവയ്ക്കുന്നത് വെറും 53 ഡോളറാണെന്ന സത്യം എത്ര സങ്കടകരമാണെന്ന് മാർട്ടിൻ ലൂഥർ ജൂനിയർ നിരീക്ഷിക്കുന്നു. ലോക പോലീസ് ചമയുന്നെങ്കിലും അവർക്കും പട്ടിണിക്കാർ അന്യമല്ല, അടുത്ത കാലത്തിറങ്ങിയ Pursuit of Happiness എന്ന ഹോളിവുഡ് ചിത്രം നമ്മെ ചിന്തിപ്പിക്കും. നായകനായ ക്രിസ് ഗാർഡ്നറുടെ കഥ കഠിനാധ്വാനത്തിന്റെയും അന്തിമ വിജയത്തിന്റേതുമാണ്. എന്നാൽ അയാളുടെ കഷ്ടപ്പാടിന്റെ കാലം അമേരിക്കയുടെ ദരിദ്രമുഖം വരച്ചു കാട്ടുന്നു. ഉള്ളതെല്ലാം മുടക്കി തുടങ്ങിയ ബിസിനസ്സ് തകർന്നതോടെ ജോലി ഇല്ല, വീടില്ല, ബാങ്ക് അക്കൗണ്ടും ക്രെഡിറ്റ് കാർഡും പോയി, കൂടെ സ്വന്തം ഭാര്യയും. അഞ്ചു വയസ്സുള്ള മകനെയും കൊണ്ട് രാത്രികളിൽ റെയിൽവേ സ്റ്റേഷനിലെ ടോയ്‌ലറ്റുകളിൽ കൊടും തണുപ്പത്ത് വിറച്ചു കഴിയുന്നതും, അന്തിയുറങ്ങാൻ ഒരു കിടക്ക മാത്രം നൽകുന്ന കരുണാലയങ്ങളിൽ ക്യൂ നിന്ന് നിരാശപ്പെടുന്നതും, സ്വയം പട്ടിണി കിടന്ന് മകന് ഒരു നേരത്തെ ആഹാരം വാങ്ങിക്കൊടുക്കുമ്പോൾ വിങ്ങിപ്പൊട്ടുന്നതും.... ദാരിദ്ര്യ നിർമ്മാർജ്ജനം പേനത്തുമ്പിൽ ഒതുങ്ങുകയില്ലല്ലോ ദൈവമേ!

സ്വന്തം അനുഭവങ്ങളുടെ വെളിച്ചത്തിൽ മദർ തെരേസ പറയുന്നു, "ആർക്കും വേണ്ടാതെ, ആരാലും സ്നേഹിക്കപ്പെടാതെ പോകുന്ന അവസ്ഥയാണ് വയറിന്റെ വിശപ്പിനേക്കാൾ കഠിനമായ വിശപ്പ്". സാഹിത്യകാരനായ ഓസ്കർ വൈൽഡ് ചോദിക്കുന്നു, "who, being loved, is poor? സ്നേഹിക്കാൻ ആളുണ്ടെങ്കിൽ ആരാണ് ദരിദ്രൻ? നാം കരുതുന്നതുപോലെ ദാരിദ്ര്യം സാമ്പത്തികാവസ്ഥ മാത്രമല്ല, മാനസികവും ആത്മീയവും കൂടിയാണ്!

ഇന്നു നാലുനേരം അമിത ഭക്ഷണം അകത്താക്കി, ഏറ്റവും കൂടുതൽ എച്ചിലും ദുർഗ്ഗന്ധവും പ്രകൃതിക്കു സമ്മാനിക്കുന്നവരായിത്തീർന്നിരിക്കുന്നു പ്രബുദ്ധരായ മലയാളികൾ നമ്മൾ! ആത്മീയതയുടെ സുഗന്ധം നമ്മെ വിട്ടുപോയിട്ട് എത്രയോ കാലമായി! ഉടുക്കാൻ തുണിയില്ലാതെ നദിയിൽ വൈകുവോളം മുങ്ങിക്കിടന്ന ദളിതയുവതിക്ക് തന്റെ മേൽമുണ്ട് എറിഞ്ഞുകൊടുത്തുകൊണ്ട്, എല്ലാ ഭാരതീയനും ഉടുമുണ്ട് ഉണ്ടാകുന്ന കാലത്തേ താനിനി മേൽമുണ്ടു ധരിക്കൂ എന്നു ശപഥം ചെയ്ത്, അതു പാലിച്ച രാഷ്ട്രപിതാവാണ് നമുക്കുള്ളത്. 142 സാരികൾ അലമാരയിൽ ഉണ്ടെങ്കിലും രണ്ടെണ്ണം സാധുക്കൾക്കു കൊടുക്കാത്ത വീട്ടമ്മയും നമ്മുടെ ഇടയിൽത്തന്നെയാണുള്ളത്. നിന്ദിതർക്കും പീഢിതർക്കും വിടുതൽ നൽകാൻ അവതരിച്ച ഉണ്ണിയെ കാണണമെങ്കിൽ കൊട്ടാരത്തിലേക്കല്ല, കാലിത്തൊഴുത്തിലേക്കു തന്നെ പോകേണ്ടതുണ്ട്.

ഇന്നും പട്ടിണി മരണങ്ങൾ സംഭവിക്കുന്ന തീരപ്രദേശങ്ങളിലും തോട്ടം മേഖലകളിലും ആദിവാസി ഊരുകളിലും സഞ്ചരിച്ചാൽ കാണുന്ന ദാരുണ ദൃശ്യങ്ങൾ നമ്മുടെ ഉറക്കം കെടുത്തിയിരുന്നെങ്കിൽ.... ഉറങ്ങാതെ തിരിഞ്ഞും മറിഞ്ഞും കിടക്കുമ്പോൾ രാത്രിയുടെ നിശബ്ദതയിൽ എവിടെയോ ഒരു സ്ത്രീ ശബ്ദം, "അത്താഴ പഷ്ണിക്കാരുണ്ടോ?" അല്പം കഴിഞ്ഞ് ഒരു പടിപ്പുരവാതിൽ അടയ്ക്കുന്ന സ്വരവും. ആഹ്ലാദത്തോടെ ഞെട്ടി എണീക്കുമ്പോഴാണ് അത് ഗതകാലത്തെവിടെയോ നഷ്ടമായ മലയാളിയുടെ നന്മകളുടെ വെറും കിനാവു മാത്രമെന്നു തിരിച്ചറിയുന്നത്!! ■

# മരിയൻ മെഡിക്കൽ എയിഡ് ഫോർ ക്യാൻസർ ആൻഡ് കിഡ്നി പേഷ്യന്റ്സ്

ബഹ്റൈൻ സെന്റ് മേരീസ് ഇൻഡ്യൻ ഓർത്തഡോക്സ് കത്തീഡ്രലിൽ നിന്നും 2011–12 വർഷത്തെ ചാരിറ്റി പ്രവർത്തനങ്ങളുടെ ഭാഗമായി സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന ക്യാൻസർ രോഗികൾക്കും കിഡ്നി രോഗികൾക്കും ചികിത്സാ സഹായം നൽകുന്നു. ഈ പദ്ധതിയുടെ പേര് **മരിയൻ മെഡിക്കൽ എയിഡ് ഫോർ ക്യാൻസർ ആൻഡ് കിഡ്നി പേഷ്യന്റ്സ്** എന്നായിരിക്കും. അനാഥർ, വിധവകൾ, അശരണർ തുടങ്ങിയവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വികാരി ഫാ. ജെയ്ക്കബ് കോശിയെയോ (00973 39445358) 2011 ലെ ഹോണററി സെക്രട്ടറി എം. എം. മാത്യുവിനെയോ (00973 39532541) ബന്ധപ്പെടേണ്ടതാണ്.

## നിബന്ധനകൾ

1. **സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന ക്യാൻസർ രോഗികൾക്കും കിഡ്നി രോഗികൾക്കും മാത്രമായിരിക്കും ഈ പദ്ധതിയിൽ നിന്നും സഹായം നൽകുക.**
2. **അനാഥർ, വിധവകൾ തുടങ്ങിയവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.**
3. **രോഗികൾക്ക് 60 വയസ്സിൽ താഴെ പ്രായം ആയിരിക്കണം.**
4. **അപേക്ഷ താഴെ പറയുന്ന രേഖകൾ സഹിതം 2011 ഡിസം. 25 ന് മുമ്പായി**

**The Vicar**
**St. Mary's Indian Orthodox Cathedral**
**P.O. Box 834**
**Kingdom of Bahrain**

എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്:

## രേഖകൾ

1. രോഗിയുടെ അപേക്ഷ
2. ചികിത്സിക്കന്ന ആശുപത്രിയിൽ നിന്നും രോഗവും ചികിത്സയും വിശദമാക്കുന്ന കേസ് ഷീറ്റിന്റെ ഡോക്ടർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
3. റേഷൻ കാർഡിന്റെ പകർപ്പ്.
4. രോഗി ഓർത്തഡോക്സ് സഭാംഗമാണെങ്കിൽ ഇടവക വികാരിയിൽ നിന്നുമുള്ള കത്ത്
5. രോഗി അക്രൈസ്തവനോ ഇതര ക്രൈസ്തവ സമുദായാംഗമോ ആണെങ്കിൽ രോഗിയുടെ ഭവനത്തിന് സമീപമുള്ള ഓർത്തോഡോക്സ് ഇടവകയിലെ വികാരിയിൽ നിന്നും രോഗിയുടെ സാമ്പത്തിക ശേഷിയും, ധനസഹായത്തിനുള്ള അർഹതയും വ്യക്തമാക്കുന്ന കത്ത്.
6. അപേക്ഷയിൽ രോഗിയുടെയോ, ഭാര്യ, ഭർത്താവ്, അമ്മ, അച്ഛൻ, മകൻ, മകൾ ഇവരിൽ ആരുടെയെങ്കിലും അഡ്രസും, ബാങ്ക് അക്കൗണ്ട് നമ്പരും, ബാങ്കിന്റെ പേരും രേഖപ്പെടുത്തിയിരിക്കണം.

വികാരി
ഫാ. ജേക്കബ് കോശി

## In Everloving Memory of

**Died on 26 December 2002**



**Late Mr. C. Philipose (86 yrs)**
Vadaseril, Adoor

**Died On 1 Jan 2005**



**Late Mrs. Mary Philipse (85 Yrs)**
Vadaseril, Adoor


***Retd. Engineer, KSEB***

സ്ഥാപക പ്രസിഡന്റ്, അടൂർ ചിറ്റുയിൽ തരകൻ കുടുംബയോഗം, മുൻ ട്രസ്റ്റി, അടൂർ സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ, സ്ഥാപക ട്രഷറർ, അടൂർ സെന്റ് സിറിൾസ് കോളേജ്

***Inserted by***

| | |
|---|---|
| Mrs. Mariamma Philip & Late Mr. K.C. Philip<br>Kurichikkara, Thalachira | Biju & Binu |
| Mr. Jacob Philip & Leela<br>M.G. Nagar, Trivandrum-5 | Laya & Lekha |
| Mr. Thomas Philip & Reena<br>Monarch Apartments, Ernakulam | Jeffin |
| Mrs. Elizabeth Mathews & K.M. Mathews<br>Kariyadiyil, Kattanam | Joby |

ഫാ. ജേക്കബ് മാത്യു, കാരിച്ചാൽ, ഫോ. 9745691320






*2011 നവം. 27*

## അരുളിയത് വിശ്വസിച്ചവൾ ഭാഗ്യവതി

*(ലൂക്കോ. 1:39 – 56)*

ദൈവപുത്രന്റെ ജനനം സംബന്ധിച്ചുള്ള അറിയിപ്പ് സ്വീകരിച്ച ശേഷം മറിയ, ഗർഭാവസ്ഥയുടെ ആദ്യമാസത്തിൽ തന്നെ, ഏലിശബത്തിനെ സന്ദർശിക്കുന്നതും (വാ. 39–45,56) മറിയമിന്റെ കർത്തൃസ്തുതിപ്പും (വാ. 46–55) ഉൾക്കൊള്ളുന്നതാണ് ഏവൻഗേലി. ഒന്നാം ഭാഗം മാത്രം വിശദീകരിക്കുന്നു.

**മറിയ ബദ്ധപ്പെട്ട് സന്ദർശിക്കുന്ന ഭവനം**

മലനാട്ടിലെ ഒരു യഹൂദ്യ പട്ടണത്തിലാണ് (വാ.39). ഇത് യെറുശലേമിന് 20 മൈൽ തെക്കുമാറിയുള്ള ഹെബ്രോൻ ആയിരിക്കാം എന്ന് ചില വ്യാഖ്യാതാക്കൾ. അങ്ങനെയെങ്കിൽ, ഗോത്രപിതാവായ അബ്രഹാം, ശേഖേം ബഥേൽ എന്നിവയ്ക്കുശേഷം തന്റെ പാർപ്പിനു കത്തിയ സ്ഥലമാണത്. മക്പേലയ്ക്കു സമീപം, മമ്റേ എന്നു കൂടി വിളിക്കപ്പെട്ടിട്ടുള്ള സങ്കേത നഗരം കൂടിയായിരുന്ന ആ സ്ഥല (ഉല്പ. 23:19, 35:27, യോശുവ. 21:11–13) ത്തേക്കുള്ള മറിയമിന്റെ യാത്രയുടെ വിവരണം ചില ആത്മിക അർത്ഥങ്ങളും നൽകുന്നു. ഗോത്രപിതാവിനോട് വിശ്വാസത്തിലും സമർപ്പണത്തിലും ഉള്ള സമാനത, ഗോത്രമാതാവായ സാറയോടുള്ള താരതമ്യം, സങ്കേതമാകുന്ന ദൈവത്തെക്കുറിച്ചുള്ള ബോധ്യം എന്നിവ ഇതിനൊപ്പം ചേരുന്നു.

മലനാട്ടിൽ സഖറിയാവിന്റെയും ഏലിശബത്തിന്റെയും ഭവനം **മറിയ സന്ദർശിക്കുന്നതിന്റെ കാരണവും അർത്ഥവും** അന്വേഷിക്കപ്പെടാറു്. **ഒന്നാമത്**, അത് മാലാഖയുടെ വെളിപ്പെടുത്തലിലുള്ള വ്യക്തിയുടെ ഭവനമാണ് (വാ. 36). അതുകൊു തന്നെ, മഹത്തായ വചനിപ്പിന്റെ കാര്യം അറിയാൻ തന്നെപ്പോലെ ദൈവികാനുഭവം ഉള്ള വൃദ്ധയായ മഹിളാരത്നത്തിനരികിലേക്കവൾ പോകുന്നു. **ര ാ മ ത്** ഏലിശബത്ത് മറിയത്തിന്റെ ചാർച്ചക്കാരിയാണ്. അവരെ സന്ദർശിക്കുന്നത് ഈ പ്രത്യേക അവസരത്തിൽ അനുയോജ്യമായി മറിയാമിനൊപ്പം യോസഫിനും തോന്നിയിരിക്കാം. രക്ഷകന്റെ മുന്നോടിയെ വിശുദ്ധീകരിക്കുവാനും, ഉദരത്തിൽ വച്ചുതന്നെ 'സന്തോഷിച്ചു തുള്ളുവാൻ' ഇടയാക്കുന്നതിനുമായി സന്ദർശിക്കുന്നു എന്ന് സഭാപിതാവായ ഒറിഗൺ.

ഇക്കാര്യങ്ങൾക്കൊപ്പം വിവരണത്തിന്റെ ശക്തിയും വൈദഗ്ധ്യവും (narrature skill & power) ഈ യാത്രയുടെ വിവരണത്തോട് ചേർന്ന് കാണാം എന്നതും ചിന്തനീയമാണ്. വായനക്കാരന് ആവശ്യമായ വിശദീകരണം നല്കി കഥ ഭംഗിയായി പുരോഗമിക്കുന്നു് ഈ വിവരണത്തിൽ. കർത്താവിന്റെ ദൈവത്വത്തിന്റെ അംഗീകരണമാണിവിടെയുള്ളത് എന്ന് നാസിയാൻസിലെ വി. ഗ്രിഗോറിയോസ്. കന്യകാജനനം, ദൈവജനനി, "എന്റെ കർത്താവ്" എന്ന സംബോധന എന്നിവ മൂന്നാമതൊരാളിലൂടെ ആദ്യമായി അംഗീകൃതമായി അവതരിപ്പിച്ചിരിക്കുന്നു. സഖറിയാവിന്റെ അവിശ്വാസത്തെ (വാ. 18–19) മറികടക്കുന്ന ഏലിശബത്തിന്റെ വിശ്വാസ പ്രഖ്യാപനം ആദിമ സഭയുടെ പ്രഖ്യാപനമല്ലേ?

"ദൈവത്തിന്റെ ഉടമ്പടി" എന്നാണ് ഏലിശബത്ത് എന്ന നാമത്തിനർത്ഥം. അവരെ മറിയ വന്ദിക്കുന്നതും അവർ മറിയമിനെ ഭാഗ്യവതി എന്ന് ഉച്ചത്തിൽ (മെഗാസ് ഫോണി (megas phony)എന്ന് ഗ്രീക്ക്) ആവർത്തിച്ച് വാഴ്ത്തുന്നതും മറിയമിന്റെ ഗർഭഫലത്തെ ഏലിശബത്ത് പുകഴ്ത്തുന്നതും (വാ. 42,45) ആദിമ സഭയുടെ ഉറപ്പായ പ്രഖ്യാപനങ്ങൾ തന്നെ. 'അനുഗ്രഹിക്കപ്പെട്ടവൾ (blessed) എന്നതിന് ഗ്രീക്കിൽ ഉപയോഗിച്ചിട്ടുള്ള 'യൂലോഗിയോ' എന്ന പദത്തിന് to praise, to invoke, to consecrate, to ask God's blessings എന്നെല്ലാം പ്രയോഗാർത്ഥമു്. 'വന്ദിച്ചു' (അസ്ഡോമായ്) എന്നത് ഉപരിപ്ലവമായ അഭിവാദ്യം എന്നതിനെക്കാൾ ആത്മികമായ പക്ഷം ചേരലിനെക്കുറിക്കുന്നു. സന്തോഷത്തോടെയുള്ള ഒരു സ്വാഗതം കൂടിയാണത്. ഭാരതീയർ 'തൊഴുത്' നമസ്കരിക്കുന്നതും ആഴമായ അർത്ഥം ഉൾക്കൊള്ളുന്നു.

'ഭാഗ്യവതി' എന്ന **വാഴ്ത്തലിന് ത്രിവിധ കാരണങ്ങളാണ്** വേദഭാഗത്തുള്ളത്. ആദ്യ രു കാരണങ്ങൾ ഏലിശബത്ത് ആണ് നല്കുന്നതെങ്കിൽ മൂന്നാമത്തേത് മറിയമും. തന്റെ കർത്താവിന്റെ അമ്മയുടെ ആഗമനവും തന്നോടുള്ള അരുളപ്പാടിന് നിവൃത്തിയുാകും എന്ന് അവൾ വിശ്വസിച്ചതും ആണ് ഏലിശബത്ത് നല്കുന്ന കാരണങ്ങൾ. വിശകലന സാധ്യത അതിലു്. മറിയമിനെ സംബന്ധിച്ചുള്ള ഏറ്റം വലിയ പ്രഖ്യാപനം ആണ് ലൂക്കോ. 1:45 ലുള്ളത്. ദൈവവിളിയുടെ ബോധ്യം എല്ലാവർക്കും വേതും, തങ്ങളെക്കുറിച്ചുള്ളതും തങ്ങളോടുള്ളതുമായ എല്ലാ അരുളപ്പാടുകളും നിവൃത്തിയാകും എന്ന് വിശ്വസിക്കേതും ആവശ്യമാകുന്നു. അങ്ങനെയല്ലാതതവർ ദൈവിക അരുളപ്പാടിന്റെ ചരിത്രത്തിൽ 'പുറം തിരിഞ്ഞവർ' ആയിരുന്നു. ഭാഗ്യവതി എന്ന വാഴ്ത്തലിന് മറിയം നല്കുന്നതാണ് മൂന്നാം കാരണം. 'ദൈവം തന്റെ ദാസിയുടെ താഴ്ച കടാക്ഷിക്കുന്നു' (വാ. 48). മുൻ കാരണങ്ങൾ പോലെ മറിയമിന്റെ ഈ ബോധ്യവും (ഇത് ദൈവ

രാജ്യത്തിന്റെ നവബോധ്യമെന്ന് വി. അപ്രേം) അതിന്റെ മറിയ സങ്കല്പത്തിലും ക്രിസ്തുശാസ്ത്രത്തിലും (Mariology & Chrystology) സ്വീകരിച്ചിട്ടു്. മറിയയുടെ നന്മ, മഹത്വം, സമർപ്പണത്തിന്റെ അഗാധത്വം എന്നിവയിൽ ഒന്നുമല്ല 'താഴ്ച കടാക്ഷിക്കുന്ന ദൈവ കാരുണ്യത്തിലും അവിടുത്തെ കൃപയിലുമാണ്' കന്യകാജനനത്തിന്റെയും മരിയോളജിയുടെയും ഊന്നൽ.

'താഴ്ച' (lowliness) മറിയത്തിന്റെ ജീവിതാവസ്ഥയെ (status) കാണിക്കുന്നതാണ്. അത് മറിയ സ്വയം പ്രഖ്യാപിക്കുന്നു ഇവിടെ. മറിയത്തിന്റെ പാട്ട് ചൊല്ലുമ്പോൾ താഴ്മ (humility) എന്ന് തെറ്റായി ചൊല്ലുന്നതു കേട്ടിട്ടു്. 'താഴ്മ' എന്ന ഗുണ (quality)ത്തെക്കുറിച്ച് സ്വയം പരാമർശിച്ചാൽ ഔദ്ധ്യതമാകാം. താഴ്ച കടാക്ഷിക്കുന്ന ദൈവത്തെക്കുറിച്ചുള്ള ബോധ്യം മറിയമിൽ നിന്ന് പ്രാപിക്കുന്നത് ആശ്വസദായകം തന്നെ.

*ഡിസം. 4*

## ആശ്ചര്യം, സ്വപ്ന പ്രവചനം, ആശിർവാദം

*(ലൂക്കോ. 1:57 – 80*

ഓരോ പൈതലും ജനിക്കുന്നത് ദൈവത്തിന്റെ പുഞ്ചിരിയുടെ കയ്യൊപ്പോടുകൂടിയാണ് എന്ന് കവിവാക്യം. ലോകരക്ഷകനു മുന്നോടിയായ വാഗ്ദത്ത സന്തതിയുടെജനനമാണ് വേദസന്ദർഭം. അവിടെ ആശ്ചര്യവും പ്രവചനവും ആശിർവാദവും നിറഞ്ഞു നില്ക്കുന്നു. സുവിശേഷ ഭാഗത്തിന് ര് ഭാഗങ്ങളു്; വിവരണവും (w. 57-66,80) പ്രവചനവും (w. 68-79). പരിശ്ചേദനയോടും പേരിടിലിനോടും ബന്ധപ്പെട്ട പത്തു പ്രസ്ഥാവങ്ങളും (vv. 62-66) പൈതലിന്റെ വളർച്ചയുടെ സൂചനയും (v. 80) ആണ് വിവരണത്തിലുള്ളത്. പ്രവചനം, ഉള്ളടക്കത്തെ അടിസ്ഥാനപ്പെടുത്തി രു ഭാഗമായി തിരിക്കാം. മശിഹായെക്കുറിച്ചുള്ളതും (vv. 68-75) യോഹന്നാനെക്കുറിച്ചുള്ളതും (vv. 76-79).

1) **വിവരണഭാഗം:** ജനനവും ജനങ്ങളുടെ സന്തോഷവും വളരെ ഹ്രസ്വമായിട്ടാണ് ഉൾപ്പെടുത്തിയിരിക്കുന്നത് (w 57-58). ദൈവത്തിന്റെ വാഗ്ദാനത്തിലെങ്കിലും, സ്വാഭാവിക ഗർഭാവസ്ഥയെത്തുടർന്ന് ആൺകുഞ്ഞ് ജനിച്ചു. മറ്റേതൊരു പൈതലിന്റെ കാര്യത്തിലുമെന്നപോലെ, ഇതിന്റെ ജനനവും ദൈവകാരുണ്യത്താലുളവായി എന്ന് ആ പൈതലിന്റെ മാതാപിതാക്കളും മറ്റ് ജനങ്ങളും ബോധ്യപ്പെടുന്നു: അവർ ഒപ്പം സന്തോഷിക്കുന്നു. അവന്റെ ജനനത്തിങ്കൽ അനേകർ സന്തോഷിക്കും എന്ന് മുന്നമെ വാഗ്ദത്തം ഉായിരുന്നു താനും. "ദൈവ കരുണ ആർക്ക്? എന്തിലൂടെ" എന്നത് പരിശോധിക്കേ, എപ്പോഴും എല്ലാവർക്കും അത് സന്തോഷകാരണമായിത്തീരണം" എന്ന് മാത്യു ഹെൻറി. വാഗ്ദത്ത സന്തതികളെക്കുറിച്ചുള്ള (ഇസഹാക്, യാക്കോബ്, ശാമുവൽ, ശിംശോൻ, ശലോമോൻ എന്നീ വേദകഥാപാത്രങ്ങളും ഭക്തന്മാർക്കയേൻ, ശ്രീരാമൻ എന്നീ പുരാണ കഥാപാത്രങ്ങളും ഉദാഹരണം) പ്രത്യേകതളും ഇവിടെയുള്ള ലഘു വിവരണവും വിശകലന സാധ്യത നല്കുന്നു.

**പരിഛേദനയും പേരിടലും:** അബ്രഹാമിനോടും തലമുറകളോടുമായി ദൈവം ഏർപ്പെട്ട വാഗ്ദാനത്തിന്റെ ഉടമ്പടി, അടയാളമായി പുരുഷപ്രജയൊക്കെയും ശരീരത്തിൽ സൂക്ഷിച്ചതാണ് പരിഛേദന. ആൺകുട്ടി പിറന്ന് എട്ടാം ദിനത്തിൽ അതിന്റെ ലിംഗാഗ്രത്തിൽ ചുറ്റുമുള്ള ചർമ്മം (ആചാരപരമായി) ഛേദിച്ചുകളയുന്ന പരിഛേദനാകർമ്മത്തിനൊപ്പം, മാമോദീസയിലെന്നപോലെ കുട്ടിക്ക് പേരിടലും നടത്തി വന്നു. പരിച്ഛേദനകർമ്മത്തെക്കുറിച്ച് പരാമർശമുള്ള വേദഭാഗങ്ങൾ വിശകലന സാധ്യത നല്കുന്നു (ഉല്പ. 17:10–14, പുറ. 4:25, ആവ. 10:16, യെശ. 4:4, ലൂക്കോ. 1:59, 22:1, അപ്പോ. 15,16:3). യഹൂദന്മാരും മുസ്ലീങ്ങളും (13–ാം വയസ്സിൽ ഉല്പ. 17:25) അബിസ്സീനിയയിലെ ക്രിസ്ത്യാനികളും ഇന്നും പരിഛേദന കർമ്മം തുടരുന്നതായി അറിയാം. യോഹന്നാൻ, വാഗ്ദത്തത്തിന്റെ വസതിയും ഉടമ്പടിയിൽ തുടരുന്നവനും ആകുന്നു എന്ന സൂചനയാണിവിടെയുള്ളത്. പരിഛേദന കർമ്മം നിർവഹിക്കുമ്പോൾ ആചാരപരമായി നടത്തുന്ന വാക്യപ്രതിവാക്യം ഈ ഉടമ്പടിയിലേക്ക് വിരൽചൂുന്നു. വാക്യം: "തന്റെ കല്പനകളാൽ ശുദ്ധീകരിച്ച് പരിഛേദനയുടെ നിയമം നമുക്കു നല്കിയ ദൈവമായ കർത്താവ് വാഴ്ത്തപ്പെടുമാറാകട്ടെ". പ്രതിവാക്യം (പരിശ്ചേദനാർത്ഥിയുടെ പിതാവ്): "തന്റെ കല്പനകളാൽ ശുദ്ധീകരിക്കുകയും, നമ്മുടെ പിതാവായ ദാവീദിന്റെ ഉടമ്പടിയിലേക്ക് ഈ പൈതലിനെ പ്രവേശിക്കുവാൻ കല്പിക്കുകയും ചെയ്ത കർത്താവ് വാഴ്ത്തപ്പെടുമാറാകട്ടെ."

സഖറിയാവിന് ധൂപാർപ്പണവേളയിൽ ഉായ ദർശനവും തുടർന്നുള്ള മൗനാവസ്ഥയും യഹൂദ്യയിൽ പ്രചരിച്ചത് യോഹന്നാന്റെ നാമം ഉച്ചരിച്ചതിനുശേഷം എന്ന് വ്യക്തം. ചുറ്റും പാർക്കുന്നവർക്ക് ഭയവും യഹൂദ്യമലനാട്ടിൽ എങ്ങും ഈ വാർത്ത പരന്നതും സംബന്ധിച്ച് ഇവിടെയാണ് രേഖയുള്ളത്. (വാ. 65). **ദുഃഖകാരണം മാറി സന്തോഷകാരണമായതിനുശേഷമെ** അതെക്കുറിച്ച് പരസ്യമാക്കുന്നുള്ളു എന്നതിനെക്കാൾ, ചില ആത്മിക സത്യങ്ങൾ അത് നല്കുന്നു. i) ഏതു ദുഃഖവും അനുഭവകാലത്ത് കഠിനം തന്നെ. പിന്നീട് അവ പാഠവും സന്ദേശവും കൈമാറും ii) ഇക്കാര്യമെല്ലാം എഴുതപ്പെട്ട രേഖയായത് സ്നാപകന്റെ ശുശ്രൂഷയുടെയും യേശുവിന്റെ പരസ്യശുശ്രൂഷയുടെയും പൂർത്തീകരണത്തിന്റെയും ശേഷമാണല്ലോ. ആദിമസഭയുടെ ആത്മിക പൈതൃകത്തിൽ സൂക്ഷിച്ചവ കൈമാറുവാൻ, മൂന്നാം തലമുറ ക്രിസ്തീയ സമൂഹവും അതിന്റെ പ്രതിനിധിയായ വി. ലൂക്കോസും ശ്രദ്ധാലുവാകുന്നു (ഏവൻഗേല്യസ്ഥനായ വി. ലൂക്കോസ്, ഉത്ഥിതനായ ക്രിസ്തു തന്റെ സഭയോടു ചേർത്ത വി. പൗലൂസിന്റെ ശിഷ്യനായിരുന്നല്ലോ).

അപ്പോഴും മൗനാവസ്ഥയിൽ തുടർന്ന സഖറിയാവ് (വാ. 63) എഴുത്തു പലക ചോദിച്ചു വാങ്ങി യഹൂദന്മാരുടെ പതിവിനു വിപരീതമായി യോഹന്നാൻ എന്ന് എഴുതുകയും പറയുകയും ചെയ്തതും ചുറ്റും നിന്നവർ ആശ്ചര്യം പ്രകടിപ്പിച്ചതും പ്രസ്ഥാവ്യങ്ങളിൽ ആദ്യം ചേർത്തിരിക്കുന്നു. ഈ വിവരണ ഭാഗത്ത് മറ്റുള്ളവരുടെ മുഖത്തു വിളങ്ങിയ ആശ്ചര്യവും ഭയവുമടങ്ങിയ ഭാവപ്പകർച്ചകളിലൂടെ യോഹന്നാന്റെ ജനനത്തിലൂടെ ഉാകുന്ന വലിയ മാറ്റം സൂചിപ്പിച്ചിരിക്കുന്നു. ആശ്ചര്യത്തിന്റെ തുടക്കം വൃദ്ധമാതാപിതാക്കൾക്ക് പുത്രഭാഗ്യമുായതിലാണെങ്കിൽ തുടർന്ന് അവരുടെ ആശ്ചര്യം പിതൃപാരമ്പര്യത്തിലില്ലാത്ത പേര് കുട്ടിക്ക് അമ്മ നിർദ്ദേശിക്കുന്നതിലാണ്. ആ നാമം തന്നെ, അപ്പനായ സെഖര്യാവും നിർദ്ദേശിച്ച് എഴുതുകയും, മൗനാവസ്ഥ നീങ്ങി നാമം ഉച്ഛരിക്കുകയും ചെയ്യുമ്പോൾ ആശ്ചര്യം ശതഗുണീകരിക്കുന്നു. മൗനിയായവൻ അതു നീങ്ങി ദൈവകോപത്തെ പഴിക്കാതെ സ്തുതിക്കുമ്പോൾ, ചുറ്റും നിന്നവരുടെ ആശ്ചര്യമാപിനി വീും ഉയർന്നു. യഹൂദ്യ മലനാട്ടിൽ ഈ വർത്തമാനം ഉാക്കിയ ആശ്ചര്യം കൂടി വിവരണത്തിൽ ചേർത്തിരിക്കുന്ന, മശിഹായുടെ മുന്നോടിയുടെ ജനനത്തിന്, സുവിശേഷകൻ എത്ര പ്രാധാന്യം നല്കിയിരിക്കുന്നു എന്നതിന് തെളിവാണ്. മുന്നോടിയുടെ ജനനം ഇങ്ങനെയെങ്കിൽ സൂചിത ജന്മവും ജീവിതവും എത്ര ആശ്ചര്യജനകം എന്നും വ്യഞ്ജിപ്പിച്ചിരിക്കുന്നു.

**2. പ്രവചനഭാഗം** (68–79): യോഹന്നാനെ മകനായി ജനിച്ച സഖറിയാവ്, ജനത്തിനൊപ്പം നിൽക്കുന്ന പുരോഹിതനാണ്. അതുകൊുതന്നെ ആ സന്തതി വാഗ്ദത്തത്തിലുള്ളവനെന്നും, ഉടമ്പടിയുടെ പുത്രനെന്നും ധരിച്ചാണ് അദ്ദേഹം പ്രവചിച്ചത്. മശിഹായെക്കുറിച്ചാണ് പ്രവചനത്തിൽ ആദ്യം: വാഴ്ത്തപ്പെട്ടവനായ ദൈവം തന്റെ ജനത്തെ സന്ദർശിച്ചതായി അദ്ദേഹം ബോധ്യപെടുന്നു (വാ. 68). തനിക്ക് ശിക്ഷയാൽ ഉളവായ മൗനാവസ്ഥയും തുടർന്നുള്ള പുത്രദാനവും താനുൾപ്പെട്ട ദൈവജനത്തിന്റെ സ്വപ്നത്തോടു ചേർത്താണദ്ദേഹം കാണുന്നത്. ഭാവി വർത്തമാനത്തിലേക്കു കടന്നിരിക്കുന്നതായി ദർശിക്കുന്ന വിശകലന സാധ്യതയുള്ള മൂന്നു കാര്യങ്ങൾ അതിലു്. i) **ദൈവം തന്റെ ജനത്തെ സന്ദർശിച്ച് ഉദ്ധാ**

**രണം നല്കുന്നതാണീ ജനനം.** വേദപുസ്തക ദർശനത്തിൽ ദൈവ സന്ദർശനത്തെക്കുറിച്ചുള്ള വിവരങ്ങൾ ഫാക്കാദ് എന്ന് എബ്രായ ഭാഷയിലും എപ്പിസ്കെടോമയ് എന്നു ഗ്രീക്കിലും പരാമർശിച്ചു കാണുന്നു. ഉല്പ. 21, പുറ. 3:16, 4:31, രൂത്ത് 1:6, സങ്കീ. 17:3, യെശ. 26:14,16) വെറും സന്ദർശനം എന്നതിലുപരി അനുകൂലനത്തിനായുള്ള ഇടപെടലാണിവിടെ സൂചിതം.

ii) **ദൈവകരുണയാൽ ഉായ രക്ഷയുടെ പ്രഖ്യാപനമാണീ ജനനം.** സംശയരഹിതമായി രക്ഷ പ്രഖ്യാപിക്കുന്നു എന്ന രീതിയിലാണ് ഭാഷാ പ്രയോഗം. രക്ഷയുടെ കൊമ്പ് ഉയർത്തിയിരിക്കുന്നു [(70–71) 1 രാജാ. 22:11, യെശ. 5:1, സെഖ. 1:18)]

iii) പിതാക്കന്മാരോടുള്ള ദൈവിക **ഉടമ്പടിയിലും** പ്രതികരണമായ ആരാധനയിലും വെളിവാകുന്ന **ദൈവകൃപ**യിലാണീ പൈതലിന്റെ ജനനം. അത്യുന്നതന്റെ പ്രവാചകൻ, ദൈവകരുണയിൽ പാപമോചനം നല്കുന്നവന് വഴി ഒരുക്കുന്നവൻ, പ്രകാശ വാഹകൻ എന്നിങ്ങനെ, വിശകലന സാധ്യതയുള്ള വിശേഷണവാക്കുകളിലാണ് യോഹന്നാനെക്കുറിച്ച് പ്രവചിച്ചിരിക്കുന്നത്. ആശ്ചര്യവും, പ്രവചനവും ആശീർവാദവും മുന്തിനില്ക്കുന്ന ഈ വേദഭാഗത്തെ മുഖ്യ ഊന്നൽ, ക്രിസ്തു, ദൈവകരുണ, സർവ്വലൗകിക രക്ഷ എന്നിവയിലാണ്.

*ഡിസം. 11*

## 'അപ്രകാരം' ചെയ്യാൻ ഉറക്കം ഉണരുന്നവൻ യോസഫ്

*(മത്താ. 1: 18 – 25)*

യേശുക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പ് കന്യകമറിയാമിന് ലഭിച്ചതുപോലെ യോസഫിന് ലഭിച്ചതാണ് വേദവായനാഭാഗത്തെ ഉള്ളടക്കം. കന്യക മറിയാമിനുള്ള ദർശനത്തെക്കുറിച്ച് വി. ലൂക്കോസ് വിവരിക്കുമ്പോൾ (1:26–38), യോസഫ് എന്ന നീതിമാനു ലഭിച്ച വെളിപാടായി വി. മത്തായി വിവരിക്കുന്നു.

വാഗ്ദത്ത സന്തതികളെക്കുറിച്ചുള്ള വെളിപാടുകളിൽ മാതാപിതാക്കളിൽ ഒരാൾക്കു മാത്രമാണ് ദർശനമുാകുന്നത് സാധാരണയെങ്കിൽ ഇവിടെ മറിയാമിനൊപ്പം പിതാവിനും അതിനു ഭാഗ്യമുാകുന്നു. മൂന്നു കാരണങ്ങളാൽ ആ ദർശനം ആവശ്യമായിരുന്നു എന്ന് സഭാപിതാക്കന്മാർ. **ഒന്നാമത്,** യോസഫ് എന്ന നീതിമാൻ, അറിവില്ലായ്മയാലെങ്കിലും അനീതി ചെയ്യുവാൻ ദൈവം ഇടയാകുന്നില്ല. യോസഫിനെ സംബന്ധിച്ച് വേദവിവരണങ്ങളിലുള്ള അഭിപ്രായത്തിനൊത്തുവരുന്നു ഈ കാരണം. **രാമത്**, മാതാവായ മറിയാമിനെക്കുറിച്ച് പിൽക്കാലത്ത് ഒരിടത്തും, വിശ്വാസികളുടെ ഇടയിലെന്നല്ല അവിശ്വാസികളുടെ ഇടയിൽ പോലും, സംശയമുായിക്കൂടാ എന്നും ദൈവം ആഗ്രഹിക്കുന്നു എന്നതും ഈ വെളിപാടിന് കാരണമായി. **മൂന്നാമത്** യോസഫിലുള്ള സംശയമായോ ഭയമോ ദൂരീകരിക്കുക മാത്രമല്ല, വി. ഗർഭോല്പാദത്തെക്കുറിച്ചുള്ള ബോധ്യത്തിൽ അദ്ദേഹത്തെ ഉറപ്പിച്ച്, സമർപ്പിതനും സന്തോഷവാനും ആക്കുവാനുദ്ദേശിച്ചുള്ളതാണീ വെളിപാട് എന്ന് വി. ക്രിസോസ്റ്റം.

യോസേഫിനെ സംബന്ധിച്ച് സുവിശേഷങ്ങളിൽ ലഭ്യമായ വിവരണങ്ങളിലെ ഏറ്റം വലിയ പ്രശംസാവാക്കുകളാണ് ഈ ഭാഗത്തുള്ളത്. വാക്യം 19-ൽ ചേർത്തിരിക്കുന്നു; അദ്ദേഹം നീതിമാനും തനിക്കുൾക്കൊള്ളാനാകാത്ത കാര്യങ്ങളുള്ളവർക്കുപോലും ലോകാപവാദത്തിനിഷ്ടമില്ലാത്തവനുമായിരുന്നു. ദമ്പതികളായി കൂടിവരും മുമ്പെ ഗർഭവതിയാകുന്ന സ്ത്രീയെ കല്ലെറിഞ്ഞു കൊല്ലണമെന്ന് മോശൈക നിയമം (ആവ. 22:23–24) പ്രാബല്യത്തിലുള്ള കാലത്താണ് യോസഫ് മറിച്ച് ചിന്തിച്ചുറച്ചിരിക്കുന്നത്. 'നീതിമാൻ' എന്നത്, പരിമിതാർത്ഥത്തിൽ, മറ്റുള്ളവരെക്കുറിച്ച് നീതിയുള്ള വിധിത്തീർപ്പു ചെയ്യുന്നവൻ എന്നാകാം. വിശാല അർത്ഥത്തിൽ നിഷ്കളങ്കൻ എന്നും നിർദ്ദേഷി എന്നും കുറ്റമറ്റ രീതിയിൽദൈവകല്പനകൾ പാലിക്കുന്നവൻ എന്നുമാകാം.

**കന്യകമറിയാമിനെക്കുറിച്ചും യേശുവിനെക്കുറിച്ചും സംഗതമായഏതാനും കാര്യങ്ങൾ ഈ വിവരണത്തിലു്:** കന്യക മറിയാമിനെ സംബന്ധിച്ച് ഭാര്യ, ശങ്കിക്കാതെ ചേർത്തുകൊള്ളപ്പെടേവൾ, ഉള്ളിൽ ഉല്പാദിതമായത് (ഗർഭവതി), പരിശുദ്ധാത്മാവിനോട് സംബന്ധിത, ജനത്തെ രക്ഷിക്കുന്നവനെ പ്രസവിക്കുന്നവൾ എന്നിങ്ങനെ ചേർത്തിരിക്കുന്നു. ഈ കാര്യങ്ങൾ എല്ലാം തന്നെ അപ്പോൾ നേരിട്ടുകൊിരുന്ന ജീവൻ പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ ഏറെ പ്രസക്തമാണ്. യേശുവിന്റെ ഉത്ഥാനശേഷം ഈ പറഞ്ഞവയ്ക്ക് വിശ്വാസികൾക്കിടയിൽ സംശയങ്ങളില്ലാ എന്നു കരുതാമെങ്കിലും സംശയത്തിന്റെയും ഭയാശങ്കകളുടെയും മുൾമുനയിലായിരുന്ന യോസഫിനെ ഉറപ്പിക്കുവാൻ അവ ആവശ്യം തന്നെ.

യോസഫിനുള്ള ദർശനത്തിൽ **യേശുവിനെക്കുറിച്ചുള്ള കാര്യങ്ങളും** ചിന്തനീയമാണ്. ദാവീദിന്റെ ഗോത്രത്തിൽ ജനിക്കുന്നവൻ എന്നതിനാലാണ് പൈതലിന് യോസഫ് തന്നെ പേർ നല്കാൻ നിർദ്ദേശിച്ചിരിക്കുന്നത്. കൂടാതെ പാപത്തിൽ നിന്നു രക്ഷ നല്കുന്നവൻ എന്നും യേശു എന്ന നാമധാരി ആകുമെന്നും തന്റെ ജീവനും ജീവിതവും ജനകേന്ദ്രീകൃതനെന്നും പ്രവചന നിവൃത്തിയായി ജന്മമെടുക്കുന്നവൻ എന്നുമെല്ലാം യേശുവിനെക്കുറിച്ച് വിവരിച്ചിരിക്കുന്നു. ഈദൃശ കാര്യങ്ങളെല്ലാം യേശുവിനെ പൈതൃക ബന്ധിയായി നിർത്തുകയും രക്ഷികോദ്ദേശത്തെ വെളിവാക്കുകയും ചെയ്യുന്നു.

യേശുവിന്റെ നാമകരണത്തിൽ വളർത്തുപിതാവിന് പങ്കു നൽകിയ രക്ഷിത പദ്ധതിയെക്കുറിച്ച് പിതാക്കന്മാർ ധ്യാനപരമായി ചിന്തിച്ചിട്ടു്. ദാവീദിന്റെ ഗോത്രത്തിൽ പിറക്കുവാൻ ദൈവം തിരുമനസ്സായപ്പോൾ, യോസഫ് എന്ന ദാവീദിന്റെ ഗോത്രക്കാരന് ദൈവം പങ്കു നല്കിയില്ല എന്ന് ഒരർത്ഥത്തിൽ ചിന്തിക്കാമെങ്കിലും, നാമകരത്തിനുള്ള അവകാശത്തിലൂടെ ദൈവിക രക്ഷിക പദ്ധതിയിലുള്ള അംഗീകരണമാണ് വെളിവാക്കുന്നത് എന്ന് വി. ക്രിസോസ്റ്റം (മത്തായിയുടെ സുവിശേഷത്തെ അധികരിച്ചുള്ള ഒന്നാം പ്രഭാഷണം). നാമകരണം, യഹൂദന്മാർക്ക് അവകാശവും, അധികാരവും, പൈതൃകവും പ്രതീക്ഷയും സ്വപ്നവും എല്ലാം ഉൾക്കൊള്ളുന്നതാണല്ലോ.

രാവിലും രാവിലെയും ഒരുപോലെ **അനുസരണത്തിനൊരുക്കമുള്ള ആളായി**ട്ടാണ് യോസഫിനെ സുവിശേഷകൻ അവതരിപ്പിച്ചിരിക്കുന്നത്. തനിക്ക് വിവാഹം പറഞ്ഞു വച്ചിരിക്കുന്ന കന്യകയെക്കുറിച്ച് 'അനിഷ്ടമായത് അറിഞ്ഞപ്പോൾ മുതൽ ആശങ്കയിലായിരുന്ന യോസഫ്, സന്നിദ്രിം സംഘത്തെ സന്ദർശിച്ചിരുന്നിരിക്കാം. അവിടെ ഉപേക്ഷണ ചീട്ട് തയ്യാറാക്കി വച്ചതിൽ കൈയ്യൊപ്പു വയ്ക്കാൻ രാവിലെ ചെല്ലുവാൻ തീരുമാനിച്ചാകണം യോസഫ് ഉറങ്ങുവാൻ കിടന്നത്. എന്നാൽ രാവിൽ എടുത്ത തീരുമാനം രാവിൽ തന്നെ മാറിമറിഞ്ഞു. സ്വപ്നത്തിലുായ ദർശനത്തിൽ മറിച്ചു തീരുമാനിച്ചിരുന്നതിനാൽ പ്രഭാതത്തിൽ മറിയമിനെ സ്വീകരിക്കുവാനാകണം യോസഫ് പോയത്. 'രാത്രിയിലെ നിരൂപണങ്ങൾ മാറ്റുവാൻ ദൈവിക ഇടപെടലിന് മനസ്സുകൊനുവദിക്കുന്ന വന്ദ്യനായ മനുഷ്യൻ ആണ് യോസഫ്.' 'ഇതാ ഞാൻ കർത്താവിന്റെ ദാസി' (ലൂക്കോ. 1:38) എന്ന സമർപ്പണത്തിന് ഒപ്പം നില്ക്കുന്ന പ്രതികരണമാണ് യോസഫിൽ നിന്നുാകുന്നത് (മത്താ. 1:24): "കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ ചെയ്തു: ഭാര്യയെ ചേർത്തു കൊു."

**'ആദ്യജാതനെ പ്രസവിക്കും വരെ'** എന്ന പദപ്രയോഗം ഏറെ ചർച്ചകൾക്ക് വിഷയമാക്കിയിട്ടു്. യേശുവിനു ജന്മം നല്കുന്നതുവരെ കന്യകയായിരുന്ന മറിയം, തുടർന്ന് യോസഫിൽ നിന്ന് മറ്റുമക്കൾക്ക് ജന്മം നൽകി എന്ന് മാത്രം ഇതിന്റെ അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കുന്നവരു്. അതുവരെ (until) എന്നതിന്, ഒരു പ്രത്യേക സമയം വരെ മാത്രം എന്ന് അർത്ഥമില്ല എന്ന് വിശദമാക്കുവാൻ വി. ക്രിസോസ്റ്റം മൂന്ന് വേദഉദാഹരണങ്ങൾ നല്കുന്നു്. നോഹയുടെ പെട്ടകത്തിൽ നിന്നു പുറത്തുവിട്ട മലങ്കാക്കയെ സംബന്ധിച്ച് ഉല്പ. 8:7ൽ രേഖപ്പെടുത്തിയിരിക്കുന്നു. "അതു പുറപ്പെട്ടു ഭൂമിയിൽ

വെള്ളം വറ്റിയതു വരെ പോയും വന്നും കൊിരുന്നു". ആ നിർദ്ദിഷ്ട സമയ ശേഷവും മലങ്കാക്ക പെട്ടകത്തിലേക്കു മടങ്ങി വന്നില്ലല്ലോ എന്ന് വി. ക്രിസോസ്റ്റം. സങ്കീ. 90:2,72:7 എന്നീ ഭാഗങ്ങളും ഉദ്ധരിച്ച് അദ്ദേഹം എഴുതി, ആദ്യജാതന്റെ ജനനം വരെ എങ്ങനെയായിരുന്നു എന്നു സൂചിപ്പിക്കുവാൻ ഉദ്ദേശിച്ച് എഴുതിയ ഭാഷാപ്രയോഗം പിന്നീടത്തെ കാര്യം സൂചിപ്പിക്കുവാനല്ല എഴുതിയിട്ടുള്ളത്. തന്നെയുമല്ല, ആദ്യജാതൻ എന്ന പ്രയോഗം കൊ് അവർക്ക് പിന്നെയും ജാതന്മാർ ഉായിരുന്നു എന്നും അർത്ഥമാക്കുന്നില്ല എന്നും അദ്ദേഹം പഠിപ്പിച്ചു.

യോസഫ് അനുസരണത്തിലും നീതിയിലും കുറ്റമറ്റ ജീവിതത്താൽ ദൈവത്തെ സാക്ഷിച്ചു.

*ഡിസം. 18*

## കൃപയിലും സത്യത്തിലുമുള്ള വചനം

*(ലൂക്കോ. 3:23–38)*

സുവിശേഷങ്ങളിൽ അവസാനം രചിക്കപ്പെട്ടതും ക്രിസ്തുവിന്റെ വത്സലശിഷ്യനായി അറിയപ്പെട്ട യോഹന്നാനിലൂടെ, ക്രിസ്തുവിനെക്കുറിച്ചുള്ള പഠിപ്പിക്കലുകൾ നല്കുകയും ചെയ്യുന്ന നാലാം സുവിശേഷത്തിന് സമവീക്ഷണ സുവിശേഷങ്ങളിൽ നിന്ന് വ്യത്യസ്തമായ അവതരണ ശൈലിയാണുള്ളത്. അത് പുസ്തകാദ്യം തന്നെ പ്രകടമായിരിക്കുന്നു. യേശുക്രിസ്തുവിലെ വെളിപാടിനെക്കുറിച്ചുള്ള ചതുർവിധ സാക്ഷ്യങ്ങളാണ് വായനാഭാഗത്തുള്ളത്: ജീവിക്കുന്ന വചനം (1–5), ലോകത്തിന്റെ വെളിച്ചം (6–8), മനുഷ്യരുടെ പ്രകാശം (9–13), ജഡമായ വചനം (14–18) എന്നിവ. ത്രിവിധ ആവശ്യങ്ങൾക്ക് പ്രാധാന്യം നല്കി ചിന്തിക്കാം.

i) **അവനിൽ ജീവൻ ഉായിരുന്നു**: ജഡധാരണം ചെയ്ത ക്രിസ്തുവിനെക്കുറിച്ച് എഴുതിയിരിക്കുന്നു ജീവൻ സ്വതേ അവനിലു്. മൂന്നു വിധത്തിൽ അതിനർത്ഥം കല്പിക്കാം. ഒന്ന്, ഒരുവനിലെ ജീവന് ആധാരമായിരിക്കുന്നത് ക്രിസ്തുവാകുന്നു, മൂന്ന് ജീവന്റെ പൂർണ്ണതയും അവിടുന്നാകുന്നു (ഗലാ. 5:22–23). യേശുക്രിസ്തു ജീവന്റെ ഉറവയും ആധാരവും എന്നത് പുതിയനിയമ പുസ്തകങ്ങളിലെ ഒരു പ്രധാന ആശയമാണ് (യോഹ. 5:26, യോഹ. 1:2, യോഹ. 4:14). മനുഷ്യരുടെ വെളിച്ചമായ ജീവനെക്കുറിച്ചാണ് തുടർന്ന് വിവരിച്ചിരിക്കുന്നത് (യോഹ. 1:4–9) ഒപ്പം ജീവനും വെളിച്ചത്തിനും സാക്ഷിയായി വന്ന യോഹന്നാനെക്കുറിച്ചും ബന്ധിപ്പിച്ചിരിക്കുന്നു. മൂന്നു കാര്യങ്ങളാണ് വെളിച്ചത്തിന്റെ സാക്ഷിയെക്കുറിച്ച് ചേർത്തിരിക്കുന്നത്: അവൻ നീതി വെളിച്ചത്തിൽ സാക്ഷ്യം നല്കുന്ന മനുഷ്യനും (Just a man) ദൈവത്താൽ അയയ്ക്കപ്പെട്ടവനും, കരുണ ചെയ്യുന്നവൻ എന്ന അർത്ഥത്തിൽ യോഹന്നാൻ എന്നു വിളിക്കപ്പെട്ടവനും ആകുന്നു.

സഭാപിതാവായ വി. അപ്രേം, യോഹന്നാനും യേശുവും തമ്മിലുള്ള സാധർമ്മ്യങ്ങൾ ധ്യാനപരമായി നിരത്തുന്നു: ഒരാൾ വന്ധ്യതയിൽ നിന്നുളവായി, മറ്റെയാൾ കന്യകയിൽ നിന്നു ജനിച്ചു, ഒരാൾ തന്റെ പ്രസംഗത്താൽ പാപബോധ്യമുളവാക്കി, മറ്റെയാൾ പാപത്തെ തുടച്ചു നീക്കി. ഒരാൾ അനുതാപ വഴി ചൂിക്കാട്ടി, മറ്റെയാൾ സർവ പാപക്കറകളും നീക്കി വെടിപ്പു നൽകി, ഒരാൾ അഹറോന്യ പുത്രിയിൽ നിന്നു ജനിച്ച മരുഭൂമിയിലെ ശബ്ദം, മറ്റെയാൾ ദാവീദിൽ നിന്നും വന്ന സർവ്വ സീമകളുടെയും രാജാവ് ഒരാൾ വെള്ളത്തിൽ മാമോദീസ നൽകുകയും അഗ്നിയിലും പരിശുദ്ധ ആത്മാവിലും സ്നാനം നല്കുന്നവനെക്കുറിച്ച് പ്രഘോഷിക്കുകയും ചെയ്തു.

ii) **ലോകം അവനെ അറിഞ്ഞില്ല**. ദീർഘകാലം ക്രിസ്തുസഭയ്ക്ക് നേതൃത്വം നല്കി ക്രിസ്തുവിനെ സാക്ഷിച്ചു ജീവിച്ച അപ്പോസ്തോലന്റെ ചെറിയ വാക്കുകളിൽ വലിയ ദുഃഖം നിഴലിക്കുന്നു, ക്രിസ്തുനിരാസത്തിന്റെ യാഥാർത്ഥ്യം അതിലു്. തന്റെ മനുഷ്യാവതാരത്തിനു മുമ്പെ താൻ ഉന്നുള്ളതും (യോഹ. 16:28) ഈ ലോകത്തിലെ വാസം കൊും രക്ഷികമായ പരസ്യശുശ്രൂഷ കൊും അതിനെ മാനിച്ചു എന്നതും (ദൈവപുത്രൻ വസിച്ച ഇടമാണ് ലോകം എന്നതാണാ മാന്യതക്കടിസ്ഥാനം), താൻ ഇനി ലോകത്തിന്റേതല്ല എന്നതും (17:11) ദിവ്യ രഹസ്യത്തിന്റെ ഭാഗമായി ശ്ലീഹാ തന്നെ സാക്ഷിച്ചിരിക്കുന്നു.

കോസ്മോസ് (ലോകം) എന്ന പദം വ്യത്യസ്ത അർത്ഥഫലം ഉൾക്കൊള്ളുന്നു (i) സർവ്വവും ഉൾക്കൊള്ളുന്ന പ്രപഞ്ചം (യോഹ. 17:5, മത്താ. 25:34, റോമ. 1:20) (ii) മനുഷ്യാധിവാസമുള്ള ഈ ഭൂമി (മത്താ. 4:8, മർക്കോ 14:9, ലൂക്കോ. 12:30, യോഹ. 10:36, 11:9,27,16:21) (iii) മനുഷ്യവർഗ്ഗത്തെ സൂചിപ്പിക്കുന്നു (മത്താ. 18:7, യോഹ. 1:29, 3:16, 6:33,51; 2 പത്രോ. 2:5) (iv) ദൈവത്തോട് എതിർത്തു നിലിക്കുന്നവ, പാപം (യോഹ. 7:7, 8:23, 12:31, 15:18, ഗലാ. 6:14, യാക്കോ. 1:27) എന്നിങ്ങനെ വ്യത്യസ്ത അർത്ഥങ്ങളോടെ 'ലോകം' എന്ന പദം ഉപയോഗിച്ചിരിക്കുന്നു. യോഹ. 1:10–ൽ 'ലോകം' എന്നത് മനുഷ്യ രക്ഷയ്ക്കുള്ള യേശുക്രിസ്തുവിന്റെ 'ജീവനെ' സ്വീകരിക്കാത്ത മറുതലിപ്പിനെ സൂചിപ്പിക്കുന്നു.

താൻ മുഖാന്തരം ഉളവായലോകം അവനെ അറിഞ്ഞില്ല എന്നതിലും തീവ്രമായ ഒന്നാണ് അവനെ അറിയാനാകുമായിരുന്ന ദൈവജനം (യിസ്രായേൽ) അവനെ കൈക്കൊില്ല എന്നത് വിശ്വസിക്കന്നവർക്ക് ദൈവമക്കൾ (1:12) എന്ന സ്വതന്ത്ര അധികാരം (എക്സൂസിയ) ഉന്നിരിക്കെ (ഗലാ. 3:26, 1 യോഹ. 3:1) ഈ നിരാസം കഠിനം എന്നാണ് യോഹന്നാന്റെ പക്ഷം.

iii) **വചനം ജഢമായി നമ്മുടെ ഇടയിൽ പാർത്തു** എന്നത് യേശുക്രിസ്തുവിന്റെ മനുഷ്യാവതാര രഹസ്യം വ്യക്തമാക്കുന്നു. രണ് ഭാഷാപ്രയോഗങ്ങളിലൂടെ ക്രിസ്തുവിന്റെ ദൈവ-മനുഷ്യ സ്വഭാവം സുവ്യക്തമാക്കിയിരിക്കുന്നു: a) വചനം ജഡമായി b) നമ്മുടെ ഇടയിൽ പാർത്തു.


**വിശുദ്ധനാട് തീർത്ഥാടനം**

യോർദ്ദാൻ, ഇസ്രയേൽ, പാലസ്തീൻ,
ഈജിപ്ത്

വന്ദ്യരായ വൈദീകരുടെ നേതൃത്വത്തിൽ
എല്ലാ മാസവും പുറപ്പെടുന്നു

**പ്രത്യേകതകൾ:**
* വൈദികരുടെ നേതൃത്വം
* കുറഞ്ഞ യാത്രാ ചിലവ്
* അംഗീകാരമുള്ള ഗൈഡുകൾ
* പ്രഭാത ഭക്ഷണം, ഉച്ചഭക്ഷണം, അത്താഴം
* എയർ കീഷൻ ബസുകളിൽ യാത്ര
* 3/4 സ്റ്റാർ ഹോട്ടലുകളിൽ താമസം
* സൗജന്യ ട്രാവൽ ഇൻഷുറൻസ്

പുറപ്പെടുന്ന തീയതികൾ:
Dec. 1, 21, 2012 April 9,24 May 8, 22

**Contact:**

Fr. K. G. Mathew Thekkedathu
9496326726, 9526788928

Mr. Binu David
(Co-ordinator-Out side Kerala)
09974099367

**JORDAN VALLY**
**PILGRIMAGE ASSOCIATION**
**PATHANAMTHITTA**

**വചനം ജഡമായി:** ആദിയിലെ ഉള്ളതും (pre-existent), ദൈവമായതും (God) സകലത്തിനും കാരണവുമായ വചനം ജഡരക്തങ്ങളോടുകൂടിയ രൂപം സ്വീകരിച്ചത് (യോഹ. 1:1-3) ജീവപര്യന്തം മരണഭീതിയിൽ അടിമകളായിരുന്നവരെ വിടുവിക്കുവാൻ എന്ന് എബ്രായ ലേഖനം (2:14). ആദ്യ നൂറ്റാണ്ടിന്റെ അവസാന പാദത്തിലും തുടർന്നും ശക്തമായ ദൈവത്വ മനുഷ്യത്വ നിഷേധങ്ങളുടെ പശ്ചാത്തലത്തിൽ ഈ വാക്കുകൾക്ക് ഏറെ പ്രസക്തിയുണ്ട്, വിശകലന സാധ്യതയുണ്ട് (2 കോരി 13:4,5:21, 1 പത്രോ. 3:18, റോമ. 8:3, യെശ. 40:6, സങ്കീ. 8)

**നമ്മുടെ ഇടയിൽ പാർത്തു** എന്നതിന് ഗ്രീക്കിലുള്ള പദത്തിന് (എസ്ക്കനോസർ, സ്കേനൂ) താല്ക്കാലിക കൂടാരവാസത്തെ സൂചിപ്പിക്കുന്ന അർത്ഥമാണുള്ളത്. ദൈവപുത്രൻ താണ അവസ്ഥയിലേക്ക് ഇറങ്ങി എന്നതും, പ്രത്യേകമായി തന്റെ സാന്നിദ്ധ്യം നല്കുവാനുദ്ദേശിച്ചു എന്നതും പ്രത്യേക ഉദ്ദേശലക്ഷ്യങ്ങളോടെയുള്ള താല്ക്കാലികവാസ ക്രമീകരണം എന്നതും സൂചിപ്പിക്കപ്പെടുന്നു. 'ദൈവപുത്രൻ മനുഷ്യപുത്രനായത് മനുഷ്യമക്കളെ ദൈവമക്കളാക്കുവാൻ' എന്ന് വി. അത്താനാസിയോസ്. ഉദ്ദേശനിവൃത്തിക്കായുള്ള പരിമിതപ്പെടുത്തലിനെക്കാൾ ലക്ഷ്യം നേടുവാനുള്ള നിശ്ചയത്തിലാണ് ഊന്നൽ. പിതാവിന്റെ മടിയിൽ ഇരിക്കുന്ന (യോഹ. 1:18) പുത്രൻ അവിടുത്തെ വെളിപ്പെടുത്തി, ദൈവമക്കൾക്കുള്ള സാധ്യതയെ ഉറപ്പിച്ചു.

ഈ രക്ഷാസാധ്യതയിലേക്ക് വെളിച്ചം നല്കി സാക്ഷ്യമേകാനാണ് മുന്നോടിയായ യോഹന്നാനെയും അയച്ചത്. അദ്ദേഹത്തിന്റെ ദൗത്യവും (വെളിച്ചത്തിനു സാക്ഷ്യമേകുക) അതിന്റെ ഉദ്ദേശ്യവും (എല്ലാവരും വിശ്വസിക്കുക, ജീവൻ നേടുക. (യോഹ. 2:24, 3:16, 5:24) വേദഭാഗത്ത് ആദ്യം തന്നെ നല്കിയിരിക്കുന്നു. ■

## For Favours Received





Leelamma John
Thundumannil



Giji Renil
Karyakulam

## 8th Death Anniversary, Dec. 17



**Rev. Fr. Daniel P. Pulivelil**
**Konni**

Inserted by:

Varghese & Family
Prof. Thomas P. & Family
Rajan Daniel & Family
Rev. Fr. Mathew P. Daniel & Family


# വിശുദ്ധനാട് തീർത്ഥാടനം

**ജോർദ്ദാൻ** | **ഇസ്രായേൽ** | **പാലസ്തീൻ** | **ഈജിപ്ത്**

വന്ദ്യരായ വൈദികരുടെ ആത്മീയ നേതൃത്വത്തിൽ ഗ്രൂപ്പ് ലീഡർ, ടൂർ മാനേജർ, അംഗീകാരമുള്ള ഗൈഡുകൾ, ഒപ്പം നിരവധി തവണ വിശുദ്ധ നാട് യാത്ര നയിച്ച കമ്പനി ചെയർമാൻ സജി സാം മുഞ്ഞവിളയുടെ മേൽനോട്ടത്തിൽ ഗ്രൂപ്പുകൾ നയിക്കപ്പെടുന്നു

**ഞങ്ങളുടെ പ്രത്യേകതകൾ**

➢ പ്രായം ഉള്ളവരേയും, വിദേശയാത്രാ നടത്തിയിട്ടില്ലാത്തവരേയും വളരെ കരുതലോടും, ഉത്തരവാദിത്വത്തോടും മുന്തിയ സുഖസൗകര്യങ്ങൾ നൽകി ടെൻഷൻ ഇല്ലാതെ കൊണ്ടുപോകുന്നു. ➢ വൈദികരിൽനിന്നും ജനങ്ങളിൽനിന്നും അംഗീകാരവും, അവാർഡുകളും ലഭിച്ചിട്ടുള്ള സ്ഥാപനം. ➢ ജനങ്ങളെ ആകർഷിക്കാൻ റേറ്റ് താഴ്ത്തി സുഖസൗകര്യങ്ങൾ വെട്ടിച്ചുരുക്കുവാൻ ഈ സ്ഥാപനം തയ്യാറല്ല. ➢ ഓരോ ഗ്രൂപ്പും പോയിവരുമ്പോൾ വീഡിയോയും ഫോട്ടോയും എടുത്ത് ഓരോരുത്തർക്കും സി.ഡി. നൽകുന്നു.

**യാത്ര പുറപ്പെടുന്ന തീയതികൾ : 2012 ഏപ്രിൽ 10, 20 മെയ് 16, ജൂൺ 20**

**2012 ഏപ്രിൽ 10–ാം തീയതി തുമ്പമൺ ഭദ്രാസന കൗൺസിൽ അംഗം റവ. ഫാ. രാജു ഡാനിയേലിന്റെ ആത്മീയ നേതൃത്വത്തിൽ യാത്ര പുറപ്പെടുന്നു. Rev. Fr. Raju Daniel - 9447773810**

**2012 ഏപ്രിൽ 20–ാം തീയതി തുമ്പമൺ ഭദ്രാസന വൈദിക സംഘം സെക്രട്ടറിയും, ഓർത്തഡോക്സ് സഭയിലെ പ്രശസ്ത സുവിശേഷകനുമായ റവ. ഫാ. വർഗ്ഗീസ് കളീയ്ക്കലിന്റെ ആത്മീയ നേതൃത്വത്തിൽ യാത്ര പുറപ്പെടുന്നു.**

Chief Co-ordinator : Jose Madapallil, 9447563352 Rev. Fr. Varghese Kaleekal 9446185959

തീർത്ഥാടനയാത്രയിലെ മികച്ച സേവനത്തിന് പുരസ്ക്കാരം നൽകുന്നു.



SAJI SAM MUNJAVILAYIL, 9496326768

JORDAN PILGRIM TOURS & TRAVELS
DN BUSINESS GROUP

Munjavilayil Building, MALLASSERY P.O., Pathanamthitta, Kerala - 689 646
Ph: 9496326768, 0468-2335738 jordanpilgrimtoursindia@gmail.com, sajijordan@gmail.com

# സെന്റ്. തോമസ് ഓർത്തഡോക്സ് പള്ളി
## ഗാസിയാബാദ്, ഉത്തർ പ്രദേശ്

## 'മാർ പീലക്സീനോസ് ഭവന ദാന പദ്ധതി'

ഡൽഹി ഭദ്രാസന മെത്രാപ്പോലീത്താ ആയിരുന്ന കാലം ചെയ്ത ഭാഗ്യ സ്മരണീയനായ ഇയ്യോബ് മാർ പീലക്സീനോസ് തിരുമേനിയുടെ സ്മരണാർത്ഥം ഗാസിയാബാദ് സെയ്ന്റ തോമസ് ഓർത്തഡോക്സ് ഇടവക നടപ്പാക്കുന്ന **'മാർ പീലക്സീനോസ് ഭവന ദാന പദ്ധതി'** യിലേക്ക് അർഹരായ ഓർത്തഡോക്സ് സഭാംഗങ്ങളിൽ നിന്ന് അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു. ഈ പദ്ധതി പ്രകാരം രു വീടുകൾ താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി നലകുന്നതാണ്.

## നിബന്ധനകൾ

1. അപേക്ഷക/ൻ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഓർത്തഡോക്സ് സഭാംഗമായിരിക്കണം.
2. ഇടവക വികാരി/ഭദ്രാസന മെത്രാപ്പോലീത്തായുടെ ശുപാർശ കത്തുകൾ വിശദമായി എഴുതി തയ്യാറാക്കിയ അപേക്ഷയോടൊപ്പം ഉായിരിക്കണം.
3. അപേക്ഷകന് സ്വന്തം പേരിൽ കുറഞ്ഞത് മുന്നു സെന്റ് ബാദ്ധ്യതകളില്ലാത്ത ഭൂമി ഉായിരിക്കണം. ആധാരത്തിന്റെ ഒരു കോപ്പിയും കരമടച്ച രസീതിന്റെ കോപ്പിയും അപേക്ഷയോടൊപ്പം ഉായിരിക്കണം.
4. തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകന് ഭവന നിർമ്മാണത്തിന്നായി പരമാവധി ഒന്നരലക്ഷം രൂപ അനുവദിക്കുന്നതാണ്. പണിയാൻ പോകുന്ന ഭവനത്തിന്റെ വിശദമായ പ്ലാനും എസ്ററിമേററും അംഗീകാരത്തിന്നായി ഗാസിയാബാദ് പള്ളി കമ്മററിക്ക് സമർപ്പിക്കേതാണ്.
5. ഇപ്രകാരം പണിയപ്പെടുന്ന ഭവനം കൈമാററം ചെയ്യുകയോ ക്രയവിക്രയം ചെയ്യുകയോ ചെയ്യാൻ പാടുള്ളതല്ല. സഹായ ധനം പണിയുടെ പുരോഗതി വിലയിരുത്തി പല ഗഡുക്കളായി മാത്രമേ ലഭിക്കുകയുള്ളു.
6. സാമ്പത്തീക പിന്നോക്കാവസ്ഥ തെളിയിക്കുന്ന രേഖകൾ (റേഷൻ കാർഡിന്റെ കോപ്പി & വരുമാന സർട്ടിഫിക്കററ് ) അപേക്ഷയോടൊപ്പം ഉായിരിക്കണം.
7. ഇപ്പോൾ താമസിക്കുന്ന ഭവനത്തിന്റെ ഫോട്ടോ അപേക്ഷയോടൊപ്പം സമർപ്പിക്കേതാണ്.
8. സഹായ പദ്ധതി സംബന്ധിച്ച് ഗാസിയാബാദ് സെയ്ന്റ തോമസ് ഓർത്തഡോക്സ് ഇടവകക്കമ്മററി എടുക്കുന്ന തീരുമാനങ്ങൾ അന്തിമമായിരിക്കും.

**അപേക്ഷകൾ 2012 ജാനുവരി 15 നു മുമ്പായി**

**"Rev. Fr. Saji Yohannan, Flat No. SA.1, Sophia Apartments, Abhay Khand - IV, Indirapuram, Ghaziabad (U.P) Pin 201010"**

**എന്ന വിലാസത്തിൽ അയച്ചു തരേതാണ്.**

# സാമൂഹ്യ ബന്ധത്തിൽ ഊന്നിയ ജീവിതം



**തിരുമേനിയുടെ അനർഘനിർഗളമായ സംഭാഷണവും, സമചിത്തമായ സമീപനവും കൂടാതെ ഗാഢമായ വ്യക്തിബന്ധങ്ങൾ സൂക്ഷിക്കുന്നതിനുള്ള കഴിവും ശ്രദ്ധേയമാണ്.**

മലങ്കര ഓർത്തഡോക്സ് സഭയുടെ വാനമ്പാടിയാണ് അഭി. ഇയ്യോബ് മാർ പീലക്സിനോസ് തിരുമേനി. ജീവിതത്തെ അതിന്റെ സമഗ്രതയിൽ ദർശിച്ച ഒരു പ്രതിഭ ആയിരുന്നു. ആത്മീകതയ്ക്കും ധാർമ്മികതയ്ക്കും ഇണങ്ങുന്ന ഒരു ജീവിതമാണ് ഓരോ ക്രിസ്ത്യാനിക്കും ആവശ്യമെന്നും, അവിടെയാണ് സന്തോഷവും, സമാധാനവും കളിയാടുക എന്നും അദ്ദേഹം തന്റെ ജീവിതത്തിലൂടെ കാണിച്ചു.

തിരുവല്ല മേപ്രാൽ കണിയാന്തറ തോമസ് അച്ചാമ്മ ദമ്പതികളുടെ ഇളയ മകനായി 1939 മെയ് 8-ാം തീയതി ജനിക്കുകയും, ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ പൗത്രനായ ജോബ്, അദ്ദഹത്തിന്റെ നിർദ്ദേശപ്രകാരം പത്തനാപുരം മൗണ്ട് താബോർ ആശ്രമത്തിൽ 16-ാം വയസ്സിൽ അംഗമായി ചേർന്നു. 17-ാം വയസ്സിൽ കോറൂയോ പട്ടവും 33-ാം വയസ്സിൽ വൈദിക പട്ടവും സ്വീകരിച്ചു. തുടർന്ന് പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളജിൽ ഇംഗ്ലീഷ് വിഭാഗം അധ്യാപകനാവുകയും പിന്നീട് കോളജ് വൈസ് പ്രിൻസിപ്പാൾ ആവുകയും ചെയ്തു. (1991 ഏപ്രിൽ 30-ാം തീയതി മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടു. ഡൽഹി ഭദ്രാസനത്തിന്റെ സഹായ മെത്രാപ്പോലീത്താ ആയി. 1996-ൽ അഭി. ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനി കാലം ചെയ്തപ്പോൾ, ഡൽഹി ഭദ്രാസന മെത്രാപ്പോലീത്ത ആയി.

ഈ ലോക പ്രശ്നങ്ങളിൽ നിന്ന് വ്യതിരിക്തനായി നാമമാത്രമായ ആത്മീയ ജീവിതം നയിക്കുകയല്ല. കർത്താവിന്റെ ജീവിതവും പഠിപ്പിക്കലുകളും അതിനുതകിയ ജീവിതവും തിരിച്ചറിഞ്ഞ് കാഴ്ച വെയ്ക്കുകയാണ് ക്രിസ്ത്യാനിയുടെ ജീവിത ലക്ഷ്യമെന്നും, സമ്പത്തിന്റെ ഉല്പാദന വിനിയോഗങ്ങളിലും, മനുഷ്യ ബന്ധങ്ങളിലും, പ്രകൃതിയുമായുള്ള ബന്ധത്തിലുമൊക്കെ ഊർജ്ജം പ്രവർത്തിക്കണമെന്നും, അങ്ങനെ ആത്മീയതയിൽ അധിഷ്ഠിതമായ ഒരു ഭൗതികജീവിതം കെട്ടിപ്പെടുക്കണമെന്നും നമ്മെ പഠിപ്പിച്ചു. അതിന്റെ മകുടോദാഹരണങ്ങ



ളാണ് ആരാവല്ലി റിട്രീറ്റ് സെന്റർ, ശാന്തിഗ്രാം പ്രൊജക്റ്റ് തുടങ്ങിയ സാമൂഹ്യ സേവന പദ്ധതികൾ.

തന്റെ ഗുരുവും മുൻഗാമിയുമായ ഡോ. പൗലൂസ് മാർ ഗ്രിഗോറിയോസ് തിരുമേനി മലങ്കര സഭയെ ആഗോളതലത്തിലേക്ക് ഉയർത്തിയെങ്കിൽ, ഒരു നല്ല ദീർഘവീക്ഷക നായിരുന്ന മാർ പീലക്സിനോസ്, നിരവധി പള്ളികളും പള്ളിക്കൂടങ്ങളും, സമൂഹ്യ സേവന പദ്ധതികളും സ്ഥാപിച്ച് മലങ്കരസ ഭയ്ക്ക് ഡൽഹിയിൽ വ്യക്തമായ ഒരു മേൽക്കോയ്മ ഉാക്കിത്തരുകയുായി. ഡൽഹി ഭദ്രാസനത്തിൽ ഉൾപ്പെടുന്ന യു. എ.ഇ.യിലെ വിവിധ ദേവാലയങ്ങളായ ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ, ഷാർജ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളി, അൻ ഐൻ സെന്റ് ദിവന്നാസിയോസ് ഓർത്തഡോക്സ് പള്ളി എന്നിവയോടൊപ്പം തന്റെ അധീനതയിൽ ഉായിരുന്ന അബുദാബി സെന്റ് ജോർജ് ഓർത്തഡോക്സ് കത്തീഡ്രൽ, ഫുജൈറ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളി, റാസൽഖൈമ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി എന്നീ ദേവാലയ ങ്ങളെ തിരുമേനി അളവറ്റ് സ്നേഹിച്ചിരുന്നു. ഈ ആരാധനാലയങ്ങളെയും, അതിലെ അംഗങ്ങളുമായും തിരുമേനി അഭേദ്യമായ വ്യക്തിബന്ധങ്ങൾ സ്ഥാപിച്ചിരുന്നു. ഞാൻ തിരുമേനിയിൽ ദർശിച്ചിരുന്ന സവിശേഷമായ ഗുണങ്ങൾ അനർഘനിർഗളമായ സംഭാഷ ണവും, സമചിത്തമായ സമീപനവും കൂടാതെ ഗാഢമായ വ്യക്തിബന്ധങ്ങളുടെ ഉട മയും ആയിരുന്നു എന്നതാണ്. ഒരിക്കൽ പരി ചയപ്പെടുന്നവരെ എന്നും ഓർമ്മയിൽ സൂ ക്ഷിക്കുവാനുള്ള ഒരു പ്രത്യേക കഴിവും തിരുമേനിക്ക് ജൻമനാ ലഭിച്ചിരുന്നു.

തന്നെ വളർത്തി വലുതാക്കിയതും ജീവി തത്തിന്റെ നല്ലൊരു കാലം പിന്നിട്ടതുമായ പത്തനാപുരം താബോർ കുന്നിലെ പള്ളി മേടയിൽ ഇന്ന് അന്ത്യവിശ്രമം കൊള്ളു മ്പോൾ ഓർത്തഡോക്സ് സഭയ്ക്ക്, പ്രത്യേ കിച്ച് ഡൽഹി ഭദ്രാസനത്തിലെ ഓർത്ത ഡോക്സ് വിശ്വാസികൾക്കും, കൂടാതെ ഇന്ത്യ യുടെ തലസ്ഥാന നഗരിയിലെ ക്രൈസ്തവ സമൂഹത്തിനും ഓർമ്മയിൽ സൂക്ഷിക്കുവാൻ ഒരുപാട് നല്ല കാര്യങ്ങൾ ചെയ്തുവെന്നത് ഒരു വസ്തുതയാണ്.

താബോറിൻ കുന്നേ, നീ ഒരിക്കൽ കൂടി ധന്യയാകുന്നു... നീ സ്നേഹിച്ച, നിന്നെ സ്നേഹിച്ച മകനെ സ്വീകരിച്ചതിൽ കൂടി...

(**സാബു വർഗീസ്,** സെക്രട്ടറി, സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ, ദുബായ്)





ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം

# സമ്യഗ് ദർശനം

'**പ**ത്രം' ഓരോ പ്രഭാതങ്ങളിലും ഒരു സൂര്യൻ പിറവികൊള്ളുന്നിടത്താണ് നമ്മുടെ മനസാക്ഷിയുടെ മുറ്റത്ത് ഒരു പത്രം വന്ന് വീഴുക. ഭൂമിയിൽ തീയിടു വാനാണ് ഞാൻ വന്നിരിക്കുന്നത് എന്ന തമ്പുരാന്റെ വാക്യം അഗ്നി ശുദ്ധിയുടെ സാധ്യതയാണ് പകരുക. ഓരോ പ്രഭാതങ്ങളും നമ്മുടെ നെഞ്ചിന്റെ നെരിപ്പോട് കൂടെ പൊട്ടിപ്പോകുന്ന തീയിട്ടുകൊാണ് പത്രം തുടങ്ങുക. തീയിടുന്നത് ആത്മ ശുദ്ധിക്കാണെങ്കിൽ നമുക്ക് സഹിക്കാം, തീയിടുന്നത് സ്വപ്നം കു ണരുന്ന പ്രഭാതങ്ങളെ ഹനിക്കാനാണെങ്കിൽ... മൂടപ്പെട്ട സത്യത്തിന്റെ കനൽ തിരിച്ചറിയാനൊരു തീയിടൽ നമുക്ക് സഹിക്കാം അവിടെ സത്യത്തിന്റെ കനൽ ചാരമാക്കപ്പെടുന്നത് ഹൃദയഭേദകം.

പ്രഭാതത്തിന്റെ ഒരു കിളിവിളിയ്ക്ക് പോലും ഒരു ശുചിയാക്കലിന്റെ സാധ്യ തയു്. ദേവാലയമണി നാദവും ക്ഷേത്ര ഗീതങ്ങളും അതുതന്നെയാവും പങ്ക് വയ്ക്കുക. ഓരോ പ്രഭാതവും കൂടുതൽ ചെളിപുരട്ടപ്പെട്ട ജീവിതമാണ് പത്ര ത്തിന് നമുക്ക് സമ്മാനിക്കാനാവുന്നതെങ്കിൽ.. തമ്പുരാൻ ചെളിപുരട്ടി ശുദ്ധി ചെയ്യുന്നിടത്ത് ഒരു കൺതുറക്കൽ അത് കാഴ്ചകളുടെ പുതിയ വാതായനങ്ങ ളിലേക്ക്. നാം നയിക്കപ്പെടില്ലേ...ഓരോ പത്രങ്ങളും ചില അകക്കണ്ണുകളട യ്ക്കാൻ. കാഴ്ചയുടെ ചില വാതായനങ്ങൾ ഹ്രസ്വദൃഷ്ടിയിലെത്താൻ... ചില പ്പോഴെങ്കിലും കാഴ്ചയുടെ പുതുമുഖങ്ങളെ പൂർണ്ണമായ് ചീന്തിയെറിയാൻ മാത്രമെ ഉപകരിച്ചിട്ടുള്ളൂ. ഓരോ പത്രങ്ങളും അതിന്റെ വ്യവസ്ഥിതിയും ചോദി ക്കുന്നത്. വിശക്കുന്നവന് അപ്പം കൊടുക്കാൻ നിങ്ങളാരാണ്..? ദാഹിക്കുന്നവന് കുടിനീര് കൊടുക്കാൻ...? രോഗിയെ ചെന്ന് കാണാൻ? തടവിലിടപ്പെടുന്നവന്റെ തടവറയെ ഭേദിക്കുവാൻ നിങ്ങളാരാണ്? ഞങ്ങളുടെ ന്യായപ്രമാണത്തെ അതി ലംഘിക്കുന്നവനാണ് പാപി എന്ന് ഞങ്ങൾ പറയും. "പത്രം x ധർമ്മം" (ഞങ്ങ ളുടെ പത്രധർമ്മം) ഉപേക്ഷിക്കുന്നവനാണ് കുരിശിലേറ്റപ്പെടേത്. അവൻ ഒരിക്കലും ഉയിർത്തു കൂടാ എന്ന് ഞങ്ങൾക്ക് നിർബന്ധമു്. ഉയിർക്കുന്ന വന് മാത്രമേ അതിജീവിക്കാനും കഴിയുകയുള്ളുവല്ലോ.

"ഞങ്ങൾ സ്നാനം ചെയ്തവനെ വിശുദ്ധ പദവിയിൽ എത്തിക്കാൻ ഞങ്ങൾക്ക് കഴിയും ഞങ്ങളുടെ സ്നാനം നിഷേധിച്ചവനെ അധമ പാതാള ത്തിലയക്കാനും" ഞങ്ങൾ തടഞ്ഞാൽ അധമ പാതാളത്തിൽ അവന്റെ ആർത്ത ദാഹത്തിന് ഒരു ചൂ്ടു വിരൽ പോലും ഈ ലോകത്ത് അനങ്ങുകയില്ല. ഞങ്ങൾ 'കലിച്ചാൽ' വിശുദ്ധ ഭൂമികൾ പോലും ശ്മശാനമൂകമാകും ഞങ്ങൾ കനിഞ്ഞാൽ. ചുടുകാടുകൾ പോലും അതിവിശുദ്ധമാകും. 'അവനെ കല്ലെറിയുക' എന്നു ഏതെങ്കിലും തലതെറിച്ച ശബ്ദങ്ങൾക്ക് കാതോർത്ത് കരിങ്കൽച്ചീളുമായി എത്ര വിശുദ്ധ ഭൂമികൾ നിങ്ങൾ രക്തക്കളമാക്കിയിട്ടു്? രാജാവ് നഗ്നനാണ് എന്ന് സഹികെട്ടുവിളിച്ച് പറഞ്ഞ പുതുതലമുറകളുടെ പരിദേവനങ്ങളെ കില്ലെന്ന് നടിച്ച് ആ ശബ്ദത്തിന്റെ കടൽത്തിരമാലകളെ എത്രനാൾ നിങ്ങൾക്ക് ഏത് അണകെട്ടി നിർത്താനാകും. കെട്ടിനിർത്തിയിരിക്കുന്ന ഒന്നിന് പൊട്ടാനുള്ള വ്യഗ്രത കൂടി വരികയല്ലേ?

നിങ്ങളുടെ പക്ഷപാതിത്വങ്ങൾ ക് മനം മടുത്ത് എന്റെ ആത്മാവ് എത്ര മരച്ച് പോയിട്ടുന്നെറിയുമോ...? നൻമയുടെ വഴികൾ രേഖപ്പെടുത്തന്നതിൽ നിങ്ങൾ പിശുക്കു കാട്ടുകയല്ലേ? തിന്മയ്ക്ക് നിങ്ങൾ നന്മയുടെ പട്ടം കെട്ടു ന്നത് കാണുമ്പോൾ, വിലകുറഞ്ഞ വികാരങ്ങളെ പൊതിഞ്ഞ് അവതരിപ്പിക്കു ന്നത് കാണുമ്പോൾ, നിങ്ങൾ ഏറെ ക്ലേശപ്പെട്ട് കത്തിയെന്നവകാശപ്പെട്ട കാര്യങ്ങളിൽ കാമ്പില്ലെന്ന് നിരാശപ്പെടുമ്പോൾ നിങ്ങൾ അധമ വെള്ളിക്കാ ശുകൾക്ക് ഞങ്ങളെ വിറ്റ് കൊ് വഞ്ചിക്കുകയാണ് എന്ന് ഞാൻ തിരിച്ചറിഞ്ഞു.



നിങ്ങൾ ക്രിസ്തുവിന്റെ പത്രമാകു വിൻ എന്ന വിശുദ്ധ വരികൾ വായിക്കു ന്നിടത്ത്. ദൈവമേ എന്നാണ് ഞാനെ ങ്കിലും ഒരു വശുദ്ധ പത്രമായി ഈ ഭൂമി കയിൽ നിൽക്കാൻ കഴിയുക എന്ന് സന്ദേഹിച്ചു. ധർമ്മം ആത്മഹൂതി നട ത്തിയ ഈ പത്രങ്ങളുടെ ഭൂമികയിൽ. എനിക്ക് ക്രിസ്തുവിന്റെ പത്രമാകാൻ പോന്ന ഒരു ഭൂമിക തരണമേ എന്ന് ഞാൻ പ്രാർത്ഥിച്ച് പോയി.

അനുസ്മരണം

**ഫാ. റ്റി. ജെ. ജോൺസൺ**

# മാർ പീലക്സീനോസ്
# സഹനത്തിന്റെ മഹാ ഇടയൻ

**നീ**തിമാനായ ഇയ്യോബിനെപ്പോലെ ജീവിതത്തിൽ നേരിട്ട കഷ്ടതകളെയും രോഗപീഢകളെയും അതിജീവിച്ചും, സ്വാംശീകരിച്ചും, ശുദ്ധീകരിച്ചും നല്ല പോർ പൊരുതി ഓട്ടം തികച്ച അസാധാരണ വ്യക്തിത്വമായിരുന്നു ഇയ്യോബ് മാർ പീലക്സീനോസ് മെത്രാപ്പോലീത്താ.

മലങ്കര ഓർത്തഡോക്സ് സഭയുടെ ദില്ലി ഭദ്രാസനാധിപൻ എന്ന നിലയിൽ അഭി. തിരുമേനി തന്റെ സ്വഭാവ വൈശിഷ്ഠ്യം കൊ് നേടിയെടുത്ത സ്വാധീനം സഭയ്ക്ക് അഭിമാനിക്കത്തക്കതായിരുന്നു. നിലനില്പിനുവേിയുള്ള പോരാട്ടങ്ങൾക്ക് പിന്തുണയുമായി പാർശ്വവല്ക്കരിക്കപ്പെട്ടവരുടെ അടുക്കലേക്ക് മന്ദഹാസത്തോടെ ആ മഹാചാര്യൻ എത്തി.

അറിവും ആരോഗ്യവുമുള്ള ഒരു ജനതയാണ് നാടിന്റെ സമ്പത്ത് എന്നു തിരിച്ചറിഞ്ഞ മഹായോഗി വിദ്യാലയങ്ങളും, ആതുരാലയങ്ങളും സ്ഥാപിച്ചു.

പവിത്രവും, ശ്രേഷ്ഠവുമായ ബന്ധങ്ങൾ നഷ്ടപ്പെടുന്ന വർത്തമാനകാലത്ത് തിരുമേനി ഭദ്രാസനത്തിലെ വൈദീകർക്കും അത്മായർക്കും സ്നേഹം തുളുമ്പുന്ന പിതൃതുല്യനായരിന്നു. അജഗണങ്ങൾക്ക് കരുതലും കാവലുമായി ഈ നല്ല ഇടയൻ വർത്തിച്ചു. ശിഷ്യഗണങ്ങൾക്ക് നല്ല ഗുരുവും കുഞ്ഞുങ്ങൾക്ക് കൂട്ടുകാരനും, വിശ്വാസികൾക്ക് ഉത്തമ വഴികാട്ടിയും ആയിരുന്നു അദ്ദേഹം.

സത്യവിശ്വാസവും, സഭാനൗകയും, വെല്ലുവിളികളെ നേരിട്ടപ്പോഴൊക്കെ ക്രിയാത്മക പ്രതികരണവുമായി സഭയുടെ കാവൽഭടനായി നിലകൊു. അധര ആരാധനയല്ല അന്തരിന്ദ്രിയങ്ങൾ തുറന്നുള്ള ആരാധനയാണ് ആവശ്യമെന്ന് പഠിപ്പിച്ച മലങ്കരയുടെ വാനമ്പാടി തന്റെ ആരാധനകൾ ഏദൻ പറുദീസായാകുന്ന വി. മദ്ബഹായിൽ ഇമ്പമുള്ളതാക്കി മാറ്റി. വിശ്വാസികൾക്ക് സത്യ ആരാധനയിൽ പങ്കാളികളാകുവാൻ തക്കവിധം അനേകം ദൈവാലയങ്ങൾ സ്ഥാപിച്ചു. ഭദ്രാസന വളർച്ചയുടെ ഓരോ തലങ്ങളിലും അഭി. തിരുമേനിയുടെ ദീർഘവീക്ഷണവും, കാര്യവിചാരകത്വവും നിഴലിക്കുന്നു. ആരാധനാ മധ്യേ പഴയനിയമം വായിക്കുവാൻ വനിതകൾക്ക് അവസരം നല്കിയ തിരുമനസ് 'സമഗ്ര ആരാധനയും സമ്പൂർണ്ണ പങ്കാളിത്വവും' എന്ന മഹത്തായ സന്ദേശത്തിലേക്ക് സഭയുടെ ശ്രദ്ധയെ ക്ഷണിച്ചു.

തന്റെ മുൻഗാമി വിശ്വമാനവീകൻ അഭി. ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ വീക്ഷണവും, ദർശനങ്ങളും പ്രചരിപ്പിക്കുന്നതിന് അഭി. തിരുമേനി പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഗ്രിഗോറിയോസ് തിരുമേനിയുടെ സ്മരണാർത്ഥം ഏർപ്പെടുത്തിയ ഗ്രിഗോറിയൻ പുരസ്ക്കാരം ഇന്ന് ലോക അംഗീകാരത്തിന്റെ നെറുകയിൽ ഏറ്റവും ശ്രേഷ്ഠമായ ബഹുമതിയായി വിലയിരുത്തപ്പെടുന്നു.

ഉന്നതനായ വിദ്യാഭ്യാസ വിചക്ഷണൻ, താപസാചാരായൻ, ധ്യാനഗുരു, ജനസേവകൻ, വാഗ്മി, സഹനത്തിന്റെ മകുടം, തുടങ്ങിയ അവധി വിശേഷണങ്ങൾക്ക് അർഹനാണ് തിരുമേനി. തിരുമേനിക്ക് ആംഗലേയം, സുറിയാനി, മലയാളം എന്നീ ഭാഷകളിൽ അഗാധ പാണ്ഡിത്യം ഉായിരുന്നു. പരന്ന വായനയുടെയും അറിവിന്റെയും സമ്മാന വേദികളാണ് തിരുമേനിയുടെ പ്രസംഗങ്ങളും ലേഖനങ്ങളും.

"ഞങ്ങളുടെ ക്ഷണികവും നിസാരവുമായ കഷ്ടത അത്യന്തം ഘനമേറിയ നിത്യതേജസ്സ് ഞങ്ങൾക്ക് ലഭിക്കുവാൻ മുഖാന്തിരമാകുന്നു"

(2 കൊരി. 4:17).


വികാരി സെന്റ് തോമസ്
ഓർത്തഡോക്സ് ചർച്ച്, ദുബായ്

"ഞാനോ ദൈവത്തിങ്കലേക്കു നോക്കുമായിരുന്നു
എന്റെ കാര്യം ദൈവത്തിങ്കൽ ഏല്പിക്കുമായിരുന്നു"

*ഇയ്യോബ് 5:8*



ജോയി കുളനട





## വിവാഹിതരായി



കുറിച്ചി വലിയപള്ളി ഇടവകയിൽ കല്ലാച്ചേരിയിലായ വേണാട്ടുകളത്തിൽ പുത്തൻപുരയ്ക്കൽ പരേതരായ P.Z. ഏബ്രഹാമിന്റെയും സാറാമ്മ ഏബ്രഹാമിന്റെയും മകൻ **അജിത്തും** (സീനിയർ പ്രൊമോട്ടർ, മലങ്കരസഭ മാസിക) കുമരകം ആറ്റമംഗലം സെന്റ് ജോൺസ് കത്തീഡ്രൽ ഇടവകയിൽ എൻ. പി. തോമസിന്റെയും കുഞ്ഞൂഞ്ഞമ്മ തോമസിന്റെയും മകൾ **താരയും** ഓഗസ്റ്റ് 22 തിങ്കൾ, കുറിച്ചി വലിയ പള്ളിയിൽ വച്ച് വിവാഹിതരായി.

*advt.*

## *I[ST] BIRTHDAY IN HEAVEN*
## *20-12-2011*



**GEORGE KOSHY K. (DAIE)**

KALLUMKAL HOUSE
KOTTAYAM

*Inserted by*

**Nidhi Ann Koshy**
**Dhannya Merry Koshy**
**Beena Koshy, Bhopal**

# SUNDAY SCHOOL NEWS



## ഫാ. ഡോ. ഒ. തോമസ്
(ഡയറക്ടർ ജനറൽ)

### വാർഷിക പരീക്ഷകൾ

ഡിസം. 4 നും 11 നുമായി നടത്തപ്പെടുകയാണല്ലോ. ഇതേപ്പറ്റി ചിലയിടങ്ങളിൽ സന്ദേഹമുണ്ടായി എന്നറിഞ്ഞു. കലണ്ടറിൽ നവം. 27-ന് രേഖപ്പെടുത്തിയിരുന്നു എന്നത് വസ്തുതയാണ്. സാധാരണ, കലണ്ടർ, നേരത്തെ പ്രിന്റ് ചെയ്യുവാൻ കൊടുക്കും. നവം. അവസാന വാരത്തിൽ വിവാഹങ്ങൾ അധികം നടക്കാൻ സാധ്യതയുള്ളത് കണക്കിലെടുത്തും കൊച്ചു പള്ളികളിൽ വിവാഹം കഴിഞ്ഞ് പരീക്ഷ നടത്തുന്നതിലെ ബുദ്ധിമുട്ടും പരിഗണിച്ചാണ് എക്സിക്യൂട്ടീവ് ഈ തരത്തിൽ ഒരു തീരുമാനം എടുത്തത്. ഈ അദ്ധ്യയന വർഷത്തിലെ രണ്ടാമത്തെ വിജ്ഞാപനത്തിൽ തന്നെ ഈ കാര്യം അറിയിച്ചിരുന്നതുമാണ്. (2/2011, 4-5-2011) വിജ്ഞാപനങ്ങൾ സൺഡേസ്ക്കൂളിൽ വായിക്കപ്പെടുന്നില്ലാ എന്നത് ഖേദകരമാണ്. വിജ്ഞാപനങ്ങൾ ശരിയായി വായിച്ചാൽ ഇത്തരത്തിലുള്ള സന്ദേഹങ്ങൾ മേലിൽ ഒഴിവാക്കാനാവുന്നതാണ്. ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ.

### സഹപാഠ്യ മത്സരങ്ങൾ

നാലു സോണിലും നടത്തപ്പെട്ടു. ചുരുക്കമായി മാത്രമേ പരാതികൾ കേൾക്കു. മത്സരത്തിൽ സമ്മാനം നേടാനാകാത്ത കുഞ്ഞുങ്ങൾക്കും അവരെ പരിശീലിപ്പിച്ച മാതാപിതാക്കൾക്കും സൺഡേസ്ക്കൂൾ ടീച്ചേഴ്സിനും വിഷമം ഉണ്ടാവുക സ്വാഭാവികമാണ്. ഇതൊഴിവാക്കാൻ മത്സരത്തിന്റെ ഭാവവും രൂപവും മാറ്റുന്നതിനെക്കുറിച്ച് ചിന്തിക്കാവുന്നതാണ്. എന്നാൽ മനഃപൂർവ്വമായ പിഴവുകൾ വരുത്തി എന്നാരോപിക്കുന്നത്, കുഞ്ഞുങ്ങൾക്ക് സൺഡേസ്ക്കൂൾ വിദ്യാഭ്യാസത്തോടു തന്നെ താല്പര്യം നഷ്ടപ്പെടുത്തുവാൻ ഇടയാക്കും. ഇത് വളരെ ആപത്ക്കരമാണ്. യാഥാർത്ഥ്യങ്ങൾക്ക് നിരക്കാത്ത ആരോപണങ്ങൾ ആരും ഉന്നയിക്കരുതെന്ന് ഓർമ്മിപ്പിക്കട്ടെ.

പ്രതിഭാ, പ്രവീൺ, വിജ്ഞാനി, ഗാനസുഗന്ധി എന്നിവരെ തെരഞ്ഞെടുക്കാനുള്ള മത്സരങ്ങൾ 2012 ജനുവരി 14-ന് ശനിയാഴ്ച നടത്തപ്പെടുന്നതാണ്. പങ്കെടുക്കാൻ യോഗ്യത നേടിയവരെല്ലാം അന്നേ ദിവസം 10 മണിക്കു മുൻപായി കേന്ദ്ര ഓഫീസിൽ എത്തിച്ചേരേണ്ടതാണ്.

മത്സരപരീക്ഷകൾ: 5-9- വരെ ക്ലാസ്സുകളിലെ മത്സര പരീക്ഷയും 10, 12 ക്ലാസ്സുകളിലെ വാർഷിക പരീക്ഷയും ഡിസം. 31-ന് ശനിയാഴ്ച നടത്തപ്പെടുന്നതാണ്. പരീക്ഷകൾക്ക് നിശ്ചയിച്ചിരിക്കുന്ന തീയതിക്കോ, സമയത്തിനോ മാറ്റം വരുത്തുവാൻ ആർക്കും അധികാരം ഉണ്ടായിരിക്കുന്നതല്ല, എന്ന് ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുന്നു.

### പ. ഔഗേൻ ബാവാ സ്മാരക പ്രഭാഷണ വിജയികൾക്ക് അനുമോദനങ്ങൾ:

ഈ വർഷം സ്റ്റെല്ലാ ജോർജ് (കൊച്ചി), ഷെറിൻ ഷാജി (അങ്കമാലി) മിൽക്കാ സാറാ തോമസ് (കണ്ടനാട് വെസ്റ്റ്) എന്നിവരാണ് യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയത്.

'പതിരാവല്ലി കതിരുകൾ' എന്ന പരിപാടിയിൽ എല്ലാ സൺഡേസ്ക്കൂളുകളും പങ്കെടുക്കണം.പരീക്ഷ കഴിഞ്ഞു വരുന്ന ഞായറാഴ്ചകളിൽ സഭാ കേന്ദ്രത്തിലെ ഹ്യൂമൻ എംപവർമെന്റ് വിഭാഗം പുറത്തിറക്കുന്ന ഡോക്കുമെന്റ് റിഫിലിമിന്റെ പ്രദർശനവും, അതോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന പുസ്തകത്തെ ആധാരമാക്കി ചർച്ചാ ക്ലാസ്സുകളും സംഘടിപ്പിക്കേണ്ടതാണ്.

■

## രജത ജൂബിലി ആഘോഷങ്ങൾ

നിർദ്ധനരായ ക്യാൻസർ രോഗികൾക്കും, കൂടെ വരുന്നവർക്കും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും, മറ്റ് സഹായങ്ങളും ജാതി-മത-വ്യത്യാസങ്ങൾ കൂടാതെ സൗജന്യമായി നൽകുന്ന ഒരു ധർമ്മ-സ്ഥാപനമായി കാരുണ്യാഗൈഡൻസ് സെന്റർ തിരുവനന്തപുരം, ഉള്ളൂരിൽ 1989 മുതൽ പ്രവർത്തിക്കുന്നു. ക്യാൻസർ പിടിപെട്ട് ഭേദമാകാതെ ആശുപത്രികൾ മടക്കി അയയ്ക്കുന്നവരെ മരണപര്യന്തം ശുശ്രൂഷിക്കുക, സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ടും പ്രായാധിക്യം കൊണ്ടും ഭവനങ്ങളിൽ പ്രയാസപ്പെടുന്നവരെ സംരക്ഷിക്കുക, സൗജന്യ മെഡിക്കൽ ക്യാമ്പുകൾ ക്രമീകരിക്കുക, സൗജന്യ സായാഹ്ന മെഡിക്കൽ ക്ലിനിക്ക് നടത്തുക. എന്നീ സാന്ത്വന ചികിത്സകളുമായി കാരുണ്യ വിശ്രാന്തിഭവനം ഇതിനു കീഴിൽ പ്രവർത്തിക്കുന്നു. അഭി. ഒസ്താത്തിയോസ് തിരുമേനി പ്രസിഡന്റായി നമ്മുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി കാരുണ്യ അഭിമാനപൂർവ്വം പ്രവർത്തിച്ചു വരുന്നു...

ഡിസം. 18-ന് രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി കാരുണ്യ ഹോം കെയർ, R.C.C. ടെ സഹകരണത്തോടെ മെഡിക്കൽ ക്യാമ്പുകൾ, 25 ക്യാൻസർ രോഗികൾക്ക് സാന്ത്വന ചികിത്സ, R.C.C. ടെ മെഡിക്കൽ ഇൻഷുറൻസ് പദ്ധതികൾ ആളുകൾക്ക് പ്രയോജനപ്പെടുത്തുവാനുള്ള Cancer Care For Life എന്നീ പദ്ധതിക്ക് പ്രാരംഭമാവുന്നു.




## ഏകദിന സമ്മേളനം



സെ. തോമസ് ഓർത്തഡോക്സ് വൈദീക സംഘത്തിന്റെ മലബാർ മേഖല ഏകദിന സമ്മേളനം പുതുപ്പാടി സെ. പോൾസ് ആശ്രമത്തിൽ വച്ച് പ. ബാവാ ഉദ്ഘാടനം ചെയ്തു. കുന്നംകുളം, മലബാർ, സു. ബത്തേരി ഭദ്രാസനങ്ങളിലെ വൈദീകർ സംബന്ധിച്ചു.

## ബഹുമതി



പടിയോലകളെ മുൻനിർത്തിയുള്ള പഠനത്തിൽ ഡോക്ടറേറ്റ് ലഭിച്ച അഡ്വ. പി. സി. മാത്യു പുലിക്കോട്ടിലിന് മാത്യൂസ് മാർ തേവോദോസ്യോസ്, കുന്നംകുളത്തിന്റെ ബഹുമതി സമ്മാനിക്കുന്നു.

O.C.Y.M. 2010-11 ലെ പ്രവർത്തന ബഹുമതി മാവേലിക്കര ഭദ്രാസന യുവജനപ്രസ്ഥാനത്തിനു ലഭിച്ചു. മികച്ച ജനറൽ സെക്രട്ടറിയായി ഫാ. അജി കെ. തോമസിനെയും, മികച്ച യൂണിറ്റായി കണ്ണനാകുഴി സെ. ജോർജ് യുവജനപ്രസ്ഥാനത്തെയും തെരഞ്ഞെടുത്തു. യൂഹാനോൻ മാർ പോളികാർപ്പോസ്, ഫാ. ബിജി ജോൺ, ഫാ. അജി കെ. തോമസ്, ഉമ്മൻ ജോൺ, അലക്സാർ എ. എ, തോമസ് ജോബോയി ഫിലിപ്പ്, റോണി വർഗീസ് പ്രസംഗിച്ചു.

## പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ഓർമ്മപ്പെരുന്നാൾ

**ദേവലോകം:** മലങ്കര സഭയുടെ മൂന്നാം കാതോലിക്ക പരിശുദ്ധ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ (വലിയ ബാവാ) തിരുമേനിയുടെ 48-ാം ഓർമ്മപ്പെരുന്നാൾ 2012 ജനുവരി 2, 3 തീയതികളിൽ ഭക്തിനിർഭരമായി ദേവലോകം കാതോലിക്കേറ്റ് അരമനയിൽ ആചരിക്കും.

ജനു. 2-ന് മാത്യൂ ഇടവകയായ കുറിച്ചി വലിയപള്ളിയിൽ പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ഓർമ്മപ്പെരുന്നാളിന് പ. സുന്നഹദോസ് സെക്രട്ടറി ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബ്ബാനയും, അനുസ്മരണ പ്രസംഗവും, ശ്രാദ്ധസദ്യയും, തുടർന്ന് ദേവലോകം കബറിങ്കലേക്കുള്ള പദയാത്രയും, 5.30-ന് കോടിമതയിൽ എത്തിച്ചേർന്ന് എല്ലാ പള്ളികളിൽ നിന്നുമുള്ള തീർത്ഥാടകരുമൊന്നിച്ച് ബാവായുടെ കബറിങ്കൽ എത്തിച്ചേരും. തുടർന്ന് സന്ധ്യാനമസ്ക്കാരം, പ്രസംഗം, പിതാക്കന്മാരുടെ ശ്ലൈഹിക വാഴ്വും.

ജനു. 3-ന് വി. കുർബാനയിൽ പ. ദിദിമോസ് പ്രഥമൻ വലിയ ബാവായും, പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവായും, മറ്റ് മെത്രാപ്പോലീത്തന്മാരും കാർമ്മികത്വം വഹിക്കും.

## ഡോക്ട്രേറ്റ്



തിരുവനന്തപുരം തെക്കൻ പരുമല സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് വലിയ പള്ളി പേരൂർക്കട ഇടവകാംഗമായ മനയിൽ ശ്രീ. ജോൺ എം. ആൻഡ്രൂസിന്റെയും ശ്രീമതി തങ്കമ്മ ജോണിന്റെയും മകൻ ശ്രീ. റോഷി എം. ജോൺ Trichy N.I.T. യിൽനിന്നും Robotics ൽ ഡോക്ട്രേറ്റ് കരസ്ഥമാക്കി. ശ്രീ. റോഷി ഇതിനകം സ്വന്തമായി വികസിപ്പിച്ചെടുത്ത നൂതന സാങ്കേതിക വിദ്യകൾക്ക് നിരവധി അന്തർ ദേശീയ പേറ്റന്റുകളും അവാർഡുകളും നേടിയിട്ടു്. ഇപ്പോൾ ബാംഗ്ലൂർ L.G. Electronics ൽ Scientist ആയി ജോലി ചെയ്യുന്നു.

## നിയമിതനായി



കൊല്ലം മെത്രാസനത്തിന്റെ കീഴിലുള്ള തലവൂർ ബസേലിയോസ് ശാന്തിഭവന്റെ ഡയറക്ടറായി നിയമിതനായ മാറനാട് തെങ്ങുവിളയിൽ സി. ജോൺ പണിക്കർ കോർ-എപ്പിസ്ക്കോപ്പ.

## അദ്ധ്യാപക അവാർഡ്



സംസ്ഥാന സർക്കാരിന്റെ അദ്ധ്യാപക അവാർഡ് നേടിയ സന്തോഷ് ബേബി എ.കെ., സൺഡേസ്ക്കൂൾ കേന്ദ്ര ട്രഷറാറും, ചൊവ്വള്ളൂർ സെ. ജോർജ് ഇടവകാംഗവും.

## വാർത്തകൾ അയയ്ക്കുമ്പോൾ

ബഹുമതികൾ, അവാർഡുകൾ ഇവ പ്രസിദ്ധീകരണത്തിനായി അയയ്ക്കുമ്പോൾ ഇടവക വികാരിയുടെ ശുപാർശയോടുകൂടി അയയ്ക്കുക.

അവാർഡിന്/ബഹുമതിക്ക് അർഹമായ വിഷയത്തെക്കുറിച്ചുള്ള ആധികാരിക സർട്ടിഫിക്കറ്റും ഒപ്പം ചേർക്കുക.

## ശതാബ്ദി

ആദിച്ചനല്ലൂർ സെന്റ് ബഹനാൻസ് ഓർത്തഡോക്സ് പള്ളി ശതാബ്ദിയാഘോഷങ്ങളുടെ ഉദ്ഘാടനം ഡിസം. 4 മുതൽ 10 വരെ നടത്തി. ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, വികാരി ഫാ. സാമുവേൽ മാത്യു, മറ്റ് ഭാരവാഹികൾ, നേതൃത്വം നൽകി.

## ഓൺലൈനിൽ വായിക്കാം

മലങ്കരസഭാ മാസികയും,
വാർത്തകളും, വീഡിയോകളും
സന്ദർശിക്കുക

www.malankarasabha.in

**വാർത്തകളും, വീഡിയോ ചിത്രങ്ങളും സന്ദർശിക്കുക**

www.malankarasabha.in
feedback @malankarasabha.in




# മലങ്കര വർഗ്ഗീസ് കേസന്വേഷണത്തിൽ പുരോഗതി വേണം

പെരുമ്പാവൂർ ബഥേൽ സൂലോക്കോ ഇടവകാംഗമായിരുന്ന റ്റി. എം. വർഗീസിന്റെ ദാരുണമായ വധവുമായി ബന്ധപ്പെട്ട കേസന്വേഷണം തുടങ്ങിയിട്ട് 8 വർഷം പൂർത്തിയാകുന്നു. ആദ്യം പോലീസും പിന്നീട് സി.ബി.ഐ.യും ഏറ്റെടുത്ത ഈ കേസ് പലപ്പോഴും ചുവപ്പു നാടകളിൽ കുരുങ്ങുകയുായി. പ്രതികളായി അറസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ള പലരും വിശ്വാസ സംരക്ഷണ സമിതിയുടെയും യൂത്ത് അസോസിയേഷന്റെയുമൊക്കെ ഭാരവാഹികളാണെന്നുള്ളത് ഈ കേസിന്റെ നിറം വ്യക്തമാക്കുന്നു്. ആക്ഷൻ കൗൺസിലിന്റെയും അൽമായ വേദിയുടെയുമൊക്കെ നിരന്തരമായ പ്രവർത്തനങ്ങൾ കേസിനെ സഹായിച്ചിട്ടു്. സി.ബി.ഐ. റിപ്പോർട്ട് തേടണമെന്ന് ചൂക്കാട്ടി 2009-ൽ വർഗീസിന്റെ ഭാര്യ സാറാമ്മ എറണാകുളം സി.ജെ.എം. കോടതിയിൽ ഹർജി നൽകിയിരുന്നു. അതിനുശേഷമാണ് മുഖ്യ സൂത്രധാരനായ സിമിന്റ് ജോയി എന്ന ജോയി വർഗീസ് അറസ്റ്റിലായതുപോലും. കേസ് ചാർജ് ചെയ്ത് 7 വർഷത്തിനുശേഷമാണ് ഫാ. വർഗീസ് തെക്കേക്കരയെ ഒന്നാം പ്രതിയാക്കി സി.ബി.ഐ. കുറ്റപത്രം സമർപ്പിച്ചത്.

2011 ഫെബ്രുവരിയിൽ തോമസ് പ്രഥമന്റെ പങ്ക് അന്വേഷിക്കണമെന്ന് സി.ബി.ഐ.ക്ക് വ്യക്തമായ നിർദ്ദേശം നൽകിയിരുന്നു. മാത്രവുമല്ല അന്വേഷണം അപൂർണ്ണമാണെന്നും ഗൂഢാലോചന നടത്തിയവരെക്കുറിച്ച് അന്വേഷിച്ചിട്ടില്ലായെന്നും പണമിടപാടുകളെക്കുറിച്ചുള്ള കത്തലുകൾ പൂർണ്ണമല്ലായെന്നും കോടതി നിരീക്ഷിക്കുകയും അന്വേഷണം ചെന്നൈ യൂണിറ്റിനെ ഏൽപ്പിക്കാനുള്ള സി.ബി.ഐ. നീക്കത്തിന് തടയിട്ടുകൊ് മലയാള പരിജ്ഞാനമുള്ളവർ അന്വേഷിക്കണമെന്ന് ഉത്തരവിടുകയുമുായി.

തോമസ് പ്രഥമനെ സി.ബി.ഐ. ചോദ്യം ചെയ്തു എങ്കിലും വിമത വിഭാഗത്തിന്റെ അങ്കമാലി ഭദ്രാസനത്തിലെ വരവുചെലവു കണക്കുകൾ പോലും കോടതി രേഖയായ ഈ കേസിനെക്കുറിച്ച് പൊതുജനത്തിന് വളരെ ആശങ്കകളുമു്.

## ആചാര്യ അവാർഡ്

സഭാ കവി ശ്രീ. സി.പി. ചാിയുടെ സ്മരണാർത്ഥം ഏർപ്പെടുത്തിയ ആചാര്യ അവാർഡിന് അപേക്ഷ ക്ഷണിക്കുന്നു. 15 വർഷം തുടർച്ചയായി സേവനം അനുഷ്ഠിച്ചവരായ ഗവ./എയിഡഡ് യു.പി./ഹൈസ്ക്കൂൾ അദ്ധ്യാപകരെയാണ് പരിഗണിക്കുന്നത്. 20,000 രൂപയും പ്രശസ്തി പത്രവും സമ്മാനിക്കുന്നതാണ്. സ്ക്കൂൾ അധികൃതർ ബഹുജനങ്ങൾ രക്ഷാകർത്താക്കൾ, എന്നിവർക്ക് അർഹരായവർക്കുവേി അപേക്ഷ നൽകാവുന്നതാണ്. അദ്ധ്യാപകർക്ക് നേരിട്ടും നിശ്ചിത ഫാറത്തിൽ അപേക്ഷ നൽകാം അവസാന തീയതി ജനു. 31. സി.പി. ചാിയുടെ 7-ാം ചരമദിനമായ 2012 മെയ് 4-ന് അവാർഡ് സമ്മാനിക്കുന്നു. വിവരങ്ങൾക്ക് സെക്രട്ടറി, ആചാര്യ അവാർഡ് കമ്മറ്റി, ബേസിൽ അരമന, പത്തനംതിട്ട. 689645, ഫോൺ: 0468 -2222243,9447593058.

## വാർഷിക ക്യാമ്പ്

മാർ ഗ്രിഗോറിയോസ് വിദ്യാർത്ഥിപ്രസ്ഥാനം 103-ാം വാർഷിക കോൺഫ്രൻസ് ഡിസം. 27-30 പത്തനാപുരം മൗ് താബോർ ദയറായിൽ നടത്തുന്നു. ഡോ. ഗീവർഗീസ് മാർ കൂറിലോസ്, ഫാ. വർഗീസ് വർഗീസ്, ഫാ. കെ. എ. ഏബ്രഹാം, മാത്യു ചെറിയാൻ, മറ്റ് ഭാരവാഹികൾ എന്നിവർ കമ്മറ്റിയംഗങ്ങളായി പ്രവർത്തിക്കുന്നു.

## ശ്രാദ്ധപ്പെരുന്നാൾ

പത്തനാപുരത്ത് കബറടങ്ങിയിരിക്കുന്ന തോമ്മാ മാർ ദീവന്നാസിയോസിന്റെ 39-ാം ഓർമ്മയും സഖറിയാ മാർ ദീവന്നാസ്യോസിന്റെ 14-ാം ഓർമ്മയും പത്തനാപുരം മൗ് താബോർ ദയറായിൽ പെരുന്നാളായി ആചരിച്ചു. ഡിസം. 2,3 ദിവസങ്ങളിൽ പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് വലിയ ബാവാ, പ. ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവാ, സഭയിലെ മെത്രാപ്പോലീത്തന്മാരും പങ്കെടുത്തു.



സൺഡേസ്ക്കൂൾ സെൻട്രൽ സോൺ മത്സരങ്ങളിൽ സമൂഹഗാനം ഒന്നാം സ്ഥാനം നേടിയ സനു, നീനു, ജെബി ടീം. ഓതറ എം.ജി.എം. സൺഡേസ്ക്കൂൾ വിദ്യാർത്ഥികളാണ്.

## അവാർഡ്



ഭാരതീയ ദളിത് സാഹിത്യ അക്കാഡമി അവാർഡിന് അർഹനായ ഫാ. രാജൻ ജോർജ്, തുമ്പമൺ ഭദ്രാസനത്തിൽ സേവനമനുഷ്ഠിക്കുന്നു. ഡിസം. 11-ന് ഡൽഹിയിൽ വച്ച് അവാർഡ് സമ്മാനിക്കുന്നു. റാന്നി ഹോളി ട്രിനിറ്റി ആശ്രമാംഗമാണ്.

## കരസ്ഥമാക്കി



മർത്തമറിയം സമാജം ബൈബിൾ ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ മിനി ജേക്കബ്, കോട്ടപ്പുറം കുന്നത്തുവീട്ടിൽ ഫാ. ഡി. ജേക്കബിന്റെ ഭാര്യയും, ഭദ്രാസന ബസ്ക്യാമോ അസോസിയേഷൻ സെക്രട്ടറിയുമാണ്.

## കരസ്ഥമാക്കി



എം.ജി.ഒ.സി.എസ്.എം. ഹയർസെക്കറി കലാമേളയിൽ ലളിതഗാനത്തിൽ ഒന്നാം സ്ഥാനം നേടിയ സ്നേഹ എൽസാ ഇടിക്കുള, അങ്കമാലി ഏലൂർ മാർ ഗ്രിഗോറിയോസ് ഇടവകാംഗം. തോട്ടയ്ക്കാട്ട് കോയിക്കേരിൽ ഇടിക്കുള ജേക്കബിന്റെയും നീനാ ഇടിക്കുളയും മകൾ



ഹൈദരാബാദ് യൂണിവേഴ്സിറ്റി മത്സരങ്ങളിൽ ബെസ്റ്റ് സ്പീക്കറായി ബഹുമതി ലഭിച്ച ചിത്ര പി. ജോർജ്, കോഴിക്കോട് ബിലാത്തിക്കുളം സെന്റ് ജോർജ് ഇടവകാംഗവുമായ ഡോ. കെ. എം. ജോർജിന്റെ മകൾ.

# പിൻമൊഴി

## ‘ഒരണ’ നിലപാടും, പുംസവനവും

**1970** കളിലെ സിനിമാ സ്റ്റൈൽ ഓർമ്മകളാണ് ലളിതച്ചേച്ചിയേയും, കരുണാനിധിയേയും ഒക്കെ ഭരിച്ചുകൊണ്ടിരിക്കുന്നത്.വെള്ളിത്തിരയിലെ അണ്ണാച്ചിക്ക് പാലഭിഷേകം നടത്തുന്ന ഒരു ഫാന്റസി സംസ്ക്കാരം തന്നെയല്ലേ ഇപ്പോഴും തമിഴ്നാട്ടിൽ ഇത്രയും പേർ കൊല്ലപ്പെടുമെന്ന് കരഞ്ഞുപറഞ്ഞിട്ടും ചിരിച്ചുകൊണ്ട് ഡാമിന്റെ സംഭരണശേഷി 146 അടി ആക്കണമെന്ന് പറയുന്ന ലളിതകുമാരിക്ക് അഹന്തയല്ലെങ്കിൽ വിവരദോഷത്തിന്റെ പരമകോടിയാണ്.

ഡാം 999 നിരോധിച്ച തമിഴ്നാട് ഭരണാധികാരികൾ രണ്ട് കാര്യങ്ങൾ ചെയ്തിരിക്കുന്നു.

1. തമിഴ്നാട് വാസികളിൽ ആകാംക്ഷയുണർത്തി നെറ്റിലൂടെയും വളഞ്ഞവഴികളിലൂടെയും പടം കാണാൻ പ്രേരിപ്പിച്ചു.

2. ഡാം 999 കണ്ടാൽ തമിഴ് മക്കൾ തമിഴ്നാടിന്റെ നിലപാടുകൾക്ക് എതിരാകുമെന്ന് പ്രഖ്യാപിച്ചുവച്ചു.

കൊളോണിയൽ കാലത്തിൽ ഉരുക്കുകോട്ടകളായിരുന്ന എല്ലാ സുർക്കാമിശ്രിത ഡാമുകളും ഡി-കമ്മീഷൻ ചെയ്തു കഴിഞ്ഞു, മുല്ലപ്പെരിയാർ ഒഴികെ. ബ്രിട്ടീഷ് നിർമ്മിതി ആയതുകൊണ്ടാണ് ഇത്രയെങ്കിലും ബലം. ജനാധിപത്യ വ്യവസ്ഥിതിയിലെ ചുവപ്പു നാടകളിലൂടെ അഴിമതിക്കാരിലൂടെ കെട്ടിപ്പൊക്കുന്നതിന് ആയുസ്സ് എത്രയുണ്ടാകുമെന്ന് കണ്ടറിയണം.

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ തൊട്ടുതാഴെ കൊട്ടാരസദൃശ്യമായ വീടുപണിത് ജയലളിതയെയും കരുണാനിധിയെയും വൈക്കോയേയുമൊക്കെ അവിടെ സ്ഥിരമായി പാർപ്പിക്കണം. അവരുടെ നെഞ്ചിടിപ്പുകൊണ്ട് ഡാം തകരരുതെന്ന് മുന്നറിയിപ്പ് നൽകുകയും വേണം.

ഒരണ വിലയില്ലാത്ത ഒരു നിലപാടായിപ്പോയി തമിഴ് നേതാക്കളുടേത്.

* * * *




ആരുമറിയാത്തൊരു ശുഭനിമിഷത്തിൽ സർവ്വശക്തൻ മാതൃഗർഭത്തിൽ ഒരു ജീവന്റെ തുടിപ്പ് നിക്ഷേപിക്കുന്നു. ഒളിക്കപ്പെട്ട നിധിയായി.

ജനറേഷൻ എന്ന പടപണ്ടാരൻ ചക്രങ്ങൾ ഉള്ളിലേന്തി നടന്നും, കിടന്നും, കഠിനാധ്വാനം ചെയ്തും, കാലത്തിലേക്കെത്തുന്ന മഹിതമഹിളകൾ (തകഴിയെ അമ്മ പുറം പണിയ്ക്കിടെ പെറ്റിട്ടതാണെന്നൊരു ചരിത്രം കൂടി വായിച്ചിട്ടുണ്ട്.)

ഗർഭം, അതു പേറുന്നവർക്ക് ഗർഭധാരണം, ഭർത്താവിന് ഗർഭദീക്ഷ, അകത്തെപ്പിള്ള ഗർഭശ്രീമാൻ, മേൽവിചാരികയ്ക്ക് ഗർഭിണ്യവേക്ഷണം (സൂതികർമ്മം). ഇത്രയും മതി.

ഇതിനപ്പുറം ഗർഭചിഹ്നം (ലക്ഷണം), പിണ്ഡാകാരത്തിന്റെ ലിംഗഭേദം, ഗർഭപാത സാധ്യത (പതിച്ചുപോകൽ), ഗർഭാശ (വ്യാക്കൂൺ എന്ന് ശുദ്ധ മലയാളത്തിലും യാക്കം എന്ന് കൊളോക്കിയലും) തുടങ്ങിയവയെപ്പറ്റി അനാവശ്യമായ ചില ആശങ്കകൾ മനഃപൂർവ്വമുണ്ടാകണമെന്ന് ചിലർക്ക് മോഹം. പത്രവും ടി.വിയും ശ്രദ്ധിക്കുമ്പോൾ നിങ്ങൾ ഇതൊക്കെ അറിഞ്ഞേ മതിയാകൂ. എന്നൊരു ഒളിവാചകം ഇല്ലേ?.

രഘുപതിരാഘവ രാജാറാം പാടുന്ന കോടികളിൽ ഗോതമ്പു പാടത്തിനരികെ ചെറ്റക്കുടിലുകളിൽ ഉണക്കറൊട്ടി കഴിച്ചുവളരുന്ന ഭാരത സ്ത്രീകളുടെ നിറവയറിനോളം ഐശ്വര്യറായി വരുമോ. റാംപുകളിൽ സ്ത്രീത്വത്തിന്റെ പ്രദർശനപരതയ്ക്ക് ഒന്നാം സ്ഥാനം നേടിയ ഒരാളുടെ സ്വകാര്യ ജീവിതനിമിഷങ്ങൾ റ്റിവിയിൽ പ്രൈം ടൈമുകളിൽ ചർച്ച ചെയ്തിട്ട് ആർക്കു ഫലം?

സെലിബ്രിറ്റികളുടെ മക്കളേയും സെലിബ്രിറ്റികളായി വളർത്തുന്ന ഒരു നീച സംസ്ക്കാരത്തിന് നല്ല തുടക്കമായി. ഷാരൂക്കും, മകളെക്കുറിച്ച് ടിറ്ററിൽ കുറിപ്പെഴുതിത്തുടങ്ങിയത്രെ! ബച്ചന് ഇപ്പോൾ കൊച്ചുമകൾ വിശേഷണമാണ് ടിറ്ററിൽ വർണ്ണിക്കുന്നത്. ഇനി മക്കൾ രാഷ്ട്രീയത്തെക്കുറിച്ച് ആരെങ്കിലും മിണ്ടിയാൽ നോക്കിക്കോ?.

ഏതായാലും ഐശ്വര്യാറായിയുടെ പുംസവനം (പുളികുടി എന്നർത്ഥം, ഷോഡജ സംസ്ക്കാരങ്ങളിലൊന്ന്) പോലും ആഘോഷിച്ചു കളഞ്ഞ ജനാധിപത്യത്തിന്റെ നാലാം തൂണുകൾക്ക് ഹൃദയപൂർവ്വം ഒരു റീത്ത്.

* * * *


*പിൻവാ(ങ്ങ)ൽ: ഡാം പണി ഉടനെയുണ്ടാകുമെന്നറിഞ്ഞ് കൊച്ചു കൺട്രാക്കായ ഇഞ്ചപ്പാറ കുഞ്ചാക്കോ വരെ രണ്ട് സിമന്റ് ചട്ടി വാങ്ങി വച്ചുവത്രേ, വേണമെങ്കിൽ ഒരു കൈ നോക്കാമല്ലോ. ഉമ്മൻചാണ്ടി സാർ നമ്മുടെ ആളല്ലേ.*

*- ഫാ. മുകളിൽ*


വാകത്താനം സെന്റ് ജോൺസ് വലിയപള്ളി
കൂദാശയുടെ നിറവിലേക്ക്
കൂദാശ: 2012 ജനുവരി 8, 9 തീയതികളിൽ

THE MALANKARA SABHA,
CATHOLICATE OFFICE, KOTTAYAM-686 038

*Licence No. 475, 11th April 1946. Registered No.KL/CR/KTM/ 236/2009-11*
*Licence No. KL/CR/KTM/WPP-24/2009-11.*
*Licenced to Post Without Pre-payment*




PRINTED AND PUBLISHED BY FR. T.A. EDAYADI FOR ORTHODOX VISWASA PARIPALANA SAMITHY, KOTTAYAM.
PRINTED AT MAYUR PRINTERS, KOTTAYAM FOR CATHOLICATE PRESS KOTTAYAM-38; CHIEF EDITOR DR. ZACHARIAH MAR APREM RS. 15/-